കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ -9) വകുപ്പ്

# മഞ്ചേരി മെഡിക്കൽ കോളേജ് ഔട്ട്സോഴ്സ് ചെയ്ത തസ്തികകളുടെ അനിവാര്യത






## പ്രവൃത്തിപഠന റിപ്പോർട്ട്

2026

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ. 9) വകുപ്പ്

# മഞ്ചേരി മെഡിക്കൽ കോളേജ് -
# ഔട്ട്സോഴ്സ് ചെയ്ത
# തസ്തികകളുടെ അനിവാര്യത

പ്രവൃത്തിപഠന റിപ്പോർട്ട്

2026

# മഞ്ചേരി മെഡിക്കൽ കോളേജ് -
# ഔട്ട്സോഴ്സ് ചെയ്ത തസ്തികകളുടെ അനിവാര്യത-
# പ്രവൃത്തിപഠന റിപ്പോർട്ട്

| | | |
|---|---|---|
| തയ്യാറാക്കിയത് | : | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ. 9) വകുപ്പ് |
| സംഘാംഗങ്ങൾ | : | 1. ശ്രീ. ശ്രീജിത്ത്.പി, സെക്ഷൻ ഓഫീസർ |
| | : | 2.ശ്രീ.ശരത്കുമാർ.എസ്, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ |
| | : | 3. ശ്രീ.പ്രദീപ് റ്റി.ജി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ |
| നേതൃത്വം നൽകിയത് | : | ശ്രീ.പ്രവീൺകുമാർ റ്റി.എസ്, ജോയിന്റ് സെക്രട്ടറി |
| | : | ശ്രീ.മനുലാൽ ബി.എസ്, അണ്ടർ സെക്രട്ടറി |
| അംഗീകാരം നൽകിയത് | : | ഡോ. രാജൻ എൻ ഖോബ്രഗഡെ ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി |

# ഉള്ളടക്കം


| അധ്യായം | ശീർഷകം | പേജ് |
|---|---|---|
| 1 | ആമുഖം | 1 - 2 |
| 2 | രീതിശാസ്ത്രം | 3 - 5 |
| 3 | മഞ്ചേരി മെഡിക്കൽ കോളേജ് - സംഘടനാ അപഗ്രഥനവും വസ്തുതകളും | 6 - 37 |
| 4 | ഔട്ട്സോഴ്സ് ചെയ്ത തസ്തികകളുടെ അനിവാര്യത - വസ്തുതകളും അപഗ്രഥനവും | 38 - 72 |
| 5 | വിവിധ വകുപ്പ് തലവന്മാർ സമർപ്പിച്ച പ്രൊപ്പോസലുകൾ | 73 - 93 |
| 6 | പൊതു ശിപാർശകൾ | 94 - 95 |
| 7 | പ്രധാന ശിപാർശകൾ | 96 - 97 |
| 8 | അധിക തസ്തികകൾ സൃഷ്ടിക്കൽ - സാമ്പത്തിക ബാധ്യതയും പ്രാധാന്യവും | 98 - 105 |
| | കൃതജ്ഞത | |
| | അനുബന്ധ സൂചിക | |

# അധ്യായം - 1
# ആമുഖം

## മഞ്ചേരി മെഡിക്കൽ കോളേജ്

**1.1** സംസ്ഥാനത്ത് കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന് കീഴിൽ അഫിലിയേറ്റ് ചെയ്ത ആറാമത് ഗവൺമെന്റ് മെഡിക്കൽ കോളേജാണ് മഞ്ചേരി മെഡിക്കൽ കോളേജ്. മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ നിലവിലുണ്ടായിരുന്ന ജനറൽ ആശുപത്രിയെ അപ്ഗ്രേഡ് ചെയ്ത് 2013-ലാണ് മെഡിക്കൽ കോളേജ് രൂപീകരിച്ചത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള ഈ മെഡിക്കൽ കോളേജിൽ മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യം എന്നീ രണ്ട് വകപ്പുകളിലേയും ജീവനക്കാർ ജോലി ചെയ്യുന്നതിനാൽ ദ്വിനിയന്ത്രണ ഭരണ സംവിധാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഇത്തരത്തിലെ ദ്വിഭരണസമ്പ്രദായം ഭരണപരമായ ഒട്ടേറെ പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ജില്ലാ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം നിലവിലുള്ള പരിമിതമായ ജീവനക്കാരെ വച്ചാണ് മെഡിക്കൽ കോളേജ് പ്രവർത്തിച്ച് വരുന്നത്. ഔട്ട്സോഴ്സ് ചെയ്ത തസ്തികകളിൽ കരാർ/ദിവസവേതനാടിസ്ഥാനത്തിലും ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്.

## പ്രവൃത്തിപഠനത്തിന്റെ ഉത്ഭവം

**1.2** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിൽ കരാർ/ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഔട്ട്സോഴ്സ് ചെയ്ത ജീവനക്കാരെ നിലനിർത്തുന്നതിന്റെ ആവശ്യകത സംബന്ധിച്ച ഫയൽ (HEALTH-K3/177/2019-HEALTH) വർക്ക് സ്റ്റഡി നടത്തുന്നതിനായി ബഹു. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ 19.03.2020-ലെ ഉത്തരവ് പ്രകാരം ആരോഗ്യ കുടുംബക്ഷേമ (കെ) വകുപ്പിൽ നിന്നും പ്രവൃത്തിപഠനവുമായി ബന്ധപ്പെട്ട നോഡൽ സെക്ഷനായ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.-6) വകുപ്പിന് കൈമാറിയിരുന്നു. ഈ വിഷയം സംബന്ധിച്ച് പ്രവൃത്തിപഠനം നടത്തി, ശുപാർശ സമർപ്പിക്കണമെന്ന നിർദ്ദേശവുമായി ഉദ്യോഗസ്ഥ

ഭരണപരിഷ്കാര (എ.ആർ-6) വകുപ്പിൽ നിന്നും 21.04.2025 -ലെ എ.ആർ.6-1/4/2025-ഉ.ഭ.പ.വ. നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-9) വകുപ്പിന് പ്രസ്തുത ഫയൽ കൈമാറ്റം ചെയ്യുകയുണ്ടായി.

**1.3** പ്രവൃത്തിപഠനത്തിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ 27.09.2025 -ന് രാവിലെ 11.00 മണിയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥരുമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.-9) വകുപ്പിലെ അണ്ടർ സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രവൃത്തിപഠന സംഘാംഗങ്ങൾ പ്രാഥമിക ചർച്ച നടത്തുകയും തുടർന്ന് 2025 ഒക്ടോബർ മാസം 28 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ മഞ്ചേരി മെഡിക്കൽ കോളേജ് സന്ദർശിച്ച് പ്രവൃത്തിപഠനത്തിനാവശ്യമായ ഔട്ട്സോഴ്സ് ചെയ്ത തസ്തികകളെ സംബന്ധിച്ച വിവരശേഖരണം നടത്തുകയുമുണ്ടായി.

**1.4** മെഡിക്കൽ കോളേജ് നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ഗുണഭോക്താക്കൾ/ രോഗികൾ ഉൾപ്പെടെയുള്ള പൊതുസമൂഹത്തിന് അനുഭവവേദ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ് ഈ പ്രവൃത്തിപഠനത്തിലൂടെ ലക്ഷ്യമിടുന്നത്. പഠനത്തിലെ കണ്ടെത്തലുകൾ തുടർന്നുള്ള അധ്യായങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രവൃത്തിപഠനം നടത്തുന്നതിനായി അവലംബിച്ച രീതിശാസ്ത്രം അധ്യായം 2-ലും മഞ്ചേരി മെഡിക്കൽ കോളേജിന്റെ സംഘടനാ അപഗ്രഥനവും വസ്തുതകളും അധ്യായം 3-ലും ഔട്ട്സോഴ്സ് ചെയ്ത തസ്തികകളുടെ അനിവാര്യതയുമായി ബന്ധപ്പെട്ട വസ്തുതകളും അവയുടെ അപഗ്രഥനവും അധ്യായം 4-ലും വിവിധ വകുപ്പ് തലവന്മാർ സമർപ്പിച്ച പ്രപ്പോസലുകളുടെ വിശദാംശങ്ങൾ അധ്യായം 5-ലും പൊതു ശിപാർശകൾ അധ്യായം 6-ലും പ്രവൃത്തിപഠനവുമായി ബന്ധപ്പെട്ട പ്രധാന ശിപാർശകൾ അധ്യായം 7-ലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെയുണ്ടാകുന്ന സാമ്പത്തിക ബാധ്യത, തസ്തികകൾ സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ച് അധ്യായം 8 -ലും വിശദമാക്കിയിട്ടുണ്ട്.

# അധ്യായം - 2
# രീതിശാസ്ത്രം

**2.1** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ, മഞ്ചേരി മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി പഠനസംഘം നടത്തിയ ചർച്ചയിൽ നിന്നും മനസ്സിലാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ ഒരു പ്രവൃത്തിപഠനം നടത്തുകയുണ്ടായി.. ഇതിനായി പ്രവൃത്തിപഠനത്തിന്റെ അടിസ്ഥാന തത്വങ്ങളായ സംഘടനാ അപഗ്രഥനം (Organisation Analysis), മാർഗ്ഗ പഠനം (Method study), ജോലിഭാര നിർണയം (Work Measurement) എന്നിവ അവലംബിക്കുകയുണ്ടായി.

**2.2** പ്രവൃത്തിപഠനത്തോടനുബന്ധിച്ചുള്ള വിവരശേഖരണത്തിനായി തിരുവനന്തപുരത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം സന്ദർശിച്ച് മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം, ചുമതലകളും ഉത്തരവാദിത്തങ്ങളും, ജീവനക്കാരുടെ എണ്ണം എന്നിവയെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ശേഖരിച്ചു. 2024-2025 സാമ്പത്തിക വർഷമാണ് ഈ പ്രവൃത്തിപഠനത്തിന്റെ വിവരശേഖരണത്തിനുള്ള അടിസ്ഥാന വർഷമായി തെരഞ്ഞെടുത്തത്. ഈ പഠനത്തിനായി പ്രാഥമിക സ്ഥിതി വിവരങ്ങളും (Primary Data), ദ്വിതീയ സ്ഥിതിവിവരങ്ങളും (Secondary Data) ഉപയോഗിക്കുകയുണ്ടായി. വിവര ശേഖരണത്തിനായി Observation, listening & questioning എന്നീ സങ്കേതങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

**2.3** മെഡിക്കൽ കോളേജിന്റെ പ്രവർത്തനം നേരിട്ട് വിലയിരുത്തിയും കോളേജിലെ പ്രിൻസിപ്പൽ, വിവിധ വകുപ്പ് തലവൻമാർ, ഓഫീസ് ജീവനക്കാർ എന്നിവരുമായി വിശദമായി ചർച്ചകൾ നടത്തിയുമാണ് പ്രാഥമിക സ്ഥിതിവിവരങ്ങൾ തയ്യാറാക്കിയത്. ഇതിനായി കോളേജിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, വിവിധ

പ്രവർത്തനങ്ങൾ, നിലവിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു.

**2.4** ദ്വിതീയ വിവരങ്ങൾക്കായി വെബ്സൈറ്റ്, പ്രവർത്തന റിപ്പോർട്ട്, വാർഷിക വരവ് ചെലവ് കണക്കുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. പ്രവൃത്തിപഠനത്തിന്റെ ഭാഗമായി ഭരണ വിഭാഗം ജീവനക്കാരുടെ ജോലിഭാരവും നിർണയിച്ചിട്ടുണ്ട്. ഓരോ ജോലിയും ചെയ്യുന്നതിനാവശ്യമായ സമയം കണ്ടെത്തുകയും അത് ആകെ ജോലിയുമായി ബന്ധപ്പെടുത്തി ജീവനക്കാരുടെ ജോലിഭാരം നിർണയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഫയൽ ജോലികൾക്കും സാധാരണ ജോലികൾക്കും (Routine Works) ഒപ്പം Personal & Fatigue Allowance ആയി 15% അധിക സമയം കൂടി അനുവദിച്ച് ഒരു സർക്കാർ ജീവനക്കാരൻ ഒരു വർഷം 1700 മണിക്കൂർ ജോലി ചെയ്യണമെന്ന തത്വം അടിസ്ഥാനമാക്കി മനുഷ്യപ്രയത്ന സൂചിക (Manpower Index) കണ്ടെത്തുകയും ആവശ്യമായ മനുഷ്യവിഭവശേഷി നിർണയിക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചത്. മനുഷ്യപ്രയത്ന സൂചികയിൽ '0.3' മുതൽ മുകളിലേക്കുള്ള അംശങ്ങളെ തൊട്ടുമുകളിലുള്ള പൂർണസംഖ്യയായി നിർണയിക്കുകയും '0.3' നേക്കാൾ കുറഞ്ഞ അംശങ്ങളെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം മിനിസ്റ്റീരിയൽ ജീവനക്കാരുടെ മനുഷ്യവിഭവശേഷി നിർണയിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

**2.5** ഈ മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിൽ താത്കാലികമായി വിന്യസിച്ചിട്ടുള്ള ജീവനക്കാർ ഓരോ ജോലിയും ചെയ്യുന്നതിന് നിലവിൽ പിന്തുടർന്നു വരുന്ന രീതികൾ പരിശോധിക്കുകയും ആവശ്യമെന്ന് ബോധ്യപ്പെട്ട സന്ദർഭങ്ങളിൽ അവ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**2.6** വകുപ്പിന്റെ ഘടനയും നൽകപ്പെട്ടിട്ടുള്ള ചുമതലകളും സ്ഥാപിത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് അനുയോജ്യമായ തരത്തിലാണോ എന്ന കാര്യത്തിൽ വിശകലനം നടത്തുകയും വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ശിപാർശകളും പഠനസംഘം നൽകിയിട്ടുണ്ട്. ഔട്ട്സോഴ്സ് ചെയ്ത തസ്തികകളുടെ

അനിവാര്യത പരിശോധിക്കുന്നതിനും നിലവിലുള്ള മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് വകുപ്പിനെ ശാക്തീകരിക്കുന്നതിനുമാണ് പഠനസംഘം ഊന്നൽ നൽകിയിട്ടുള്ളത്. മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ അപര്യാപ്തത ചൂണ്ടിക്കാട്ടി സുഗമമായ പ്രവർത്തനത്തിനായി വിവിധ വിഭാഗങ്ങളിലെ വകുപ്പ് തലവന്മാർ സമർപ്പിച്ച പ്രപ്പോസലുകളിൽ ഏറ്റവും അനിവാര്യമെന്ന് പ്രിൻസിപ്പൽ ശിപാർശ ചെയ്ത തസ്തികകൾ സംബന്ധിച്ച വിവരവും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2.7** ഈ പ്രവൃത്തിപഠനത്തിന്റെ ഭാഗമായി ഓരോ തസ്തികയുടെയും സ്ഥാനപരമായ സാംഗത്യവും (Positional Significance) പരിശോധിക്കുകയുണ്ടായി. ഒരോ തസ്തികയിലും നിക്ഷിപ്തമായ ചുമതലകൾ ആ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ നിർവഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ആയത് ഉറപ്പുവരുത്തുന്നതിനുള്ള നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

# അധ്യായം -3
# മഞ്ചേരി മെഡിക്കൽ കോളേജ് -
# സംഘടനാ അപഗ്രഥനവും വസ്തുതകളും

## മെഡിക്കൽ കോളേജിന്റെ രൂപീകരണം

**3.1** ഗവൺമെന്റ് സെക്ടറിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനായി 25.08.2011-ലെ സ.ഉ (സാധാ) 3068/2011/ആകുവ നമ്പർ ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിരുന്നു. തുടർന്ന് 24.03.2012-ലെ സ.ഉ (കൈ) 98/2012/ആകുവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നാല് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കോഴഞ്ചേരി (പത്തനംതിട്ട), ഇടുക്കി, ബദിയടുക്ക (കാസർഗോഡ്) എന്നീ സ്ഥലങ്ങൾക്കൊപ്പം മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ ഭരണാനുമതി നൽകുകയുണ്ടായി. മെഡിക്കൽ കോളേജ് രൂപീകരണത്തിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർ കൈമാറിയ റിപ്പോർട്ട് പരിശോധിച്ച ശേഷം 02.06.2012-ലെ സ.ഉ (കൈ) 166/2012/ആകുവ നമ്പർ ഉത്തരവ് പ്രകാരം കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം ജില്ലാ ആശുപത്രിയ്ക്ക് സമീപത്തായുള്ള 6 ഏക്കർ ഭൂമി negotiated വിലയ്ക്ക് അക്വയർ ചെയ്ത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കൈമാറുന്നതിനായി മലപ്പുറം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

**3.2** 2010-വരെ ജില്ലാ ആശുപത്രിയായും തുടർന്ന് ജനറൽ ആശുപത്രിയായും പ്രവർത്തിച്ചുവരുകയും തുടർന്ന് പ്രസ്തുത ജനറൽ ആശുപത്രിയെ അപ്ഗ്രേഡ് ചെയ്തുമാണ് 2013-ൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിച്ചത്. തുടർന്ന് 17.06.2014-ലെ സ.ഉ (സാധാ) 1999/2014/ആകുവ നമ്പർ ഉത്തരവ് പ്രകാരം മഞ്ചേരി ജനറൽ ആശുപത്രിയെ സർക്കാർ മെഡിക്കൽ കോളേജ് എന്ന് നാമകരണം ചെയ്യുകയും ജനറൽ ആശുപത്രിയുടെ സ്ഥലവും കെട്ടിടവും മെഡിക്കൽ കോളേജിന്റെ ഭാഗമാക്കുകയും ആരോഗ്യ വകുപ്പിലെ ജീവനക്കാരെ ഡീംഡ് ഡെപ്യൂട്ടേഷൻ സ്റ്റാറ്റസിൽ

നിലനിർത്തുകയും ചെയ്തു. 2014 മുതൽ ഈ സ്ഥാപനം പൂർണ്ണമായും മെഡിക്കൽ കോളേജ് ആശുപത്രിയായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. നിലവിൽ പ്രതിദിനം ശരാശരി 2962 ഒ.പി-കളും 458 ഐ.പി.കളും ഈ മെഡിക്കൽ കോളേജിൽ നിലവിലുണ്ട്.

## ഓർഗാനോഗ്രാം (ഘടന)

**3.3** മെഡിക്കൽ കോളേജിന്റെ തലവൻ പ്രിൻസിപ്പലാണ്. പ്രിൻസിപ്പലിന് കീഴിലായി അക്കാദമിക്, ഹോസ്പിറ്റൽ, അഡ്മിനിസ്ട്രേഷൻ, ലൈബ്രറി എന്നീ വിഭാഗങ്ങളിലായി ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്.

**3.4** അക്കാദമിക് വിഭാഗത്തിൽ വൈസ് പ്രിൻസിപ്പൽ, പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, ട്യൂട്ടർ/ഡെമോൺസ്ട്രേറ്റർ, സീനിയർ റസിഡന്റ്, ജൂനിയർ റസിഡന്റ് എന്നീ തസ്തികകളിൽ ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു. ഇവ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തസ്തികകളാണ്.

**3.5** ഹോസ്പിറ്റൽ വിഭാഗത്തിൽ മെഡിക്കൽ സൂപ്രണ്ട്, സെക്യൂരിറ്റി അസിസ്റ്റന്റ് ഗ്രേഡ്-II, EEG ടെക്നീഷ്യൻ ഗ്രേഡ്-II, ടെക്നീഷ്യൻ ഗ്രേഡ്-II, അറ്റൻഡന്റ്, ലാബ് ടെക്നീഷ്യൻ, റേഡിയോഗ്രാഫർ, മെക്കാനിക്ക്, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ, അനസ്തേഷ്യാ ടെക്നീഷ്യൻ ഗ്രേഡ്-II, സെക്യൂരിറ്റി അസിസ്റ്റന്റ്, പ്യൂൺ/അറ്റൻഡർ ഗ്രേഡ്-III, ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, മോർച്ചറി ടെക്നീഷ്യൻ, ഹെൽത്ത് എഡ്യൂക്കേറ്റർ, തീയറ്റർ ടെക്നീഷ്യൻ, സയന്റിഫിക് അസിസ്റ്റന്റ് (ഫിസിയോതെറാപ്പി), റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ (ഓർത്തോട്ടിക്സ് & പ്രോസ്തറ്റിക്സ്), CSR ടെക്നീഷ്യൻ, ആർട്ടിസ്റ്റ്, മെഡിക്കൽ റെക്കോർഡ് സൂപ്രണ്ട്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II, തീയറ്റർ മെക്കാനിക്, ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) എന്നിങ്ങനെ 26 വിവിധ കാറ്റഗറികളിലായി ജീവനക്കാർ നിലവിലുണ്ട്. ഇവ ആരോഗ്യ വകുപ്പിന് കീഴിലുള്ള തസ്തികകളാണ്. ഈ തസ്തികകൾ ഡീംഡ് ഡെപ്യൂട്ടേഷൻ സ്റ്റാറ്റസിലാണ് പ്രവർത്തിച്ചുവരുന്നത്.

**3.6** ഭരണവിഭാഗത്തിൽ പ്രിൻസിപ്പലിനെ സഹായിക്കുന്നതിനായി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക നിലവിലുണ്ട്. സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥരെയാണ് ഈ തസ്തികയിൽ നിയമിക്കുന്നത്. ഈ തസ്തികയ്ക്ക് പുറമേ അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നീ മിനിസ്റ്റീരിയൽ വിഭാഗത്തിലെ സൂപ്പർവൈസറി തസ്തികകളും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, സീനിയർ ക്ലർക്ക്, ക്ലർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളും നിലവിലുണ്ട്.

**3.7** ലൈബ്രറി വിഭാഗത്തിൽ ലൈബ്രേറിയൻ ഗ്രേഡ് - II/III, ലൈബ്രറി അറ്റൻഡർ ഗ്രേഡ് - IV എന്നീ തസ്തികകൾ നിലവിലുണ്ട്.

## <u>നിലവിലുള്ള തസ്തികകൾ</u>

**3.8** മഞ്ചേരി മെഡിക്കൽ കോളേജിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലായി ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികകളിലായി 271 തസ്തികകൾ നിലവിലുണ്ട്. ഇവയിൽ 231 സ്ഥിരം തസ്തികകളും 40 ഔട്ട്സോഴ്സ് ചെയ്ത തസ്തികകളും ഉൾപ്പെടുന്നു. ഇവയിൽ 9 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലായി നിലവിലുള്ള തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | ഔട്ട്സോഴ്സ് ചെയ്ത തസ്തികകളുടെ എണ്ണം | നിലവിലുള്ള ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രിൻസിപ്പൽ | 1 | - | - |
| 2 | വൈസ് പ്രിൻസിപ്പൽ | 1 | - | - |
| 3 | പ്രൊഫസർ | 15 | - | - |
| 4 | അസോസിയേറ്റ് പ്രൊഫസർ | 16 | - | - |

| | | | | |
|---|---|---|---|---|
| 5 | അസിസ്റ്റന്റ് പ്രൊഫസർ | 36 | - | - |
| 6 | അസിസ്റ്റന്റ് പ്രൊഫസർ (ബ്ലഡ് ബാങ്ക്) | 1 | - | - |
| 7 | ട്യൂട്ടർ/ഡെമോൺസ്ട്രേറ്റർ | 24 | - | - |
| 8 | സീനിയർ റസിഡന്റ്/ ജൂനിയർ റസിഡന്റ് | 72 | - | - |
| 9 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | - | - |
| 10 | അക്കൗണ്ട്സ് ഓഫീസർ | 1 | - | - |
| 11 | സീനിയർ സൂപ്രണ്ട് | 1 | - | - |
| 12 | ജൂനിയർ സൂപ്രണ്ട് | 1 | - | - |
| 13 | സീനിയർ ക്ലർക്ക്/ക്ലർക്ക് | 10 | 5 | - |
| 14 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 4 | - | - |
| 15 | ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 | 2 |
| 16 | ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 | - |
| 17 | മോർച്ചറി ടെക്നീഷ്യൻ | 1 | - | - |
| 18 | ഹെൽത്ത് എഡ്യൂക്കേറ്റർ | 1 | - | - |
| 19 | തിയറ്റർ ടെക്നീഷ്യൻ | 3 | - | - |
| 20 | സയന്റിഫിക് അസിസ്റ്റന്റ് (ഫിസിയോതെറാപിസ്റ്റ്) | 1 | - | - |
| 21 | റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ (orthotics) | 1 | - | - |
| 22 | റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ (Prosthetics) | 1 | - | - |
| 23 | CSR ടെക്നീഷ്യൻ | 2 | - | 2 |

| | | | | |
|---|---|---|---|---|
| 24 | മെഡിക്കൽ റെക്കോർഡ് സൂപ്രണ്ട് | 1 | - | - |
| 25 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 1 | - | - |
| 26 | തീയറ്റർ മെക്കാനിക് ഗ്രേഡ് II | 1 | - | - |
| 27 | സ്റ്റോർ കീപ്പർ | 4 | - | - |
| 28 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 8 | 7 | 1 |
| 29 | ECG ടെക്നീഷ്യൻ ഗ്രേഡ് II | 1 | - | 1 |
| 30 | അറ്റൻഡന്റ് | 2 | - | - |
| 31 | അനസ്തേഷ്യ ടെക്നീഷ്യൻ ഗ്രേഡ് II | 1 | - | - |
| 32 | സെക്യൂരിറ്റി അസിസ്റ്റന്റ് ഗ്രേഡ് II | 1 | - | 1 |
| 33 | പ്യൂൺ/അറ്റൻഡർ ഗ്രേഡ് II | 2 | - | - |
| 34 | ലൈബ്രേറിയൻ ഗ്രേഡ് II | 1 | - | - |
| 35 | ലൈബ്രേറിയൻ ഗ്രേഡ് III | 2 | - | - |
| 36 | ലൈബ്രറി അറ്റൻഡർ ഗ്രേഡ് IV | 1 | - | - |
| 37 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 | - | - |
| 39 | ലാബ് അസിസ്റ്റന്റ് | - | 5 | - |
| 40 | ഓഫീസ് അസിസ്റ്റന്റ് | - | 4 | - |
| 41 | ഡ്രൈവർ | - | 1 | - |
| 42 | സോഷ്യൽ വർക്കർ | - | 1 | 1 |
| 43 | റേഡിയോഗ്രാഫർ | 2 | 1 | - |
| 44 | ഡെന്റൽ മെക്കാനിക് | 1 | - | - |

| | | | | |
|---|---|---|---|---|
| 45 | മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 1 | - | - |
| 46 | ലൈബ്രറി അസിസ്റ്റന്റ് | - | 1 | - |
| 47 | ധോബി | - | 5 | - |
| 48 | പവർ ലോൺട്രി അറ്റൻഡന്റ് | - | 5 | - |
| 49 | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | - | 2 | - |
| 50 | കാർപെന്റർ | - | 1 | 1 |
| 51 | ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) | 2 | - | - |
| 52 | ആർട്ടിസ്റ്റ് | 1 | - | - |
| | **ആകെ** | **231** | **40** | **9** |

**3.9** ആരോഗ്യ വകുപ്പിന് കീഴിൽ 48 വിഭാഗങ്ങളിലായി 406 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 374 തസ്തികകൾ ഇപ്പോൾ നിലവിലുണ്ട്. ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയും ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ENT വിഭാഗങ്ങളിലെ ഓരോ കൺസൾട്ടന്റ് തസ്തികകളും, നഴ്സിംഗ് സൂപ്രണ്ടിന്റെ ഒരു തസ്തികയും ഉൾപ്പെടെ 32 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്.

**3.10** മഞ്ചേരി മെഡിക്കൽ കോളേജിൽ ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തികയുടെ പേര് | അംഗീകൃത തസ്തികകളുടെ എണ്ണം | നിലവിലുള്ള തസ്തികകളുടെ എണ്ണം | നിലവിലുള്ള ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| **ഗസറ്റഡ് ജീവനക്കാർ** | | | | |
| 1. | സൂപ്രണ്ട് | 1 | 1 | 0 |
| 2. | ഡെപ്യൂട്ടി സൂപ്രണ്ട് | 1 | 0 | 1 |
| 3. | RMO | 2 | 2 | 0 |
| 4. | ലേ സെക്രട്ടറി & ട്രഷറർ | 1 | 1 | 0 |

| | | | | |
|---|---|---|---|---|
| 5. | സീനിയർ കൺസൾട്ടന്റ് | 1 | 0 | 1 |
| 6. | കൺസൾട്ടന്റ് | 25 | 20 | 5 |
| 7. | ജൂനിയർ കൺസൾട്ടന്റ് | 16 | 16 | 0 |
| 8. | ഡെന്റൽ അസിസ്റ്റന്റ് സർജൻ | 1 | 1 | 0 |
| 9. | ചീഫ് നഴ്സിംഗ് ഓഫീസർ | 1 | 1 | 0 |
| 10. | നഴ്സിംഗ് സൂപ്രണ്ട് | 3 | 2 | 1 |
| 11. | ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് | 1 | 1 | 0 |
| 12. | സ്റ്റോർ സൂപ്രണ്ട് | 1 | 1 | 0 |
| 13. | അസിസ്റ്റന്റ് ലെപ്രസി ഓഫീസർ | 1 | 1 | 0 |
| 14. | ഡിസ്ട്രിക്ട് ഒഫ്താൽമിക് കോ-ഓർഡിനേറ്റർ | 1 | 1 | 0 |
| 15. | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 1 | 1 | 0 |
| 16. | സീനിയർ ഗ്രേഡ് ഒപ്റ്റോമെടിസ്റ്റ് | 1 | 1 | 0 |
| **നോൺ ഗസറ്റഡ് ജീവനക്കാർ** | | | | |
| 17. | ഹെഡ് ക്ലർക്ക് | 1 | 1 | 0 |
| 18. | സീനിയർ ക്ലർക്ക്/ക്ലർക്ക് | 8 | 8 | 0 |
| 19. | എൽ.ഡി/യു.ഡി ടൈപ്പിസ്റ്റ് | 2 | 2 | 0 |
| 20. | ഓഫീസ് അറ്റൻഡന്റ് | 2 | 1 | 1 |
| 21. | ഫിസിയോതെറാപിസ്റ്റ് | 1 | 1 | 0 |
| 22. | സീനിയർ നഴ്സിംഗ് ഓഫീസർ | 32 | 32 | 0 |
| 23. | നഴ്സിംഗ് ഓഫീസർ ഗ്രേഡ് I | 55 | 53 | 2 |
| 24. | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II | 56 | 56 | 0 |
| 25. | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 | 1 | 0 |
| 26. | ഫാർമസിസ്റ്റ് | 8 | 8 | 0 |
| 27. | ലാബ് ടെക്നീഷ്യൻ | 4 | 4 | 0 |
| 28. | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 | 1 | 0 |
| 29. | റേഡിയോഗ്രാഫർ | 2 | 2 | 0 |

| | | | | |
|---|---|---|---|---|
| 30. | ഡെന്റൽ മെക്കാനിക് | 1 | 1 | 0 |
| 31. | ഡെന്റൽ ഹൈജീനിസ്റ്റ് | 1 | 1 | 0 |
| 32. | ഒപ്റ്റോമെട്രിസ്റ്റ് | 3 | 3 | 0 |
| 33. | മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 1 | 1 | 0 |
| 34. | സൈക്യാട്രിക് സോഷ്യൽ വർക്കർ | 1 | 0 | 1 |
| 35. | പബ്ലിക് ഹെൽത്ത് നഴ്സ് | 1 | 0 | 1 |
| 36. | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 2 | 2 | 0 |
| 37. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 1 | 1 | 0 |
| 38. | നഴ്സിംഗ് അസിസ്റ്റന്റ് | 72 | 66 | 6 |
| 39. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 19 | 15 | 4 |
| 40. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 61 | 53 | 8 |
| 41. | ECG ടെക്നീഷ്യൻ | 1 | 1 | 0 |
| 42. | ഡ്രൈവർ | 4 | 3 | 1 |
| 43. | X-Ray അറ്റൻഡർ | 1 | 1 | 0 |
| 44. | ലാബ് അറ്റൻഡർ | 1 | 1 | 0 |
| 45. | MRL അറ്റൻഡർ | 1 | 1 | 0 |
| 46. | പാർട്ട് ടൈം സ്വീപ്പർ | 4 | 4 | 0 |
| | **ആകെ** | **406** | **374** | **32** |

**3.11** ഇത്തരത്തിൽ മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യം എന്നീ രണ്ട് വകുപ്പുകളിലേയും 677 ജീവനക്കാരെ ഉൾപ്പെടുത്തി ദ്വിഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ മെഡിക്കൽ കോളേജിൽ ഭരണപരമായ ഒട്ടേറെ പ്രയാസങ്ങൾ നിലനിൽക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലെ ജില്ലാ ആശുപത്രികളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള പരിമിതമായ ജീവനക്കാരെ വിനിയോഗിച്ചാണ് ഈ

മെഡിക്കൽ കോളേജ് പ്രവർത്തിച്ചുവരുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഒഴിഞ്ഞുകിടക്കുന്ന 9 തസ്തികകളിലും ആരോഗ്യ വകുപ്പിന് കീഴിൽ ഒഴിഞ്ഞുകിടക്കുന്ന 32 തസ്തികകളിലും അടിയന്തരമായി നിയമനം നടത്തേണ്ടതാണ്. ആരോഗ്യ വകുപ്പിലെ ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## താത്കാലിക ജീവനക്കാർ

**3.12** ഈ സ്ഥിരം തസ്തികകൾ കൂടാതെ ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് സൊസൈറ്റിക്ക് (HDS) കീഴിലായി 234 ജീവനക്കാരും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് (KASP) കീഴിലായി 202 ജീവനക്കാരും ഉൾപ്പെടെ മഞ്ചേരി മെഡിക്കൽ കോളേജിൽ 436 താത്കാലിക ജീവനക്കാരും സേവനമനുഷ്ഠിക്കുന്നുണ്ട്. ഇത്തരം ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | ജീവനക്കാരുടെ എണ്ണം | |
|---|---|---|---|
| | | HDS | KASP |
| 1 | സൂപ്പർവൈസർ (സ്റ്റോർ) | 1 | - |
| 2 | അക്കൗണ്ടന്റ് കം ക്ലാർക്ക് | 1 | - |
| 3 | സെക്യൂരിറ്റി സൂപ്പർവൈസർ | 4 | - |
| 4 | ബയോമെഡിക്കൽ ടെക്നീഷ്യൻ | 4 | - |
| 5 | ഹാർഡ്‌വെയർ & നെറ്റ്‌വർക്കിംഗ് ടെക്നീഷ്യൻ | 2 | - |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് (ഇലക്ട്രിക്കൽ) | 1 | - |
| 7 | എ.സി & റഫ്രിജറേഷൻ ടെക്നീഷ്യൻ | 1 | - |
| 8 | ഫിറ്റർ | 1 | - |
| 9 | ഫയർ & സേഫ്റ്റി ടെക്നീഷ്യൻ | 1 | - |
| 10 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 17 | 12 |
| 11 | ലാബ് ടെക്നീഷ്യൻ | 13 | 10 |
| 12 | ജൂനിയർ ലാബ് അസിസ്റ്റന്റ് | 1 | - |
| 13 | ഡയാലിസിസ് ടെക്നീഷ്യൻ | 5 | - |
| 14 | കാർഡിയാക് വാസ്കുലാർ | 3 | - |

| | | | |
|---|---|---|---|
| | ടെക്നീഷ്യൻ | | |
| 15 | സീനിയർ കാത്ത് ലാബ് ടെക്നീഷ്യൻ | 1 | - |
| 16 | ജൂനിയർ കാത്ത് ലാബ് ടെക്നീഷ്യൻ | 1 | - |
| 17 | സീനിയർ ഓഡിയോളജിസ്റ്റ് | 1 | - |
| 18 | ഓഡിയോളജിസ്റ്റ് | 1 | - |
| 19 | റേഡിയോഗ്രാഫർ | 8 | 8 |
| 20 | ECG ടെക്നീഷ്യൻ | 3 | 5 |
| 21 | റെസ്പിറേറ്ററി ടെക്നീഷ്യൻ | 1 | - |
| 22 | ന്യൂറോ ടെക്നീഷ്യൻ | 1 | - |
| 23 | ഫാർമസിസ്റ്റ് | 10 | 10 |
| 24 | അനസ്തേഷ്യ ടെക്നീഷ്യൻ | 4 | - |
| 25 | തീയറ്റർ മെക്കാനിക് | 2 | - |
| 26 | ഇലക്ട്രീഷ്യൻ | 4 | - |
| 27 | ലോൺട്രി ഓപ്പറേറ്റർ | 1 | - |
| 28 | രജിസ്ട്രേഷൻ കൗണ്ടർ അറ്റൻഡർ | 2 | - |
| 29 | പമ്പ് ഓപ്പറേറ്റർ / പ്ലംബർ | 3 | - |
| 30 | പ്ലംബർ | 2 | - |
| 31 | CSSD ടെക്നീഷ്യൻ | 1 | - |
| 32 | ഫ്ലെബോട്ടമിസ്റ്റ് | 1 | - |
| 33 | ഫിസിയോതെറാപ്പിസ്റ്റ് | 2 | - |
| 34 | ക്ലീനിംഗ് സ്റ്റാഫ് | 20 | 43 |
| 35 | നഴ്സിംഗ് അസിസ്റ്റന്റ് | 12 | 33 |
| 36 | സെക്യൂരിറ്റി സ്റ്റാഫ് | 34 | - |
| 37 | സെക്യൂരിറ്റി സ്റ്റാഫ് (എക്സ്- സർവ്വീസ്) | 5 | - |
| 38 | സ്റ്റാഫ് നഴ്സ് | 59 | 73 |
| 39 | കാത് ലാബ് സ്റ്റാഫ് നഴ്സ് | - | 4 |
| 40 | ലിഫ്റ്റ് ഓപ്പറേറ്റർ | - | 2 |
| 41 | RSBY അറ്റൻഡർ | - | 2 |
| | **ആകെ** | **234** | **202** |

## തസ്തികകളുടെ രൂപീകരണം

**3.13** മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി 02.02.2013-ലെ സ.ഉ (കൈ) 30/2013/ആകുവ നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള 21 വിഭാഗങ്ങളിലായി 108 തസ്തികകളും 17.12.2013-ലെ സ.ഉ (കൈ) 487/2013/ആകുവ നമ്പർ ഉത്തരവ് പ്രകാരം 33 വിഭാഗങ്ങളിലായി 107 തസ്തികകളും ഔട്ട് സോഴ്സ് ചെയ്ത് നിയമനം നടത്തുന്നതിനായി 40 തസ്തികകളും സൃഷ്ടിച്ചു. 17.12.2013-ലെ ഉത്തരവ് പ്രകാരം തൊട്ടടുത്ത വെറ്ററിനറി ആശുപത്രിയിൽ അറ്റാച്ച് ചെയ്യുന്നതിനായി സൃഷ്ടിച്ച വെറ്ററിനറി ഓഫീസർ, അനിമൽ കീപ്പർ എന്നീ രണ്ട് തസ്തികകൾ നാളിതുവരെ സൃഷ്ടിച്ചിട്ടില്ല. മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മെഡിക്കൽ കോളേജിന് തൊട്ടടുത്തായി പ്രവർത്തിക്കുന്ന വെറ്ററിനറി ആശുപത്രിയിൽ സമാന തസ്തികകൾ സൃഷ്ടിക്കുകയോ നിയമനം നൽകുകയോ ചെയ്തിട്ടില്ല.

**3.14** 15.11.2013-ലെ സ.ഉ (കൈ) 441/2013/ആകുവ നമ്പർ ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഒരു തസ്തിക സൃഷ്ടിക്കുകയുണ്ടായി. പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി കേഡറിൽ നിന്നുള്ള ഉദ്യോഗസ്ഥനെയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഈ തസ്തികയിൽ നിയമിച്ചുവരുന്നത്.

**3.15** 2013-ൽ തന്നെ MBBS അഡ്മിഷൻ ആരംഭിക്കുന്നതിനുള്ള അനുമതിപത്രം ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നൽകിയിരുന്നതിനാലും ഈ കോഴ്സ് ആരംഭിക്കുന്നതിന് 'ആർട്ടിസ്റ്റ്' എന്ന തസ്തിക അനിവാര്യമായതിനാലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിലവിലുള്ള രണ്ട് ആർട്ടിസ്റ്റ് തസ്തികകളിൽ നിന്നും ഒരെണ്ണം സർക്കാർ അനുമതി സഹിതം 30.07.2013-ലെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ E3/30296/2011/DME നമ്പർ നടപടിക്രമത്തിലൂടെ മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് താത്കാലികമായി ഷിഫ്റ്റ് ചെയ്തിട്ടുണ്ട്.

**3.16** 15.06.2019-ലെ സ.ഉ (കൈ) 81/2019/ആകുവ നമ്പർ ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II, മെഡിക്കൽ റെക്കോർഡ് സൂപ്രണ്ട്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, തീയറ്റർ

മെക്കാനിക്ക് എന്നിവയുടെ ഓരോ തസ്തികയും 6 ക്ലർക്ക് തസ്തികകളുമുൾപ്പെടെ ഏഴ് വിഭാഗങ്ങളിലായി 12 തസ്തികകൾ കൂടി സൃഷ്ടിക്കുകയും ചെയ്തു.

**3.17** 02.02.2013-ലെ സ.ഉ (കൈ) 30/2013/ആകുവ നമ്പർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച നാല് സ്റ്റോർ കീപ്പർ തസ്തികകളിൽ 2023-വരെ നിയമനം നടത്തിയിരുന്നില്ല. അക്കാലയളവിൽ മഞ്ചേരി മെഡിക്കൽ കോളേജിനായി അനുവദിക്കപ്പെട്ട ക്ലർക്ക് തസ്തികകൾ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ അപര്യാപ്തമായതിനാൽ ഈ നാല് സ്റ്റോർ കീപ്പർ തസ്തികകളെ എൽ.ഡി ക്ലർക്ക് തസ്തികകളായി പുനർനാമകരണം ചെയ്യണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ 2022-ലും 2023-ലും ഭരണവകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ധനവകുപ്പിന്റെ 22.10.2001-ലെ സ.ഉ (അച്ചടി)-1208/2021/ധനം നമ്പർ ഉത്തരവ്, 17.01.2013-ലെ 6/2013/ധനം നമ്പർ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലേയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഡയറക്ടറുടെ പ്രൊപ്പോസലുകൾ പരിഗണിച്ചു വരുന്നുവെന്ന കാരണത്താലും ഈ ആവശ്യം പരിഗണിച്ചില്ലെന്ന് മാത്രമല്ല പ്രസ്തുത നാല് സ്റ്റോർ കീപ്പർ തസ്തികകളെ 06.11.2023-ലെ സ.ഉ (കൈ) 303/2023/ആകുവ നമ്പർ ഉത്തരവ് പ്രകാരം ഉടൻ പ്രാബല്യത്തിൽ അബോളിഷ് ചെയ്യുകയാണുണ്ടായത്.

**3.18** 11.2.2022-ലെ സ.ഉ (കൈ) 34/2022/ആകുവ നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുള്ള ഒൻപത് സർക്കാർ മെഡിക്കൽ കേളേജുകളിലായി 24 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി മെഡിക്കൽ കോളേജിനും രണ്ട് ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ ലഭ്യമാകുകയുണ്ടായി.

**3.19** ഇപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മഞ്ചേരി മെഡിക്കൽ കോളേജിനായി 165 ടീച്ചിംഗ് ഫാക്കൽറ്റി തസ്തികകളും 66 റഗുലർ നോൺ ടീച്ചിംഗ് തസ്തികകളും ഔട്ട് സോഴ്സ് ചെയ്ത് നിയമിക്കേണ്ട 40 തസ്തികകളുമുൾപ്പെടെ 271

തസ്തികകൾ നാളിതുവരെ സൃഷ്ടിച്ചിട്ടുണ്ട്. ഇവയിൽ തൊട്ടടുത്ത വെറ്ററിനറി ആശുപത്രിയിൽ അറ്റാച്ച് ചെയ്യുന്നതിനായി സൃഷ്ടിക്കുകയും എന്നാൽ നാളിതുവരെ നിയമനം നൽകിയിട്ടില്ലാത്തതുമായ വെറ്റിനറി ഓഫീസർ, അനിമൽ കീപ്പർ എന്നീ രണ്ട് തസ്തികകളും ഉൾപ്പെടുന്നുണ്ട്. ബാക്കിയുള്ള എല്ലാ തസ്തികകളും ഈ കാര്യാലയത്തിൽ ഇപ്പോൾ നിലവിലുണ്ട്. വിവിധ സർക്കാർ ഉത്തരവുകളിലായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | ഔട്ട്സോഴ്സ് ചെയ്യേണ്ട തസ്തികകളുടെ എണ്ണം |
|---|---|---|---|
| **സ.ഉ (കൈ) നം.30/2013/H&FWD തീയതി - 02.02.2013** | | | |
| 1 | പ്രിൻസിപ്പൽ | 1 | - |
| 2 | വൈസ് പ്രിൻസിപ്പൽ | 1 | - |
| 3 | പ്രൊഫസർ | 5 | - |
| 4 | അസോസിയേറ്റ് പ്രൊഫസർ | 14 | - |
| 5 | അസിസ്റ്റന്റ് പ്രൊഫസർ | 17 | - |
| 6 | ട്യൂട്ടർ/ഡെമോൺസ്ട്രേറ്റർ | 17 | - |
| 7 | സീനിയർ റസിഡന്റ് | 12 | - |
| 8 | ജൂനിയർ റസിഡന്റ് | 16 | - |
| 9 | സ്റ്റോർ കീപ്പർ | 4 | - |
| 10 | ടെക്നീഷ്യൻ ഗ്രേഡ് II | 5 | - |
| 11 | ECG ടെക്നീഷ്യൻ ഗ്രേഡ് II | 1 | - |
| 12 | അറ്റൻഡന്റ് | 2 | - |
| 13 | അനസ്തേഷ്യാ ടെക്നീഷ്യൻ ഗ്രേഡ് II | 1 | - |
| 14 | യു. ഡി ക്ലർക്ക് | 2 | - |
| 15 | സെക്യൂരിറ്റി അസിസ്റ്റന്റ് ഗ്രേഡ് II | 1 | - |
| 16 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടു പ്രിൻസിപ്പൽ ഗ്രേഡ് I | 1 | - |

| | | | |
|---|---|---|---|
| 17 | പ്യൂൺ/അറ്റൻഡർ ഗ്രേഡ് II | 2 | - |
| 18 | ലൈബ്രേറിയൻ ഗ്രേഡ് II | 1 | - |
| 19 | ലൈബ്രേറിയൻ ഗ്രേഡ് III | 2 | - |
| 20 | ലൈബ്രറി അറ്റൻഡർ  ഗ്രേഡ് IV | 1 | - |
| 21 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 | - |
| | **ആകെ** | **108** | - |
| **സ.ഉ (കൈ) നം.487/2013/H&FWD  തീയതി - 17.12.2013** | | | |
| 1 | പ്രൊഫസർ | 10 | - |
| 2 | അസോസിയേറ്റ് പ്രൊഫസർ | 2 | - |
| 3 | അസിസ്റ്റന്റ് പ്രൊഫസർ | 19 | - |
| 4 | ട്യൂട്ടർ/ഡെമോൺസ്ട്രേറ്റർ | 7 | - |
| 5 | സീനിയർ റസിഡന്റ്/<br>ജൂനിയർ റസിഡന്റ് | 44 | - |
| 6 | അക്കൗണ്ട്സ് ഓഫീസർ | 1 | - |
| 7 | ലാബ് ടെക്നീഷ്യൻ | 3 | 7 |
| 8 | ക്ലർക്ക് | 2 | 5 |
| 9 | ലാബ് അസിസ്റ്റന്റ് | - | 5 |
| 10 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 | - |
| 11 | ഓഫീസ് അറ്റൻഡന്റ് | - | 4 |
| 12 | ഡ്രൈവർ | - | 1 |
| 13 | സോഷ്യൽ വർക്കർ | - | 1 |
| 14 | റേഡിയോഗ്രാഫർ | 2 | 1 |
| 15 | ഡെന്റൽ മെക്കാനിക് | 1 | - |
| 16 | മെഡിക്കൽ റെക്കോർഡ്സ്<br>ലൈബ്രേറിയൻ | 1 | - |
| 17 | ലൈബ്രറി അസിസ്റ്റന്റ് | - | 1 |

| | | | |
|---|---|---|---|
| 18 | ധോബി | - | 5 |
| 19 | പവർ ലാൻട്രി അറ്റൻഡന്റ് | - | 5 |
| 20 | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | - | 2 |
| 21 | ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനിയർ | 1 | 1 |
| 22 | ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനിയർ | 1 | 1 |
| 23 | കാർപെന്റർ | - | 1 |
| 24 | മോർച്ചറി ടെക്നീഷ്യൻ | 1 | - |
| 25 | ഹെൽത്ത് എഡ്യൂക്കേറ്റർ | 1 | - |
| 26 | തിയറ്റർ ടെക്നീഷ്യൻ | 3 | - |
| 27 | സയന്റിഫിക് അസിസ്റ്റന്റ് (ഫിസിയോതെറാപിസ്റ്റ്) | 1 | - |
| 28 | റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ (orthotics) | 1 | - |
| 29 | റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ (Prosthetics) | 1 | - |
| 30 | CSR ടെക്നീഷ്യൻ | 2 | - |
| 31 | വെറ്ററിനറി ഓഫീസർ | - | - |
| 32 | അനിമൽ കീപ്പർ | - | - |
| 33 | അസിസ്റ്റന്റ് പ്രൊഫസർ (ബ്ലഡ് ബാങ്ക്) | 1 | - |
| | **ആകെ** | **107** | **40** |
| **സ.ഉ (കൈ) നം.81/2019/H&FWD തീയതി - 15.06.2019** | | | |
| 1 | സീനിയർ സൂപ്രണ്ട് | 1 | - |
| 2 | ജൂനിയർ സൂപ്രണ്ട് | 1 | - |
| 3 | ക്ലർക്ക് | 6 | - |

| | | | |
|---|---|---|---|
| 4 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 1 | - |
| 5 | മെഡിക്കൽ റെക്കോർഡ് സൂപ്രണ്ട് | 1 | - |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 1 | - |
| 7 | തീയറ്റർ മെക്കാനിക് ഗ്രേഡ് II | 1 | - |
| | **ആകെ** | **12** | - |
| **സ.ഉ (കൈ) നം. 441/2013/H&FWD തീയതി - 15.11.2013** | | | |
| 1 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | - |
| **സ.ഉ (കൈ) നം.34/2022/H&FWD തീയതി - 11.02.2022** | | | |
| 1 | ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) | 2 | - |
| **Order No.E3/30296/2011/DME dated 30.07.2013** | | | |
| 1 | ആർട്ടിസ്റ്റ് | 1 | - |
| **ആകെ** | | **231** | **40** |
| ആകെ ജീവനക്കാരുടെ എണ്ണം | | **271** | |

**3.20** മഞ്ചേരി മെഡിക്കൽ കോളേജിലെ തസ്തിക രൂപീകരണവുമായി ബന്ധപ്പെട്ട് ലഭ്യമായ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## വിവരാവകാശ അപേക്ഷകൾ

**3.21** വിവരാവകാശ നിയമം, 2005 പ്രകാരം വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും (SPIO) പ്രിൻസിപ്പലിനെ അപ്പീൽ അധികാരിയായും ചുമതലപ്പെടുത്തിയിട്ടുണ്ട്. 01.04.2024 മുതൽ 31.03.2025 വരെയുള്ള കാലയളവിൽ ഈ കാര്യാലയത്തിൽ 56 വിവരാവകാശ അപേക്ഷകൾ ലഭ്യമാകുകയും അവയ്ക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുകയും ചെയ്തതായി കാണുന്നു. ഇക്കാലയളവിൽ അപ്പീൽ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. വിവരാവകാശ നിയമം സെക്ഷൻ 20 (1)

പ്രകാരം വിവരാവകാശ കമ്മീഷൻ ഈ കാര്യാലയത്തിന് ഇക്കാലയളവിൽ പിഴയീടാക്കുകയോ സെക്ഷൻ 20(2) പ്രകാരം ഈ കാര്യാലയത്തിലെ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

**3.22** പ്രവൃത്തി പഠനസംഘം സന്ദർശിച്ച വേളയിൽ സെക്ഷനുകളുടെ പ്രവർത്തനം പരിശോധിക്കുകയുണ്ടായി. വിവരാകാശ അപേക്ഷകൾ ലഭ്യമായ സീറ്റുകളിൽ വിവരാവകാശ രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ലായെന്ന് കണ്ടെത്തുകയും അതിനായുള്ള നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. **ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 12.10.2021-ൽ പുറപ്പെടുവിച്ച സ.ഉ(അച്ചടി).34/10/പി&എ.ആർ.ഡി. നമ്പർ ഉത്തരവിൽ പ്രതിപാദിച്ച മാതൃകയിൽ വിവരാവകാശ രജിസ്റ്റർ തയ്യാറാക്കി ബന്ധപ്പെട്ട സീറ്റുകളിൽ സൂക്ഷിക്കണമെന്ന കർശനനിർദ്ദേശം പ്രിൻസിപ്പൽ തലത്തിൽ നൽകേണ്ടതാണ്.**

3.23 **RTI ഓൺലൈൻ പോർട്ടലിൽ ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 19.04.2024, 25.09.2024, 06.12.2024, 16.01.2025 എന്നീ തീയതികളിലെ സി.ഡി.എൻ.1/18/2023-പൊ.ഭ.വ. നമ്പർ സർക്കുലറുകൾ, 10.12.2025-ലെ സി.ഡി.എൻ.5/77/2025-പൊ.ഭ.വ. നമ്പർ സർക്കുലർ, 11.12.2024, 03.01.2026, 17.03.2026 എന്നീ തീയതികളിലെ സി.ഡി.എൻ 5/119/2024-പൊഭവ നമ്പർ സർക്കുലറുകൾ എന്നിവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.**

## ഓഡിറ്റുകളുടെ വിശദാംശങ്ങൾ

**3.24** മഞ്ചേരി മെഡിക്കൽ കോളേജിൽ AG ഓഡിറ്റും വകുപ്പ് തല ഓഡിറ്റും നടത്തിയിട്ടുണ്ട്. 2013 മുതൽ 2019 വരെയുള്ള കാലയളവിലെ AG ഓഡിറ്റ് 01.03.2018 മുതൽ 30.04.2019 വരെയുള്ള കാലയളവുകളിൽ നടത്തുകയുണ്ടായി. 38 ഖണ്ഡികകൾ AG ഓഡിറ്റിൽ നടപടിയ്ക്കായി കൈമാറിയിരുന്നു. ഈ 38 ഖണ്ഡികകളിലും നടപടി

സ്വീകരിച്ചതായി കാണുന്നു. തുടർ കാലയളവിലെ AG ഓഡിറ്റിനുള്ള അറിയിപ്പ് ഓഫീസിൽ ലഭ്യമായിട്ടില്ല.

**3.25** 01.05.2017 മുതൽ 30.09.2021 വരെയുള്ള വകുപ്പുതല ഓഡിറ്റ് 25.10.2021-നും 30.10.2021-നുമിടയിൽ നടത്തുകയുണ്ടായി. മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് നടപടിയ്ക്കായി നിർദ്ദേശിച്ച 25 ഖണ്ഡികകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. 01.10.2021-ന് ശേഷമുള്ള കാലയളവിലെ വകുപ്പുതല ഓഡിറ്റ് ഇതേ വരെ നടത്തിയിട്ടില്ല. വകുപ്പ് തലവൻ ഇതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## കോടതി വ്യവഹാരങ്ങൾ

**3.26** കോർട്ട് കേസ് ഇൻഫർമേഷൻ സിസ്റ്റം (CCIS) മുഖേനയുള്ള കണക്ക് പ്രകാരം ബഹു. ഹൈക്കോടതിയിലുള്ള 4 കോടതി വ്യവഹാരങ്ങളാണ് ഈ കാര്യാലയവുമായി ബന്ധപ്പെട്ട് നിലവിലുള്ളത്. ഇവയിൽ കോളേജിനും ഹോസ്പിറ്റലിനും അടുത്തുള്ള 2.8107 ഹെക്ടർ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട WP(c).No.5347 of 2025, WP(c).No.16013 of 2025 എന്നിങ്ങനെ രണ്ട് വ്യവഹാരങ്ങളും; മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട WP(c).No.1186 of 2025 നമ്പറായുള്ള ഒരു വ്യവഹാരവും; അറ്റൻഡൻസ് ഷോർട്ടേജുമായി ബന്ധപ്പെട്ട WP(c).No.4345 of 2024 നമ്പറായുള്ള ഒരു വ്യവഹാരവും ഉൾപ്പെടുന്നു.

**3.27** ഈ കാര്യാലയത്തിലെ കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട സീറ്റുകളിലെ പരിശോധനയിൽ സ്യൂട്ട് രജിസ്റ്റർ പരിപാലിച്ചിട്ടില്ലായെന്ന് കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. കോടതി വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന സീറ്റുകളിൽ നിർദ്ദിഷ്ട മാതൃകയിൽ സ്യൂട്ട് രജിസ്റ്റർ പ്രത്യേകമായി എഴുതി സൂക്ഷിക്കേണ്ടതാണ്. **കോടതി വ്യവഹാരങ്ങൾ നിലവിലുള്ള സീറ്റുകളിൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പ് 01.12.2008 -ൽ പുറപ്പെടുവിച്ച 25255/MC/07/Law നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ സ്യൂട്ട് രജിസ്റ്റർ പ്രത്യേകമായി എഴുതി സൂക്ഷിക്കേണ്ടതാണ്.**

## വിജിലൻസ് കേസുകൾ

**3.28** ഈ കാര്യാലയവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുകൾ ഒന്നുംതന്നെ നിലവിലില്ല

## തൻപതിവേട് (പേഴ്സണൽ രജിസ്റ്റർ) പരിശോധന

**3.29** പ്രവൃത്തിപഠനത്തിന്റെ ഭാഗമായി മിനിസ്റ്റീരിയൽ വിഭാഗത്തിലെ തസ്തികകളുടെ അനിവാര്യത പരിശോധിച്ച വേളയിൽ ഈ കാര്യാലയത്തിൽ നിലവിലുള്ള 15 ക്ലർക്കുമാരുടേയും തൻപതിവേട് (പേഴ്സണൽ രജിസ്റ്റർ) പരിശോധിക്കുകയുണ്ടായി. ഭൂരിഭാഗം സീറ്റുകളിലും പേഴ്സണൽ രജിസ്റ്റർ ഭാഗികമായി പോലും സൂക്ഷിച്ചിട്ടില്ലായെന്ന് കാണുന്നു. രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ള ചില സീറ്റുകളിൽ നടപടി സ്വീകരിക്കുന്ന ഫയലുകളുടെ വിശദാംശങ്ങൾ മാത്രം എഴുതി സൂക്ഷിക്കുന്നതായും കാണാൻ കഴിഞ്ഞു.

**3.30** തൻപതിവേട് ഭാഗികമായി സൂക്ഷിച്ചിട്ടുള്ള സീറ്റുകളിലെ രജിസ്റ്ററുകളിൽ പേജ് നമ്പർ നൽകുക, തപാലുകൾക്ക് തുടർച്ചയായ ക്രമനമ്പർ നൽകുക, മുൻവർഷത്തെ പെൻഡിംഗ് ഫയലുകൾ ക്യാരിഓവർ ചെയ്യുക, ക്യാരിഓവർ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തുക, പേജുകൾക്ക് നമ്പർ നൽകുക, ക്ലോസ് ചെയ്ത രജിസ്റ്ററുകൾ സംബന്ധിച്ച വിവരം അതാത് രജിസ്റ്ററുകളുടെ പുറംചട്ടയിൽ രേഖപ്പെടുത്തുക, രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കേണ്ട സർട്ടിഫിക്കറ്റിൽ സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെയും സൂപ്പർവൈസറി ജീവനക്കാരന്റേയും സാക്ഷ്യപ്പെടുത്തൽ നടത്തുക എന്നീ നടപടികൾ കൃത്യമായി പാലിച്ചിട്ടില്ല. ഇക്കാര്യങ്ങൾ കൃത്യമായി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ മുഴുവൻ രജിസ്റ്ററുകളും സൂപ്പർവൈസറി ഉദ്യോഗസ്ഥർ കൃത്യമായി പരിശോധന നടത്തേണ്ടതും അപ്രകാരം ഓഫീസ് നടപടികളിലും പ്രവർത്തനങ്ങളിലും കൃത്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പേഴ്സണൽ രജിസ്റ്ററിനൊപ്പം ഇൻസ്പെക്ഷൻ ഷെഡ്യൂൾ ചേർക്കേണ്ടതും പ്രസ്തുത ഷെഡ്യൾ പ്രകാരമുള്ള പരിശോധനകൾ

മേലുദ്യോഗസ്ഥർ കർശനമാക്കേണ്ടതുമാണ്. അതുപോലെതന്നെ വിവരാവകാശ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നിവയ്ക്ക് പല സെക്ഷനുകളിലും പൊതുവായി ഒരൊറ്റ രജിസ്റ്റർ ആണ് ഉപയോഗിക്കുന്നതെന്ന് കാണുന്നു. ഓരോ സീറ്റിലും നിർദിഷ്ട മാതൃകയിൽ തന്നെ ഇത്തരം രജിസ്റ്ററുകൾ പ്രത്യേകമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

**3.31** ഇ-ഓഫീസ് വഴി ഫയലുകൾ കൈകാര്യം ചെയ്യുന്ന സംവിധാനം സംസ്ഥാനത്തുടനീളമുള്ള എല്ലാ സർക്കാർ ഓഫീസുകളിലും നടപ്പിലാക്കി വരികയാണ്. ഫയൽ പരിപാലനം ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സീറ്റുകളിൽ തൻപതിവേട് (പേഴ്സണൽ രജിസ്റ്റർ) സൂക്ഷിക്കുന്നത് സംബന്ധിച്ച് ആശയക്കുഴപ്പം നിലനിൽക്കുന്നതായി കാണുകയുണ്ടായി. ഇ-ഓഫീസ് സംവിധാനത്തിൽ PR Module നിലവിലുണ്ടെങ്കിലും തപാൽ കൈകാര്യം ചെയ്യുന്ന വിധം രേഖപ്പെടുത്തുന്നതിനോ തപാലിന്റെ തൽസ്ഥിതി കൃത്യമായി രേഖപ്പെടുത്തി തുടർപരിശോധന നടത്തുന്നതിനോ ഉള്ള സംവിധാനം നിലവിലില്ല. MOP അദ്ധ്യായം IV-ലെ 150-ാം ഖണ്ഡികയിൽ, ഫയലുകളിൽ കാലതാമസം ഉണ്ടെങ്കിൽ കണ്ടെത്തുന്നതിനും ഒഴിവാക്കുന്നതിനും തൻപതിവേട് പരിശോധന നിർബന്ധമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള ഇ-ഓഫീസ് സംവിധാനത്തിൽ അത്തരമൊരു പരിശോധന സാധ്യമല്ലാത്ത സാഹചര്യത്തിൽ തൻപതിവേട് സൂക്ഷിക്കുന്ന നിലവിലെ രീതി തുടർന്നും നിലനിർത്തണമെന്നും ഇ-ഓഫീസ് മുഖേന ലഭിക്കുന്ന ഫയലുകളുടേയും തപാലുകളുടേയും വിശദാംശങ്ങൾ തൻപതിവേടിൽ രേഖപ്പെടുത്തണമെന്നും സർക്കാർ നിർദ്ദേശം നിലവിലുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് 12.02.2021-ന് പുറപ്പെടുവിച്ച റൂൾസ്-2/22/2020/ഉഭപവ നമ്പർ സർക്കുലറിൽ ഇ-ഓഫീസ് സംവിധാനം നിലവിലുള്ള സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് വഴി സൃഷ്ടിക്കുന്ന ഫയലുകളുടെ 2021 ജനുവരി 1 മുതലുള്ള വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തൻപതിവേടിൽ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ പരിശോധിച്ചു ഉറപ്പുവരുത്തേണ്ടതാണെന്നും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനത്തിൽ കൂടുതൽ

ഫീച്ചറുകളോടെ പുതിയ വേർഷനുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും **തൻപതിവേട് പരിപാലിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും പുതുക്കിയ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് വരെ 12.02.2021-ലെ റൂൾസ്-2/22/2020/ഉഭപവ നമ്പർ സർക്കുലർ പ്രകാരം ഇ-ഓഫീസ് വഴി സൃഷ്ടിക്കുന്ന ഫയലുകളുടെ 2021 ജനുവരി 1 മുതലുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പേഴ്സണൽ രജിസ്റ്റർ കർശനമായി പരിപാലിക്കേണ്ടതും മേലുദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ അവ പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തേണ്ടതാണെന്നുമുള്ള നിർദ്ദേശം നൽകേണ്ടതാണ്.**

## പഞ്ചിംഗ് സംവിധാനം

**3.32** മഞ്ചേരി മെഡിക്കൽ കോളേജിൽ ആധാർ ബേസ്ഡ് ബയോമെടിക് അറ്റൻഡൻസ് സിസ്റ്റം (AEBAS) നിലവിലുണ്ട്. പഞ്ചിംഗ് സംവിധാനം ആരംഭിക്കണമെന്ന് 20.08.2022-ന് നാഷണൽ മെഡിക്കൽ കമ്മിഷനിൽ നിന്ന് ആദ്യമായി അറിയിപ്പ് ലഭ്യമായതിനെത്തുടർന്ന് നോഡൽ ഓഫീസറെ നിയമിക്കുകയും 05.06.2023-ന് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കത്ത് ലഭിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. 14.06.2023-ന് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ സപ്ലൈ ചെയ്യുകയും തൻവർഷം ജൂൺ അവസാനത്തോടെ തന്നെ ഫിംഗർ ടിപ്പ് പഞ്ചിംഗ് ആരംഭിക്കുകയും ചെയ്തു. ആദ്യം രണ്ട് ഡിവൈസുകൾ മാത്രമാണ് നൽകിയതെങ്കിലും പിന്നീട് ആറ് ഡിവൈസുകൾ കൂടി ലഭ്യമാക്കുകയുണ്ടായി. ഇപ്പോൾ ഈ എട്ട് ഡിവൈസുകളും മാറ്റുകയും 2024 ഒക്ടോബർ മാസത്തോടെ "ഫേസ് ഐഡി ആപ്ലിക്കേഷൻ പഞ്ചിംഗ് സിസ്റ്റം" ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ AEBAS സിസ്റ്റത്തിൽ 238 ഫാക്കൽറ്റികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിൽ എല്ലാ ജീവനക്കാരുടേയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സ്പാർക്ക് സോഫ്റ്റ്‌വെയർ മുഖേനയാണ് വിതരണം ചെയ്യുന്നത്. എല്ലാ സ്ഥിരം ജീവനക്കാരുടേയും ലീവ് പ്രോസസ്സ് ചെയ്യുന്നതും സ്പാർക്ക് മുഖേനയാണ്. എല്ലാ സ്ഥിരം ജീവനക്കാരും പഞ്ചിംഗ് കൃത്യമായി രേഖപ്പെടുത്തുന്നുന്നതായി കാണുന്നു.

**3.33** സർക്കാർ സ്ഥാപനങ്ങളിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം, ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ ആപ്ലിക്കേഷൻ മുഖേനയുള്ള ബയോമെട്രിക് പഞ്ചിംഗ് എന്നിവ നടപ്പിലാക്കിയിട്ടുള്ള സാഹചര്യത്തിൽ മഞ്ചേരി മെഡിക്കൽ കോളേജിലേയും **ജീവനക്കാരുടെ അറ്റൻഡൻസ് സ്പാർക്ക് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കേണ്ടതും അവധികൾ, ശമ്പളവിതരണം എന്നിവ സ്പാർക്ക് വഴി ക്രമീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 14.07.23-ലെ സ.ഉ(സാധാ)3253/2023/പൊഭവ, 09.05.2025-ലെ സ.ഉ(സാധാ) 2021/2025/പൊഭവ എന്നീ ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

## ഇ-ഓഫീസ് സംവിധാനം

**3.34** 09.02.2022 മുതൽ ഈ കാര്യാലയത്തിൽ ഇ-ഓഫീസ് പൂർണ്ണമായും ആരംഭിച്ചിട്ടുണ്ട്. ഈ കാര്യാലയത്തിലെ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, 15 സെക്ഷനുകൾ, രണ്ട് CRU എന്നിങ്ങനെ 24 ജീവനക്കാർക്ക് ഇ-ഓഫീസ് ആക്സസ്സ് നിലവിലുണ്ട്. **ഈ കാര്യാലയത്തിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ എല്ലാ ജീവനക്കാർക്കും ഇ-ഓഫീസ് സംബന്ധമായ പരിശീലനം നൽകേണ്ടതാണ്.**

## ബജറ്റ് വിഹിതം

**3.35** മഞ്ചേരി മെഡിക്കൽ കോളേജിനായി 2024-25 സാമ്പത്തിക വർഷത്തിൽ 18.77 കോടി പ്ലാൻ വിഹിതമായും 42.45 കോടി നോൺ പ്ലാൻ വിഹിതമായും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇവയുടെ എക്സ്പെൻഡിച്ചർ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- പ്ലാൻ വിഹിതം

2024-25 സാമ്പത്തിക വർഷത്തിൽ 18 വിവിധ പ്ലാൻ ശീർഷകങ്ങളിലായി 18,77,94,326/- രൂപാ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. പിന്നീട് രണ്ട്

ശീർഷകങ്ങളിലായി അനുവദിച്ച നൽകിയ തുകയും മുൻപുണ്ടായിരുന്ന 18 ശീർഷകങ്ങളിൽ ലഭ്യമായ തുകയും ചേർത്ത് 26,60,76,284/- രൂപയുടെ അലോട്ട് മെന്റ് പ്ലാൻ വിഹിതമായി ലഭ്യമായിട്ടുണ്ട്. പ്രവൃത്തിപഠന സംഘം സന്ദർശിച്ച കാലയളവ് വരെ ഇതിൽ 15.20,77,991/- രൂപാ ചെലവഴിക്കുകയും 11,39,98,293/- രൂപാ അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

- നോൺ പ്ലാൻ വിഹിതം

2024-25 സാമ്പത്തിക വർഷത്തിൽ 21 നോൺപ്ലാൻ ശീർഷകങ്ങളിലായി 42,45,83,000/- രൂപാ ബജറ്റ് വിഹിതമായി അനുവദിച്ചതായി കാണുന്നു. പ്രവൃത്തിപഠന കാലയളവിൽ 14,36,07,919/- രൂപാ അലോട്ട്മെന്റ് ലഭ്യമാകുകയും 47,68,33,858/- രൂപാ ചെലവഴിച്ചതായും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ നിർദ്ദേശത്തെത്തുടർന്ന് 6,56,564/- രൂപാ സറണ്ടർ ചെയ്തതായും പ്രവൃത്തി പഠനസംഘത്തിന് ലഭ്യമാക്കിയ ഫൈനൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കിയിട്ടുണ്ട്.

## വാഹനങ്ങളുടെ വിശദാംശങ്ങൾ

**3.36** മഞ്ചേരി മെഡിക്കൽ കോളേജിന് KL-10 AY 2339 രജിസ്ട്രേഷൻ നമ്പരായുള്ള 2017 മോഡൽ മഹീന്ദ്ര 32 സീറ്റർ ബസ്, KL-10 AQ 8774 രജിസ്ട്രേഷൻ നമ്പരായുള്ള 2013 മോഡൽ EMPISTDBIS AV ഓമ്നി വാൻ, KL-10 BL 4209 രജിസ്ട്രേഷൻ നമ്പരായുള്ള 2025 മോഡൽ ബോലേറോ B6 BS-VI മോഡൽ ജീപ്പ് എന്നിങ്ങനെ മൂന്ന് വാഹനങ്ങളാണ് സ്വന്തമായുള്ളത്.

**3.37** ഇവയിൽ വിദ്യാർത്ഥികളെ FAP പ്രോഗ്രാം, ട്രൈബൽ വിസിറ്റ് എന്നിവയ്ക്കായി എത്തിക്കുന്ന ഓമ്നി വാനിന്റെ രജിസ്ട്രേഷൻ കാലാവധി 27.02.2029-ന് അവസാനിക്കും. ബസിന്റേയും ജീപ്പിന്റേയും രജിസ്ട്രേഷൻ കാലാവധി യഥാക്രമം 29.08.32-ലും 11.07.2040-ലും മാത്രമേ അവസാനിക്കുകയുള്ളൂ

**3.38** രജിസ്ട്രേഷൻ കാലാവധി പൂർത്തിയാകാത്ത മൂന്ന് വാഹനങ്ങൾ ഈ മെഡിക്കൽ കോളേജിൽ നിലവിലുണ്ടെങ്കിലും സ്ഥിരം ഡ്രൈവർ തസ്തിക ഈ കാര്യാലയത്തിനായി അനുവദിച്ചിട്ടില്ല. ഔട്ട്സോഴ്സ് ചെയ്ത കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഒരു ഡ്രൈവർ മാത്രമാണ് ഇപ്പോൾ ഈ ഓഫീസിൽ നിലവിലുള്ളത്. നഴ്സിംഗ് കോളേജിലെ ഒരു ഡ്രൈവറുടെ സേവനവും അവശ്യസന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

## മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

**3.39** അമ്മമാർക്കും കുട്ടികൾക്കുമായി നേരത്തേ നിർമ്മിച്ച ആശുപത്രിക്കെട്ടിടം (അക്കാദമിക് ബ്ലോക്ക്-I), പുതുതായി നിർമ്മിച്ച ബ്ലോക്ക്-II എന്നിവയിലായാണ് ഈ മെഡിക്കൽ കോളേജിന്റെ അക്കാദമിക് വിഭാഗങ്ങൾ പ്രവർത്തിക്കുന്നത്. ജനറൽ ആശുപത്രിക്കെട്ടിടങ്ങൾ നവീകരിച്ചതും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തിയതും മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതം ഉപയോഗിച്ചാണ്. പ്ലാൻ ഫണ്ടിന് പുറമേ 'ആർദ്രം' പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ രോഗീസൗഹൃദമാക്കാനും പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സാധാരണ ജനങ്ങൾക്ക് പരമാവധി സേവനങ്ങൾ നൽകാനും മഞ്ചേരി മെഡിക്കൽ കോളേജിന് കഴിയുന്നുണ്ട്. നാഷണൽ മെഡിക്കൽ കമ്മീഷൻ (NMC) മാനദണ്ഡ പ്രകാരമുള്ള സൗകര്യങ്ങൾ യഥാവിധി ഉറപ്പുവരുത്തി വർഷം തോറും NMC പുതുക്കാനും അംഗീകാരം ഉറപ്പ വരുത്താനും നാളിതുവരെ സാധിച്ചിട്ടുണ്ട്.

**3.40** പ്രിൻസിപ്പൽ ആണ് മെഡിക്കൽ കോളേജിന്റെ മേധാവിയായി പ്രവർത്തിക്കുന്നത്. ഭരണപരവും സാമ്പത്തികപരവുമായ എല്ലാ ചുമതലകളും പ്രിൻസിപ്പൽ തസ്തികയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ എന്നിവ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന് കീഴിലുള്ള തസ്തികകളാണ്. ആരോഗ്യവകുപ്പിന് കീഴിലുള്ള തസ്തികയായ ആശുപത്രി സൂപ്രണ്ടിന്റെ ഉത്തരവാദിത്തത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. പ്രിൻസിപ്പൽ ഈ സ്ഥാപനത്തിന്റെ എസ്റ്റേറ്റ് ഓഫീസർ കൂടിയാണ്. 17.10.2023-ൽ ചേർന്ന ആരോഗ്യ

കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ യോഗത്തിലെ നിർദ്ദേശപ്രകാരം ഈ സ്ഥാപനത്തിന് കീഴിലുള്ള എല്ലാ കെട്ടിടങ്ങളുടേയും ഉടമസ്ഥാവകാശം ആരോഗ്യ വകുപ്പിൽ (DHS) നിന്നും മെഡിക്കൽ എഡ്യൂക്കേഷൻ (DME) വകുപ്പിന് കീഴിലുള്ള പ്രിൻസിപ്പലിന്റെ ചുമതലയിലാക്കിയിട്ടുണ്ട്. ആശുപത്രിക്കെട്ടിടങ്ങൾ, കോളേജ് കെട്ടിടങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്നതുൾപ്പെടെ ആകെ 24.108 ഏക്കർ ഭൂമി മെഡിക്കൽ കോളേജിന് സ്വന്തമായി നിലവിലുണ്ട്.

**3.41** ആശുപത്രിയും കോളേജുമുൾപ്പെടെ നിലവിലുള്ള 24.108 ഏക്കർ ഭൂമിയിലായി അക്കാദമിക് ബ്ലോക്ക് 1 & 2, ഗേൾസ് ഹോസ്റ്റൽ, ബോയ്സ് ഹോസ്റ്റൽ, ടീച്ചിംഗ് സ്റ്റാഫ് ക്വാർട്ടേഴ്സ്, നോൺ ടീച്ചിംഗ് സ്റ്റാഫ് ക്വാർട്ടേഴ്സ്, കോളേജ് കാന്റീൻ, ആശുപത്രിയുടെ എ, ബി, സി ബ്ലോക്കുകൾ, ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്ക്, റസിഡന്റ്സ് ക്വാർട്ടേഴ്സ്, കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. കെട്ടിടം, ആശുപത്രി കാന്റീൻ എന്നിങ്ങനെ 14 കെട്ടിടങ്ങൾ മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിലുണ്ട്.

**3.42** മെഡിക്കൽ കോളേജ് ആശുപത്രിക്കായി അനുവദിച്ച കിടക്കകളുടെ എണ്ണം 501 ആണെങ്കിലും ഇപ്പോൾ 556 കിടക്കകൾ നിലവിലുണ്ട്. 27 വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും റേഡിയോതെറാപ്പി, എൻഡോക്രൈനോളജി, മെഡിക്കൽ ഗാസ്ട്രോ എന്ററോളജി, സർജിക്കൽ ഗാസ്ട്രോ എന്ററോളജി, നെഫ്രോളജി, യൂറോളജി, ന്യൂറോളജി, ന്യൂറോ സർജറി, പ്ലാസ്റ്റിക് സർജറി, പീഡിയാട്രിക് സർജറി, റീപ്രൊഡക്ടീവ് മെഡിസിൻ, പൾമോണറി മെഡിസിൻ എന്നീ 12 വിഭാഗങ്ങൾക്കായി പ്രത്യേകം കിടക്കകൾ അനുവദിച്ചിട്ടില്ല. കിടക്കകൾ അനുവദിച്ചിട്ടുള്ള മറ്റ് 15 വിഭാഗങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **വിഭാഗങ്ങളുടെ പേര്** | **സാധാരണ കിടക്കകൾ (ഓക്സിജൻ കിടക്കകൾ ഉൾപ്പെടെ)** | **ഐ.സി.യു. കിടക്കകൾ** | **അഡീഷണൽ ഐ.സി.യു. കിടക്കകൾ** | **ആകെ** |
|---|---|---|---|---|---|
| 1. | ജനറൽ മെഡിസിൻ | 88 | MICU - 6 | SICU - 20 | 114 |
| 2. | പീഡിയാട്രിക്സ് | 25 | HDU - 6 | PICU - 6 | 37 |
| 3. | ഡെർമറ്റോളജി | 29 | | | 29 |

| | | | | | |
|---|---|---|---|---|---|
| 4. | സൈക്യാട്രി | 30 | | | 30 |
| 5. | റെസ്പിറേറ്ററി മെഡിസിൻ | 9 | | | 9 |
| 6. | ജനറൽ സർജറി | 72 | | SICU - 5 | 77 |
| 7. | ഓർത്തോപീഡിക്സ് | 40 | | | 40 |
| 8. | ENT | 23 | | | 23 |
| 9. | ഒഫ്ത്താൽമോളജി | 27 | | | 27 |
| 10. | ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി | 96 | | | 96 |
| 11. | ഇൻഫെക്ഷ്യസ് ഡിസീസ് | 24 | | Covid ICU - 9 | 33 |
| 12. | കാർഡിയോളജി | 10 | ICU - 3 | ICU - 4 | 17 |
| 13. | മെഡിക്കൽ ഓങ്കോളജി | 5 | | | 5 |
| 14. | നിയോനാറ്റോളജി | 5 | | SNCU - 11 | 16 |
| 15. | OMFS (Dental) | 3 | | | 3 |
| **ആകെ** | | **486** | **15** | **55** | **556** |

## മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യം സൃഷ്ടിക്കൽ

**3.43** 21.08.2017-ലെ സ.ഉ.(സാധാ).2317/2017/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം മഞ്ചേരി മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനായി 103.86 കോടി രൂപ അനുവദിക്കുകയുണ്ടായി. ഈ തുക ഉപയോഗപ്പെടുത്തി ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ, കാമ്പസിനകത്തുള്ള റോഡുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും വാസയോഗ്യമാക്കുകയും ചെയ്തു. വിദ്യാർത്ഥികൾക്കായി സ്പെഷ്യൽ മെസ്സിന് പുറമേ കുടുംബശ്രീയുടെ കാന്റീനും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കാന്റീന്റെ ഒന്നും രണ്ടും നിലകളുടെ പ്രവൃത്തികളും കെട്ടിടത്തിന്റെ റൂഫിംഗ് പ്രവൃത്തികളും പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചു. റൂഫ് ചെയ്ത ഏരിയയിലാണ് മെഡിക്കൽ കോളേജിലെ PWD വിംഗിന്റെ ഓഫീസ് പ്രവർത്തിക്കുന്നത്. KITCO മുഖേന നിർമ്മിക്കുന്ന ഓഡിറ്റോറിയത്തിന്റെ സിവിൽ വർക്കുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.

**3.44** ജീവനക്കാരുടെ ക്വാർട്ടേഴ്സിന്റെ ഒന്നും രണ്ടും നിലകളുടെ സിവിൽ വർക്കുകൾ, കാഷ്വാലിറ്റിയുടേയും ലേബർ റൂമിന്റേയും എക്സ്റ്റൻഷൻ വർക്കുകൾ, രണ്ട് ബ്ലോക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റാമ്പ്, ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്ക് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ OP ബ്ലോക്കും റേഡിയോളജി ബ്ലോക്കും നിർമ്മിക്കുന്നതിനായി ആശുപത്രിക്ക് സമീപം സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. OP ബ്ലോക്കും റേഡിയോളജി ലബോറട്ടറി കോംപ്ലക്സും നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ ഭരണവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

**3.45** IMCH, KSEB സബ് സ്റ്റേഷൻ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനായി കണ്ടിൻജൻസി ഫണ്ടിൽ നിന്ന് 50 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിനായി ആശുപത്രിക്ക് സമീപമുള്ള 2.8107 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി ഈ തുക മലപ്പുറം ലാൻഡ് അക്വിസിഷൻ തഹസിൽദാരുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സ്ഥലം അളന്നു തിട്ടപ്പെടുത്തി അലൈൻമെന്റ് കല്ലുകൾ ഇട്ടിട്ടുണ്ട്. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ (PMABHIM) പ്രകാരം ഈ മെഡിക്കൽ കോളേജിനായി ക്രിട്ടിക്കൽ കെയർ ബ്ലോക്ക് അനുവദിക്കുകയും KITCO മുഖേന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റോർ കോംപ്ലക്സിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖേന ആരംഭിച്ചിട്ടുണ്ട്. വിവിധ ICU-കളുടെ നിർമ്മാണം, എയർ & വാക്വം പ്ലാന്റ്, കാഷ്വാലിറ്റിക്ക് സമീപത്തായി ഡോക്ടർമാർക്കുള്ള റസ്റ്റ് റൂം, ഓപ്പറേഷൻ തീയറ്ററുകളുടെ വാർഷിക മെയിന്റനൻസ്, ലിക്വിഡ് മെഡിക്കൽ ഓക്സിജൻ (LMO) ടാങ്ക്, മോർച്ചറി നവീകരണം, ICMR ധനസഹായത്തോടുകൂടിയ വൈറോളജി ലാബ് (VRDL), ഡയാലിസിസ് യൂണിറ്റ് എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ETP) നിർമ്മിക്കുകയും നിലവിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനൊപ്പം പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ശവശരീരങ്ങൾ സംസ്കരിക്കുന്നതിനുള്ള സ്ഥലം, ആർട്ടിഫിഷ്യൽ ലിംബ് ഫിറ്റിംഗ് സെന്റർ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. ആർട്ടിഫിഷ്യൽ ലിംബ് ഫിറ്റിംഗ് സെന്ററിന്റെ ബാക്കിയുള്ള പ്രവൃത്തികൾക്കും A, B, C ബ്ലോക്കുകളിലെ ടോയ്‌ലെറ്റുകളുടെ നവീകരണത്തിനുമായി 186 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ

കോളേജിലെ ഫയർ & സേഫ്റ്റി വർക്കുകൾക്കായി 50 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി നടത്തിപ്പിനായി പ്രസ്തുത തുക പൊതുമരാമത്ത് (PWD) വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തതായും കാണുന്നു. ഈ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല.

## 2016 മുതൽ 2025 വരെ നടന്ന വികസന പ്രവർത്തനങ്ങൾ

**3.46** 2016 മുതൽ 2025 വരെയുള്ള കാലയളവിൽ 277.37 കോടി രൂപ വിവിധ നിർമ്മാണ പ്രവൃത്തികൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് വിവിധ പദ്ധതികൾക്കുമായും ചെലവഴിച്ചു. മോർച്ചറി നവീകരണത്തിനായി 2023-24 കാലയളവിൽ എം.എൽ.എ. ഫണ്ടും ഡയാലിസിസ് യൂണിറ്റിനായി 2022-23, 2024-25 കാലയളവുകളിൽ എം.പി. ഫണ്ടും ഇക്കൂട്ടത്തിൽ ലഭ്യമായിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ (NHM), ERCP ഫണ്ട്, DHR, ICMR പ്ലാൻ ഫണ്ട് എന്നിവ മുഖേന ലഭ്യമായ തുകകളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. വിവിധ കാലയളവുകളിലായി ലഭ്യമായ തുകയും ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.

| വർഷം | വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ | അനുവദിച്ച തുക |
|---|---|---|
| 2016-17 | അത്യാഹിത വിഭാഗം, വാർഡുകൾ എന്നിവയുടെ നവീകരണ പ്രവൃത്തികൾ, എ&സി. ബ്ലോക്കുകളെ ബന്ധിപ്പിച്ചുള്ള റാമ്പ് നിർമ്മാണം, ആശുപത്രിയിലേക്കും വിവിധ വകുപ്പുകളിലേക്കുമുള്ള ഉപകരണങ്ങൾ, മറ്റു സാമഗ്രികൾ എന്നിവയുടെ പർച്ചേസ്. | 1,81,00,000/- |
| 2017-18 | ആശുപത്രിയെ രോഗീസൗഹൃദമാക്കൽ, ആശുപത്രി -യിലെ 'എ' ബ്ലോക്കിൽ രണ്ട് നിലകളുടെ നിർമ്മാണം, ആശുപത്രിയിലെ 'ബി' ബ്ലോക്കിലെ മാതൃ-ശിശു കെട്ടിട നിർമ്മാണത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, ആശുപത്രിയിലെ | 125,81,45,772/- |

| | | |
|---|---|---|
| | ഐ.സി.യു, എച്ച്.ഡി.യു., പി.ഐ.സി.യു. എന്നിവയിൽ കൂടുതൽ സൗകര്യമൊരുക്കൽ, മറ്റ് മരാമത്ത് പണികൾ, ഒൻപത് നിലകളിലായുള്ള പുതിയ ഒ.പി ബ്ലോക്ക്, റേഡിയോളജി ഇൻവെസ്റ്റിഗേഷൻ ബ്ലോക്ക്, ലാബ് കോംപ്ലക്സ്, മോർച്ചറി കോംപ്ലക്സ്, പുതിയ റസിഡന്റ്സ് ക്വാർട്ടേഴ്സ്, ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള ഒ.പി.ഡി. ട്രാൻസ്ഫർമേഷൻ പദ്ധതി, വിവിധ റിസർച്ച് വർക്കുകൾ, ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഹോസ്റ്റൽ, അധ്യാപക-അനധ്യാപക ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ | |
| 2018-19 | ആധുനിക ഇമേജിംഗ് സൗകര്യങ്ങളുടെ വിപുലീകരണം, പുതിയ സ്റ്റോർ കോംപ്ലക്സ് നിർമ്മാണം, ഫയർ & സേഫ്റ്റി സംവിധാനം നടപ്പിലാക്കൽ, അത്യാഹിത വിഭാഗത്തിന്റേയും വാർഡുകളുടേയും വികസനം, വിവിധ ഉപകരണങ്ങളുടെ പർച്ചേസ്, വിവിധ റിസർച്ചുകൾ. | 11,85,40,877/- |
| 2019-20 | അറ്റകുറ്റപണികൾ, വിവിധ നിർമ്മാണ പ്രവൃത്തികൾ, ഉപകരണങ്ങൾ വാങ്ങുന്നതിനും മാലിന്യ സംസ്കരണത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കൽ, മാതൃ-ശിശു സംരക്ഷണ യൂണിറ്റിൽ സൗകര്യം ഒരുക്കൽ, ആശുപത്രിയിൽ ഭിന്നശേഷി വയോജന സൗഹൃദ പരിതസ്ഥിതി ഉറപ്പാക്കൽ, പുതിയ ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്കിനടുത്ത് സെപ്റ്റിക്ക് ടാങ്ക് നിർമ്മാണം, വിവിധ | 10,70,00,000/- |

| | | |
|---|---|---|
| | ഉപകരണങ്ങളുടെ പർച്ചേസ്, വിവിധ റിസർച്ചുകൾ. | |
| 2020-21 | മാതൃ-ശിശു സംരക്ഷണ യൂണിറ്റിൽ സൗകര്യം ഒരുക്കൽ, മാലിന്യ സംസ്കരണ സൗകര്യങ്ങൾ ഒരുക്കൽ, അറ്റകുറ്റപണികൾ, വിവിധ നിർമ്മാണ പ്രവൃത്തികൾ, ഭിന്നശേഷി വയോജന സൗഹൃദ പരിതസ്ഥിതി ഉറപ്പാക്കൽ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, കാത്ത് ലാബ് സ്ഥാപിക്കൽ, വിവിധ റിസർച്ചുകൾ, വിവിധ ഉപകരണങ്ങളുടെ പർച്ചേസ്. | 24,28,97,879/- |
| 2021-22 | കാന്റീൻ കെട്ടിട നിർമ്മാണം, ആശുപത്രിയെ രോഗീ സൗഹൃദമാക്കൽ, റീവാമ്പിംഗ് - അടിസ്ഥാന സൗകര്യ വികസനം, ആശുപത്രിയിൽ ഭിന്നശേഷി വയോജന സൗഹൃദ പരിസ്ഥിതി ഉറപ്പാക്കൽ, മെഡിക്കൽ കോളേജ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ ഉപകരണങ്ങളുടെ പർച്ചേസ്, വിവിധ റിസർച്ചുകൾ. | 15,94,00,000/- |
| 2022-23 | ഭിന്നശേഷി വയോജന സൗഹൃദ പരിതസ്ഥിതി ഉറപ്പാക്കൽ, കാന്റീൻ വിപുലീകരിക്കൽ, ആശുപത്രിയിൽ ഫയർ & സേഫ്റ്റി സംവിധാനം, ടോയ്ലെറ്റ് അറ്റകുറ്റപ്പണികൾ, കുടിവെള്ള സംവിധാനം എന്നിവ കാര്യക്ഷമമാക്കൽ, ആശുപത്രിയിൽ മാലിന്യ സംസ്കരണം, റസിഡന്റ്സ് ക്വാർട്ടേഴ്സിലെ രണ്ടും മൂന്നും നിലകളുടെ വിപുലീകരണം, ആശുപത്രിയിലെ എ-ബ്ലോക്ക് നവീകരണം, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ | 33,55,85,506/- |

| | | |
|---|---|---|
| | നിർമ്മാണം, വിവിധ ഉപകരണങ്ങളുടെ പർച്ചേസ്, വിവിധ റിസർച്ചുകൾ. | |
| 2023-24 | മൈനർ വർക്സിൽ ഉൾപ്പെടുത്തി വിവിധ നിർമ്മാണ പ്രവൃത്തികൾ ചെയ്യുക, ആശുപത്രിയിൽ ഭിന്നശേഷി വയോജന സൗഹൃദ പരിതസ്ഥിതി ഉറപ്പാക്കൽ, ആശുപത്രിയെ രോഗീ സൗഹൃദമാക്കുക, റീവാമ്പിംഗ്-അടിസ്ഥാന സൗകര്യ വികസനം, മാതൃ-ശിശു സംരക്ഷണ യൂണിറ്റിൽ സൗകര്യം ഒരുക്കൽ, വിവിധ ഉപകരണങ്ങളുടെ പർച്ചേസ്, വിവിധ റിസർച്ചുകൾ. | 9,79,01,850/- |
| 2024-25 | ഫയർ & സേഫ്റ്റി പ്രവൃത്തികൾ, മൈനർ വർക്സിൽ ഉൾപ്പെടുത്തി വിവിധ നിർമ്മാണ പ്രവൃത്തികൾ, വിവിധ ഉപകരണങ്ങളുടെ പർച്ചേസ്, വിവിധ റിസർച്ചുകൾ. | 13,73,00,000/- |
| | **ആകെ** | **247,48,71,884/-** |

**3.47** വികസന പ്രവർത്തനങ്ങൾക്കായി MLA ഫണ്ട്, MP ഫണ്ട്, നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് (NHM), ERCP ഫണ്ട് എന്നിവ മുഖേന ലഭ്യമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ** | **അനുവദിച്ച തുക** |
|---|---|---|
| 2022-23 | എം.പി ഫണ്ട് - ഡയാലിസിസ് യൂണിറ്റ് | 58,00,000/- |
| 2024-25 | എം.പി ഫണ്ട് - ഡയാലിസിസ് യൂണിറ്റ് | 29,99,843/- |
| 2023-24 | എം.എൽ.എ ഫണ്ട് - മോർച്ചറി നവീകരണം | 25,00,000/- |
| 2022-23 | NHM - ക്രിട്ടിക്കൽ കെയർ ബ്ലോക്ക് | 23,75 ,00,000/- |
| | ERCP FUND- കുട്ടികളുടെ ഐ.സി.യു., എച്ച്.ഡി.യു. & | 2,65,00,000/- |

| | | |
|---|---|---|
| | വാർഡ് | |
| | DHR - ICMR Plan Fund - വൈറസ് റിസർച്ച് & ഡയഗ്നോസ്റ്റിക് ലബോറട്ടറി (VRDL) | 2,35,61,000/- |
| | **ആകെ** | **29,88,60,843** |
| | **ആകെ - 277,37,32,727/-** (247,48,71,884 + 29,88,60,843) | |

# അധ്യായം - 4

# ഔട്ട്സോഴ്സ് ചെയ്ത തസ്തികകളുടെ അനിവാര്യത - വസ്തുതകളും അപഗ്രഥനവും

## ഔട്ട്സോഴ്സ് ചെയ്ത തസ്തികകൾ

**4.1** മഞ്ചേരി മെഡിക്കൽ കോളേജിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ 2013-ൽ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചാണ് 17.12.13-ലെ സ.ഉ (കൈ) 487/2013/ ആകുവ നമ്പർ ഉത്തരവ് പ്രകാരം 107 സ്ഥിരം തസ്തികകളും ഔട്ട്സോഴ്സ് ചെയ്ത് നിയമനം നടത്തുന്നതിനായി 40 തസ്തികകളും സൃഷ്ടിച്ചത്. ലാബ് ടെക്നീഷ്യൻ, ക്ലർക്ക്. ലാബ് അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, സോഷ്യൽ വർക്കർ, റേഡിയോഗ്രാഫർ, ലൈബ്രറി അസിസ്റ്റന്റ്, ധോബി, പവർ ലോൺട്രി അറ്റൻഡന്റ്, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, കാർപെന്റർ എന്നിങ്ങനെ 14 വിഭാഗങ്ങളിൽ താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായാണ് 40 ഔട്ട്സോഴ്സ് തസ്തികകൾ സൃഷ്ടിച്ചത്. ഈ തസ്തികകളിൽ PSC നിയമനം സാധ്യമല്ലാത്തതിനാൽ ദിവസവേതന/കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് നിയമനം നടത്തിവരുന്നത്. ഈ ജീവനക്കാരുടെ വേതനം 2210-05-32-00-02-05 വേജസ് (നോൺ-പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നാണ് നൽകിവരുന്നത്. ഇത്തരത്തിൽ നിയമിതരാകുന്ന ദിവസേവേതന ജീവനക്കാർക്ക് 179 ദിവസം കഴിഞ്ഞ് ഒന്നോ രണ്ടോ ദിവസം സർവ്വീസ് ബ്രേക്ക് നൽകുകയും വീണ്ടും നിയമനം നൽകുകയും ചെയ്യുന്നതായി കാണുന്നു. 2013 മുതൽ ഇത്തരം തസ്തികകളിൽ ജോലിയിൽ പ്രവേശിച്ച ഏതാനും ജീവനക്കാർ സർവ്വീസ് ബ്രേക്കോട് കൂടി ഇപ്പോഴും ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നുമുണ്ട്. പ്രസ്തുത തസ്തികകളിൽ ജോലി ചെയ്തിരുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | തസ്തികയിൽ പ്രവേശിച്ച തീയതി | പ്രതിദിന വേതനം |
|---|---|---|---|---|
| 1. | ആദർശ് എൻ.പി. | ക്ലർക്ക് | 09.09.2015 | 800 |
| 2. | ബേബി സുലി പി. | ക്ലർക്ക് | 01.04.2016 | 800 |
| 3. | ഗോകുൽ നാഥ് കെ.പി. | ക്ലർക്ക് | 17.01.2017 | 800 |
| 4. | സോജ ജോർജ് | ക്ലർക്ക് | 13.03.2017 | 800 |
| 5. | ഗിരിജ.പി | ക്ലർക്ക് | 17.01.2017 | 800 |
| 6. | ഷൈനി എം. | ഓഫീസ് അറ്റൻഡന്റ് | 04.09.2013 | 710 |
| 7. | നൗഷാദ് സി. | ഓഫീസ് അറ്റൻഡന്റ് | 03.09.2016 | 710 |
| 8. | ദിൽജിത്ത് വി. | പവർ ലോൺട്രി അറ്റൻഡർ | 14.02.2018 | 710 |
| | | ഓഫീസ് അറ്റൻഡന്റ് | 13.04.2021 | 710 |
| 9. | റജീന.എൻ.കെ | ലൈബ്രറി അസിസ്റ്റന്റ് | 22.02.2016 | 710 |
| 10. | ഷറഫുദ്ദീൻ.പി | ധോബി | 22.02.2016 | 710 |
| 11. | സഞ്ജീവ് കുമാർ | ധോബി | 22.02.2016 | 710 |
| 12. | സംഗീത.പി | ധോബി | 22.02.2016 | 710 |
| 13. | ചന്ദ്രൻ വി. | ധോബി | 20.02.2017 | 710 |
| 14. | മോനിഷ കെ. | ലാബ് ടെക്നീഷ്യൻ | 10.03.2025 | 900 |
| 15. | പ്രസീത എം. | ലാബ് ടെക്നീഷ്യൻ | 10.03.2025 | 900 |
| 16. | സുഭി കെ. | ലാബ് ടെക്നീഷ്യൻ | 17.02.2024 | 900 |
| 17. | ബിനേഷ് ഇ. | ലാബ് ടെക്നീഷ്യൻ | 04.08.2025 | 900 |
| 18. | രജിഷ എം.പി. | ലാബ് ടെക്നീഷ്യൻ | 02.05.2025 | 900 |
| 19. | ദീപ പി. | ലാബ് ടെക്നീഷ്യൻ | 22.03.2025 | 900 |

| | | | | |
|---|---|---|---|---|
| 20. | രേവതി എ. | ലാബ് ടെക്നീഷ്യൻ | 06.08.2025 | 900 |
| 21. | രമ്യ സി. | ലാബ് അസിസ്റ്റന്റ് | 07.02.2025 | 770 |
| 22. | നിഖിൽ പി. | ലാബ് അസിസ്റ്റന്റ് | 10.02.2025 | 770 |
| 23. | ഷജില റ്റി. | ലാബ് അസിസ്റ്റന്റ് | 10.02.2025 | 770 |
| 24. | ഷമീറ സി. | ലാബ് അസിസ്റ്റന്റ് | 10.02.2025 | 770 |
| 25. | ഫസീല വി. | ലാബ് അസിസ്റ്റന്റ് | 02.04.2025 | 770 |
| 26. | മിനിമോൾ മഞ്ചേരി | ഓഫീസ് അറ്റൻഡന്റ് | 07.04.2025 | 710 |
| 27. | മൊഹമ്മദ് ഫൈസൽ | ഡ്രൈവർ | 09.04.2025 | 770 |
| 28. | കൃഷ്ണപ്രിയ കെ. | റേഡിയോഗ്രാഫർ | 27.03.2025 | 900 |
| 29. | ഷീന വി. | ധോബി | 25.09.2025 | 710 |
| 30. | ശരത് കുമാർ എം. | പവർ ലോൺട്രി അറ്റൻഡന്റ് | 06.12.2022 | 710 |
| 31. | അനീസ് മോൻ പി.പി. | പവർ ലോൺട്രി അറ്റൻഡന്റ് | 13.12.2022 | 710 |
| 32. | രധൂപ് പി. | പവർ ലോൺട്രി അറ്റൻഡന്റ് | 12.12.2022 | 710 |
| 33. | അരുൺ കെ. | പവർ ലോൺട്രി അറ്റൻഡന്റ് | 19.12.2022 | 710 |
| 34. | മഞ്ജുഷ കൊടക്കാടൻ | പവർ ലോൺട്രി അറ്റൻഡന്റ് | 13.12.2022 | 710 |
| 35. | രേണുക കെ. | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 09.10.2024 | 900 |
| 36. | പ്രീത ഇ.കെ. | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 08.04.2025 | 900 |

| | | | | |
|---|---|---|---|---|
| 37. | | ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ | വേക്കന്റ് | |
| 38. | സഡ്വല ദിനേഷ് സി. | ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ | 26.03.2025 | Consolidated Pay - Rs.20000/- per month |
| 39. | ഫാത്തിമത്ത് സുഹ്റ വി.പി | സോഷ്യൽ വർക്കർ | 2026 മാർച്ച് | 1060 |
| 40. | - | കാർപെന്റർ | വേക്കന്റ് | 770 |

**4.2** മേൽ പ്രസ്താവിച്ച ഔട്ട്സോഴ്സ് ചെയ്ത 40 തസ്തികകളിലെ 27 ജീവനക്കാർ സേവനം അവസാനിപ്പിച്ചതായും ഈ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 6 മാസത്തേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതായുമാണ് കാണുന്നത്. 13 ജീവനക്കാർ മാത്രമേ പുനർനിയമനത്തിന്റെ അടിസ്ഥാനത്തിൽ ഔട്ട്സോഴ്സ് ചെയ്ത തസ്തികകളിൽ ഇപ്പോഴും തുടരുന്നുള്ളൂ. ഇത്തരം ജീവനക്കാരുടെ നിയമന ഉത്തരവ്, നിയമന രീതി എന്നിവ പഠനസംഘം വ്യക്തമായി പരിശോധിച്ചു. ഈ 13 ജീവനക്കാരും ആദ്യ നിയമനം നേടി 179 ദിവസത്തിനകം വിടുതൽ വാങ്ങുകയും രണ്ടോ മൂന്നോ ദിവസത്തിന് ശേഷം നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർനിയമനം ലഭിച്ചവരുമാണ്. ഔട്ട്സോഴ്സ് ചെയ്ത തസ്തികകളിൽ നിലവിലുള്ള 13 ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | തസ്തികയിൽ പ്രവേശിച്ച തീയതി | ശമ്പളം |
|---|---|---|---|---|
| 1. | ആദർശ് എൻ.പി. | ക്ലർക്ക് | 09.09.2015 | 800 |
| 2. | ബേബി സുലി പി. | ക്ലർക്ക് | 01.04.2016 | 800 |
| 3. | ഗോകുൽ നാഥ് കെ.പി. | ക്ലർക്ക് | 13.03.2017 | 800 |
| 4. | സോജി ജോർജ് | ക്ലർക്ക് | 01.04.2016 | 800 |
| 5. | ഗിരിജ.പി | ക്ലർക്ക് | 17.01.2017 | 800 |

| | | | | |
|---|---|---|---|---|
| 6. | ഷൈനി എം. | ഓഫീസ് അറ്റൻഡന്റ് | 04.09.2013 | 710 |
| 7. | നൗഷാദ് സി. | ഓഫീസ് അറ്റൻഡന്റ് | 03.09.2016 | 710 |
| 8. | ദിൽജിത്ത് വി. | പവർ ലോൺട്രി അറ്റൻഡർ | 14.02.2018 | 710 |
| | | ഓഫീസ് അറ്റൻഡന്റ് | 13.04.2021 | 710 |
| 9. | റജീന.എൻ.കെ | ലൈബ്രറി അസിസ്റ്റന്റ് | 22.02.2016 | 710 |
| 10. | ഷറഫുദ്ദീൻ.പി | ധോബി | 22.02.2016 | 710 |
| 11. | സഞ്ജീവ് കുമാർ.കെ.സി | ധോബി | 22.02.2016 | 710 |
| 12. | സംഗീത.പി | ധോബി | 22.02.2016 | 710 |
| 13. | ചന്ദ്രൻ വി. | ധോബി | 20.02.2017 | 710 |

**4.3** മഞ്ചേരി മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 24.09.2013-ലെ E1-35/(D)/2013/GMCM (III) നമ്പർ ഉത്തരവ് പ്രകാരം 'മോർച്ചറി അറ്റൻഡന്റ്' തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ അനാട്ടമി വിഭാഗത്തിൽ നിയമിതനായ ശ്രീ. അബ്ദുൾ ജലീൽ.എം എന്ന ജീവനക്കാരൻ സർവ്വീസ് ബ്രേക്കോട് കൂടി ഇപ്പോഴും അനാട്ടമി വിഭാഗത്തിൽ തുടരുന്നുണ്ട്. മെഡിക്കൽ കോളേജിൽ ടി വിഭാഗത്തിൽ നിലവിലുള്ള 'അറ്റൻഡന്റ്' എന്ന സ്ഥിരം തസ്തികയിലാണ് പ്രസ്തുത ജീവനക്കാരൻ ഇപ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നത്.

**4.4** ഔട്ട്സോഴ്സ് ചെയ്ത കാറ്റഗറിയിൽ നിയമിതരായ പല ജീവനക്കാരും ആശുപത്രിയിലെ ജീവനക്കാരുടെ അപര്യാപ്തത മൂലം ഇപ്പോൾ മറ്റ് പല തസ്തികകളിലായാണ് സേവനമനുഷ്ഠിക്കുന്നതെന്ന് കാണുന്നു. ധോബി വിഭാഗത്തിൽ നിയമിതനായ ശ്രീ.ഷറഫുദ്ദീൻ.പി എന്ന ജീവനക്കാരൻ നിലവിൽ അനാട്ടമി വിഭാഗത്തിലെ അറ്റൻഡന്റ് തസ്തികയിലാണ് ജോലി ചെയ്യുന്നത്. ഈ ജീവനക്കാരനും മോർച്ചറി അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ദിവസവേതന

ജീവനക്കാരനും ശവശരീരങ്ങൾ എംബാം ചെയ്യുന്നതടക്കമുള്ള ജോലികളാണ് ഇപ്പോൾ നിർവ്വഹിക്കുന്നത്. ഇത്തരം ജോലികൾ ചെയ്യാൻ വിമുഖത കാട്ടുന്നവരാണ് ഇപ്പോഴത്തെ സാഹചര്യത്തിൽ കൂടുതലെങ്കിലും വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിൽ ഈ രണ്ട് ജീവനക്കാരും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പുതുതായി നിയമിക്കുന്നവർക്ക് എംബാം ഉൾപ്പെടെയുള്ള ജോലികൾ പഠിച്ചെടുക്കാൻ താമസമെടുക്കുന്നതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിൽ ഈ രണ്ട് താത്കാലിക ജീവനക്കാരും ജോലിചെയ്യുന്നുണ്ട്.

**4.5** ധോബി തസ്തികയിൽ നിയമിതരായ അഞ്ച് പേരിൽ രണ്ട് പേർ മാത്രമാണ് ധോബി വിഭാഗത്തിൽ ജോലി ചെയ്യുന്നത്. മറ്റ് മൂന്നുപേരിൽ ഒരാൾ അനാട്ടമി വിഭാഗത്തിലും ഒരാൾ 'ഓഫീസ് അറ്റൻഡന്റ്-കം-ഡ്രൈവർ' തസ്തികയിലും മറ്റൊരാൾ 'ക്ലീനർ' തസ്തികയിലുമാണ് സേവനമനുഷ്ഠിക്കുന്നതെന്നും കാണുന്നു. കൂടാതെ ഔട്ട്സോഴ്സ് ചെയ്ത പവർലോൺട്രി അറ്റൻഡന്റ് കാറ്റഗറിയിലെ ജീവനക്കാരൻ ലൈബ്രറിയിലെ അറ്റൻഡറായും ജോലി ചെയ്യുന്നുണ്ട്.

## ഔട്ട്സോഴ്സ് ചെയ്ത തസ്തികകൾ - മറ്റ് മെഡിക്കൽ കോളേജുകളുമായുള്ള താരതമ്യപഠനം

**4.6** മഞ്ചേരി മെഡിക്കൽ കോളേജിൽ 14 വിഭാഗങ്ങളിലായി നിലവിലുള്ള ഔട്ട്സോഴ്സ് ചെയ്ത തസ്തികകളും മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള ഇത്തരം തസ്തികകളുടെ വിന്യാസവും പഠനസംഘം പരിശോധനാ വിധേയമാക്കുകയുണ്ടായി. മറ്റ് മെഡിക്കൽ കോളേജുകളിലെ ഇത്തരം തസ്തികകളുടെ വിന്യാസം, നിയമന രീതി എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | നിലവിലുള്ള മെഡിക്കൽ കോളേജിന്റെ പേര് | തസ്തികകളുടെ ആകെ എണ്ണം | സ്ഥിരം/ താത്കാലികം | നിയമനരീതി |
|---|---|---|---|---|---|
| 1 | ലാബ് ടെക്നീഷ്യൻ | തിരുവനന്തപുരം | 98 | സ്ഥിരം | PSC മുഖേന നേരിട്ടുള്ള നിയമനം |
| | | കൊല്ലം | 56 | | |
| | | ആലപ്പുഴ | 61 | | |

| | | | | | |
|---|---|---|---|---|---|
| | | കോന്നി | 15 | | |
| | | ഇടുക്കി | 3 | | |
| | | കോട്ടയം | 57 | | |
| | | എറണാകുളം | 28 | | |
| | | തൃശ്ശൂർ | 76 | | |
| | | കോഴിക്കോട് | 66 | | |
| | | മഞ്ചേരി | 8 | | |
| | | കാസർഗോഡ് | 3 | | |
| 2 | ധോബി | തിരുവനന്തപുരം | 11 | സ്ഥിരം | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന |
| | | കൊല്ലം | 4 | | |
| | | ആലപ്പുഴ | 2 | | |
| | | കോട്ടയം | 5 | | |
| | | തൃശ്ശൂർ | 13 | | |
| | | കോഴിക്കോട് | 18 | | |
| 3 | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | തിരുവനന്തപുരം | 18 | സ്ഥിരം | PSC മുഖേന നേരിട്ടുള്ള നിയമനം |
| | | കൊല്ലം | 10 | | |
| | | കോന്നി | 2 | | |
| | | ആലപ്പുഴ | 9 | | |
| | | കോട്ടയം | 11 | | |
| | | തൃശ്ശൂർ | 19 | | |
| | | കോഴിക്കോട് | 9 | | |
| | | കാസർഗോഡ് | 2 | | |
| 4 | പവർ ലോൺട്രി അറ്റൻഡർ | തിരുവനന്തപുരം | 10 | സ്ഥിരം | PSC മുഖേന നേരിട്ടുള്ള നിയമനം |
| | | കോട്ടയം | 7 | | |
| | | കോന്നി | 2 | | |
| | | കാസർഗോഡ് | 2 | | |
| 5 | ലൈബ്രറി അസിസ്റ്റന്റ്/ | തിരുവനന്തപുരം | 13 | സ്ഥിരം | ബൈ ട്രാൻസ്ഫർ |
| | | ആലപ്പുഴ | 5 | | |
| | | കോട്ടയം | 18 | | |

| | | | | | |
|---|---|---|---|---|---|
| | ലൈബ്രറി അറ്റൻഡർ/ക്ലറിക്കൽ അറ്റൻഡർ | തൃശ്ശൂർ | 10 | | |
| | | കോഴിക്കോട് | 6 | | |
| | | കോന്നി | 2 | | |
| | | കൊല്ലം | 5 | | |
| | | മഞ്ചേരി | 1 | | |
| | | വയനാട് | 1 | | |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ | മഞ്ചേരി | 1 | ഔട്ട്സോഴ്സ് മുഖേന | മറ്റ് മെഡിക്കൽ കോളേജുകളിൽ ഈ തസ്തിക നിലവിലില്ല |
| 7. | ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ | മഞ്ചേരി | 1 | | |
| 8 | സോഷ്യൽ വർക്കർ | തിരുവനന്തപുരം | 2 | സ്ഥിരം | ബൈ ട്രാൻസ്ഫർ |
| | | കൊല്ലം | 1 | | |
| | | മഞ്ചേരി | 1 | | |
| 9 | കാർപെന്റർ | കോട്ടയം | 1 | സ്ഥിരം | നേരിട്ടുള്ള നിയമനം (ജില്ലാതലം) |
| | | കൊല്ലം | 1 | | |
| | | കോഴിക്കോട് | 1 | | |
| | | തിരുവനന്തപുരം | 1 | | |
| 10 | ഓഫീസ് അറ്റൻഡന്റ് | തിരുവനന്തപുരം | 24 | സ്ഥിരം | PSC മുഖേന നേരിട്ടുള്ള നിയമനം |
| | | ആലപ്പുഴ | 11 | | |
| | | കോട്ടയം | 13 | | |
| | | തൃശ്ശൂർ | 6 | | |
| | | കോഴിക്കോട് | 15 | | |
| | | കൊല്ലം | 4 | | |
| | | മഞ്ചേരി | 2 | | |
| | | കോന്നി | 2 | | |
| | | എറണാകുളം | 1 | | |
| | | കാസർഗോഡ് | 1 | | |

| | | | | | |
|---|---|---|---|---|---|
| | | വയനാട് | 1 | | |
| 11 | ഡ്രൈവർ | തിരുവനന്തപുരം | 24 | സ്ഥിരം | PSC മുഖേന നേരിട്ടുള്ള നിയമനം |
| | | കൊല്ലം | 5 | | |
| | | കോട്ടയം | 16 | | |
| | | ആലപ്പുഴ | 15 | | |
| | | തൃശ്ശൂർ | 12 | | |
| | | കോഴിക്കോട് | 16 | | |
| | | കോന്നി | 2 | | |
| 12 | ക്ലർക്ക് | തിരുവനന്തപുരം | 51 | സ്ഥിരം | PSC മുഖേന നേരിട്ടുള്ള നിയമനം |
| | | കൊല്ലം | 13 | | |
| | | ആലപ്പുഴ | 28 | | |
| | | കോട്ടയം | 30 | | |
| | | കോന്നി | 6 | | |
| | | എറണാകുളം | 11 | | |
| | | ഇടുക്കി | 4 | | |
| | | തൃശ്ശൂർ | 32 | | |
| | | കോഴിക്കോട് | 48 | | |
| | | മഞ്ചേരി | 10 | | |
| | | വയനാട് | 4 | | |
| | | കാസർഗോഡ് | 6 | | |
| 13 | ലാബ് അസിസ്റ്റന്റ് | തിരുവനന്തപുരം | 6 | സ്ഥിരം | PSC മുഖേന നേരിട്ടുള്ള നിയമനം |
| | | കോട്ടയം | 4 | | |
| | | ആലപ്പുഴ | 4 | | |
| | | ഇടുക്കി | 2 | | |
| | | കൊല്ലം | 2 | | |
| | | തൃശ്ശൂർ | 2 | | |
| | | എറണാകുളം | 2 | | |
| | | കോഴിക്കോട് | 4 | | |
| | | മഞ്ചേരി | 2 | | |

| | | | | | |
|---|---|---|---|---|---|
| 14 | റേഡിയോഗ്രാഫർ | തിരുവനന്തപുരം | 47 | സ്ഥിരം | PSC മുഖേന നേരിട്ടുള്ള നിയമനം |
| | | കൊല്ലം | 15 | | |
| | | ആലപ്പുഴ | 15 | | |
| | | തൃശ്ശൂർ | 15 | | |
| | | കോഴിക്കോട് | 39 | | |
| | | കോട്ടയം | 29 | | |
| | | എറണാകുളം | 9 | | |
| | | കോന്നി | 2 | | |
| | | കാസർഗോഡ് | 5 | | |
| | | മഞ്ചേരി | 2 | | |

**4.7** നിലവിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ വിഭാഗങ്ങൾ ഒഴികെ മറ്റ് 12 വിഭാഗങ്ങളിലും സ്ഥിരം തസ്തികകൾ നിലവിലുള്ളതായി മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. ഔട്ട്സോഴ്സ് ചെയ്ത് നിയമിക്കേണ്ട വിഭാഗങ്ങളിലുൾപ്പെടുന്ന ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകൾ മറ്റൊരു മെഡിക്കൽ കോളേജിലും നിലവിലില്ലാത്തതും മഞ്ചേരി മെഡിക്കൽ കോളേജിൽ മാത്രം നിലവിലുള്ളവയുമാണ്.

## ഔട്ട്സോഴ്സ് ചെയ്ത വിഭാഗത്തിലെ തസ്തികകളുടെ അനിവാര്യത

**4.8** വിവിധ കാലയളവുകളിലായി തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും ജോലിഭാരം ക്രമാതീതമായി വർദ്ധിച്ചതിനാൽതന്നെ ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിന് മതിയായ ജീവനക്കാർ ഇപ്പോൾ നിലവിലില്ലാത്ത അവസ്ഥയാണെന്ന് പ്രവൃത്തിപഠന സംഘത്തിന് നേരിട്ട് ബോധ്യപ്പെട്ടിട്ടുണ്ട്. മെഡിക്കൽ കോളേജിലെ എല്ലാ വിഭാഗങ്ങളിലേയും വകുപ്പ് മേധാവികളും ഡോക്ടർമാരും മറ്റ് സ്റ്റാഫുകളും പഠനസംഘത്തിനെ നേരിട്ട് സന്ദർശിക്കുകയും ഓരോ വിഭാഗത്തിലും ജീവനക്കാരുടെ അപര്യാപ്തതമൂലമുള്ള പരിമിതികൾ നേരിട്ട്

ബോധ്യപ്പെടുത്തുകയും അവരുടെ ആവശ്യങ്ങൾ പ്രത്യേകമായി തന്നെ കൈമാറുകയും ചെയ്തു. പഠനസംഘത്തിന്റെ പ്രവൃത്തിപഠനപരിധിയിൽ വരാത്ത വിഷയമെന്നതിനാൽ വകുപ്പ് തലവന്മാർ കൈമാറിയ പ്രൊപ്പോസലുകൾ പ്രിൻസിപ്പലിന് സമർപ്പിക്കാനും അടിയന്തര കൂടിയാലോചനകൾ നടത്തി മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും അനിവാര്യമായ തസ്തികകൾ മാത്രം കണ്ടെത്തി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ മുഖേന ഭരണവകുപ്പിന് കൈമാറാനും പഠനസംഘം നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിന്റെയും തലവന്മാരിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ അപര്യാപ്തത മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് വളരെയധികം തടസ്സം സൃഷ്ടിക്കുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞ സാഹചര്യത്തിൽ പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകൾ പരിഗണിക്കുന്നതിനൊപ്പം **മെഡിക്കൽ കോളേജിന്റെ പ്രവർത്തനവും തസ്തികകളുടെ അനിവാര്യതയും പൂർണ്ണമായി മനസ്സിലാക്കുന്നതിനായി ഭരണവകുപ്പിലേയും മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലേയും ഉന്നത ഉദ്യോഗസ്ഥരുടെ സംയുക്ത സംഘം മഞ്ചേരി മെഡിക്കൽ കോളേജ് എത്രയും പെട്ടെന്ന് സന്ദർശിക്കണമെന്ന് പഠനസംഘം നിർദേശിക്കുന്നു.**

**4.9** ഔട്ട്സോഴ്സ് ചെയ്ത വിഭാഗത്തിൽ നിലവിലുള്ള തസ്തികകളിൽ ക്ലർക്ക് തസ്തിക മാത്രമാണ് മെഡിക്കൽ കോളേജിന്റെ ഭരണപരമായ ആവശ്യങ്ങൾ നിർവഹിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ വിന്യസിക്കപ്പെട്ടിട്ടുള്ളത്. ഔട്ട്സോഴ്സ് ചെയ്ത മറ്റെല്ലാ തസ്തികകളും ഓരോ വിഭാഗങ്ങൾക്കൊപ്പമാണ് പ്രവർത്തിക്കുന്നത്. ക്ലർക്കിന്റെ 10 സ്ഥിരം തസ്തികകളാണ് ഈ മെഡിക്കൽ കോളജിനായി അനുവദിക്കപ്പെട്ടിട്ടുള്ളത്. ഔട്ട്സോഴ്സ് ചെയ്ത 5 ദിവസവേതന ക്ലർക്ക് തസ്തികകളുമുൾപ്പെടെ 15 ക്ലർക്കുമാർ ഇവിടെ സേവനമനുഷ്ഠിക്കുന്നുണ്ട്. ഔട്ട്സോഴ്സ് വിഭാഗത്തിൽപ്പെട്ട ക്ലർക്കുമാരുടെ ദിവസവേതനം 800/- ആണ്.

**4.10** മഞ്ചേരി മെഡിക്കൽ കോളജിന്റെ അതിവേഗ വളർച്ചയും വികസന പ്രവർത്തനങ്ങളും സ്ഥാപനത്തിന്റെ ഭരണപരമായ ജോലിഭാരം വർദ്ധിപ്പിക്കുന്നതായി ബോധ്യപ്പെട്ടു. MBBS കോഴ്സും വിശാലമായ അക്കാദമിക് വിഷയങ്ങളുൾപ്പെടുന്ന

പി.ജി പ്രോഗ്രാമുകളും നിലവിലുള്ള ഈ മെഡിക്കൽ കോളേജിലെ MBBS സീറ്റുകളുടെ എണ്ണം 110-ൽ നിന്ന് 150 ആക്കി ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പുതിയ പോസ്റ്റ് ഗ്രാജ്വേറ്റ് (പി.ജി) കോഴ്സുകൾ ആരംഭിക്കുകയും പി.ജി സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും കോഴ്സുകളും ഡിപ്ലോമാ പ്രോഗ്രാമുകളും ഫാർമസി ഡിഗ്രി കോഴ്സുകളും മറ്റ് പാരാമെഡിക്കൽ ഡിഗ്രി/ഡിപ്ലോമ കോഴ്സുകളും ആരംഭിച്ചതോടെ അഡ്മിനിസ്ട്രേറ്റീവ്, അക്കാദമിക്, സ്റ്റോർ വിഭാഗങ്ങളിലുള്ള പ്രവർത്തനങ്ങളുടെ സങ്കീർണതകളും വ്യാപ്തിയും ജോലിഭാരവും വലിയൊരളവ് വരെ വർദ്ധിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ ആരോഗ്യവകുപ്പിന് കീഴിൽ നിലവിലുള്ള എല്ലാ ജീവനക്കാരേയും മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലേക്ക് സംയോജിപ്പിക്കുന്ന പ്രക്രിയയും ഇപ്പോൾ നടന്നു വരുന്നുണ്ട്. ഇവയെല്ലാം ക്ലർക്ക് വിഭാഗത്തിലെ ജീവനക്കാരുടെ ജോലികൾ വർദ്ധിപ്പിക്കുന്നതായും അധിക തസ്തികകൾ അനിവാര്യമാണെന്ന വസ്തുതയിലേക്ക് നയിക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് ക്ലർക്ക് തസ്തികയിൽ നിലവിലുള്ള ജീവനക്കാരുടെ ജോലിഭാര പരിശോധന നടത്തേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു.

## <u>മിനിസ്റ്റീരിയൽ തസ്തികകളിലെ ജോലിഭാര പരിശോധന</u>

**4.11** മിനിസ്റ്റീരിയൽ വിഭാഗത്തിൽ അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിങ്ങനെ മൂന്ന് സൂപ്പർവൈസറി തസ്തികകളും പത്ത് സ്ഥിരം ക്ലർക്ക് തസ്തികകളും കൂടാതെ ഔട്ട്സോഴ്സ് അടിസ്ഥാനത്തിൽ അഞ്ച് ക്ലർക്കുമാരും ഈ കാര്യാലയത്തിൽ നിലവിലുണ്ട്. A1 , A2, C1, C2 (അക്കൗണ്ട്സ് & ബില്ലുകൾ), B1, B2, B3, (അക്കാദമിക്), D1 (ഡെവലപ്പ്മെന്റ്), H1 (ഹോസ്റ്റൽ അഡ്മിഷൻ & ക്വാർട്ടേഴ്സ് അലോട്ട്മെന്റ്), E1, E2, E3 (എസ്റ്റാബ്ലിഷ്മെന്റ്), S1, S2, S3 (പർച്ചേസ് & സ്റ്റോർസ്) എന്നിങ്ങനെ 15 സീറ്റുകൾ നിലവിലുണ്ട്. ഇവയിൽ A2, B1, C1, C2, D1, H1, E1, E3, S1, S3 എന്നീ 10 സീറ്റുകളിൽ ക്ലർക്ക് തസ്തികയിലെ സ്ഥിരം ജീവനക്കാരും A1, B2, B3, S2, മെഡിസിൻ & അലൈഡ് സ്പെഷ്യാലിറ്റി വിഭാഗം എന്നീ സീറ്റുകളിൽ ഔട്ട്സോഴ്സ് ചെയ്ത ക്ലർക്ക് തസ്തികയിലെ 5 ജീവനക്കാരുമാണ് ജോലി

ചെയ്യുന്നത്. E2 സീറ്റിൽ ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാരനും സർജറി & അലൈഡ് സ്പെഷ്യാലിറ്റി എന്ന ക്ലിനിക്കൽ വിഭാഗത്തിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററും നിലവിൽ ക്ലറിക്കൽ ജോലികൾ ചെയ്യുന്നുണ്ട്.

**4.12** ഭരണപരമായ സൗകര്യാർത്ഥം സുഗമമായ പ്രവർത്തനങ്ങൾക്കായി ഈ സെക്ഷനുകളിലെ ജോലികൾ 07.07.2025-ലെ GMCMNJ/1143/2023-ഇ 1 ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. നിലവിൽ ഈ ഉത്തരവ് അടിസ്ഥാനമാക്കിയാണ് സെക്ഷനിലെ ജോലികൾ ക്രമീകരിച്ചിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷത്തിൽ 15 സീറ്റുകളിലുമായി 12,272 തപാലുകൾ ലഭ്യമായതായി കാണുന്നു. ഓരോ സീറ്റിലും ലഭിച്ച തപാലുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **സീറ്റ്** | **തപാലുകളുടെ എണ്ണം** |
|---|---|---|
| 1 | എ 1 | 601 |
| 2 | എ 2 | 516 |
| 3 | ബി 1 | 1151 |
| 4 | ബി 2 | 657 |
| 5 | ബി 3 | 370 |
| 6 | സി 1 | 254 |
| 7 | സി 2 | 166 |
| 8 | ഡി 1 | 1091 |
| 9 | എച്ച് 1 | 534 |
| 10 | ഇ 1 | 2459 |
| 11 | ഇ 2 | 1050 |
| 12 | ഇ 3 | 1623 |
| 13 | എസ് 1 | 551 |
| 14 | എസ് 2 | 803 |
| 15 | എസ് 3 | 446 |
| | **ആകെ** | **12,272** |

**4.13** പഠനസംഘം തയ്യാറാക്കി നൽകിയ പ്രൊഫോർമ പ്രകാരം ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മെഡിസിൻ & അലൈഡ് സ്പെഷ്യാലിറ്റി എന്ന ക്ലിനിക്കൽ വിഭാഗത്തിലുള്ള ഔട്ട്സോഴ്സ് ചെയ്ത ക്ലർക്ക് ഉൾപ്പെടെ ക്ലർക്ക് തസ്തികയിലെ എല്ലാ ജീവനക്കാരുടെയും 'ഇ 2' സീറ്റിൽ നിലവിൽ ജോലിചെയ്യുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റേയും സർജറി & അലൈഡ് സ്പെഷ്യാലിറ്റി എന്ന ക്ലിനിക്കൽ വിഭാഗത്തിൽ ക്ലറിക്കൽ ജോലികൾ ചെയ്യുന്ന ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടേതും ഉൾപ്പെടെ 17 ജീവനക്കാരുടെ മനുഷ്യവിഭവശേഷി പരിശോധനാവിധേയമാക്കുകയും ഫയൽ/ഫയൽ ഇതര ജോലികൾ എന്നിവയ്ക്കാവശ്യമായ സമയം കണക്കാക്കുകയും ചെയ്തു. ഓരോ സീറ്റിലേയും ജോലിഭാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **സീറ്റ്** | **ആകെ ജോലിസമയം (മണിക്കൂറിൽ)** |
|---|---|---|
| 1 | എ 1 | 2027.83 |
| 2 | എ 2 | 1948.16 |
| 3 | ബി 1 | 1959.22 |
| 4 | ബി 2 | 2222.05 |
| 5 | ബി 3 | 1438.17 |
| 6 | സി 1 | 1684.65 |
| 7 | സി 2 | 332.25 |
| 8 | ഡി 1 | 1962.65 |
| 9 | എച്ച് 1 | 1697.40 |
| 10 | ഇ 1 | 1749.00 |
| 11 | ഇ 3 | 1620.20 |
| 12 | എസ് 1 | 1992.76 |
| 13 | എസ് 2 | 2109.18 |
| 14 | എസ് 3 | 2371.20 |
| 15 | മെഡിസിൻ & അലൈഡ് സ്പെഷ്യാലിറ്റി വിഭാഗം | 2054.48 |

| | | |
|---|---|---|
| 16 | ഇ 2 (കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്) | 2107.24 |
| 17 | സർജറി & അലൈഡ് സ്പെഷ്യാലിറ്റി വിഭാഗം (ഡാറ്റാ എൻട്രി ഓപ്പറേറ്റർ) | 2043.17 |
| **ആകെ ജോലി സമയം** | | **31319.60** |
| **മനുഷ്യ വിഭവശേഷി സൂചിക** | | **18.42** |
| **ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം** | | **19.00** |

**4.14** ജോലിഭാരം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ 19 ക്ലർക്ക് തസ്തികകൾ അനിവാര്യമാണെന്നും മിനിസ്റ്റീരിയൽ വിഭാഗത്തിൽ സ്ഥിരം തസ്തികയിലെ ജീവനക്കാരെ നിയമിക്കുന്നതാണ് അഭികാമ്യമെന്നും പഠനസംഘം വിലയിരുത്തുന്നു. ഔട്ട്സോഴ്സ് ചെയ്ത വിഭാഗത്തിലുൾപ്പെട്ട അഞ്ച് തസ്തികകൾ കൂടി സ്ഥിരം തസ്തികകളാക്കി മാറ്റണമെന്നും നിലവിലുള്ള 10 സ്ഥിരം തസ്തികകൾക്ക് പുറമേ അധികമായി ആവശ്യമെന്ന് പഠനസംഘം കണ്ടെത്തിയ 4 ക്ലർക്ക് തസ്തികകൾ കൂടി സൃഷ്ടിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും പഠനസംഘത്തിന് ബോധ്യപ്പെട്ടു. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ **മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിലുള്ള ഔട്ട്സോഴ്സ് ചെയ്ത 5 തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റണമെന്നും നിലവിലുള്ള 10 സ്ഥിരം തസ്തികൾക്ക് പുറമേ 4 ക്ലർക്ക് തസ്തികകൾ പുതുതായി സൃഷ്ടിക്കണമെന്നും പഠനസംഘം ശിപാർശ ചെയ്യുന്നു.** പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിയാത്ത പക്ഷം കൂടുതൽ ക്ലർക്ക് തസ്തികകൾ വിന്യസിച്ചിട്ടുള്ള തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാരുടെ ജോലിഭാരം പഠനവിധേയമാക്കിയ ശേഷം ഇവയിൽ സൗകര്യപ്രദമായ നാല് മെഡിക്കൽ കോളേജുകളിൽ നിന്ന് ഓരോ തസ്തികകൾ വീതം എന്ന ക്രമത്തിൽ നാല്

ക്ലർക്ക് തസ്തികകൾ മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് പുനർവിന്യസിക്കുന്നതിനുള്ള സാധ്യത ഭരണവകുപ്പ് പരിശോധിക്കണമെന്നും ശിപാർശ ചെയ്യുന്നു.

**4.15** പുതുതായി സൃഷ്ടിക്കുന്നതിനായി ശിപാർശ ചെയ്ത 4 ക്ലർക്ക് തസ്തികകൾ കൂടി ഉൾപ്പെടുമ്പോൾ ഈ കാര്യാലയത്തിൽ 19 ക്ലർക്ക് തസ്തികകൾ നിലവിലുണ്ടാകും. ഇത്രയും തസ്തികകൾക്കാനുപാതികമായി സൂപ്പർവൈസറി തസ്തികകളും അനിവാര്യമാണ്. എന്നാൽ അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നീ വിഭാഗങ്ങളിലായി ഓരോ തസ്തിക വീതം മൂന്ന് സൂപ്പർവൈസറി തസ്തികകൾ മാത്രമാണ് ഈ കാര്യാലയത്തിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിലവിലുള്ളത്.

**4.16** നാലാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച 16.09.1985-ലെ സ.ഉ (അച്ചടി) 515/85/ധന നമ്പർ ഉത്തരവ് പ്രകാരം ആറ് ക്ലർക്ക് തസ്തികകൾക്ക് ഒരു ജൂനിയർ സൂപ്രണ്ട് തസ്തികയും മൂന്ന് മുതൽ അഞ്ചുവരെ ക്ലർക്ക് തസ്തികകൾക്ക് ഒരു ഹെഡ് ക്ലർക്ക് തസ്തികയും ആറ് ടൈപ്പിസ്റ്റ് തസ്തികകൾക്ക് ഒരു ഫെയർകോപ്പി സൂപ്രണ്ട് തസ്തികയും അനുവദനീയമാണെന്നും സീനിയർ സൂപ്രണ്ട് തസ്തിക ഭരണപരമായ ആവശ്യങ്ങൾക്കനുസരിച്ച് അനുവദിക്കുന്നത് തുടരാനും ഇപ്രകാരമുള്ള പാറ്റേണിൽ തസ്തികകൾ പുനക്രമീകരിക്കുന്നതിനായി വകുപ്പ് തലവന്മാർ പ്രപ്പോസലുകൾ സമർപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെ ക്രമീകരണം ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴും നടത്തിവരുന്നത് എന്നതിനാൽ മഞ്ചേരി മെഡിക്കൽ കോളേജിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെ ആവശ്യകതയും പരിശോധിക്കുകയുണ്ടായി.

**4.17** നിലവിൽ 5 ഔട്ട്സോഴ്സ് ചെയ്ത തസ്തികകളും 10 സ്ഥിരം തസ്തികകളുമുൾപ്പെടെ 15 ക്ലർക്ക് തസ്തികകൾക്ക് ഒരു ജൂനിയർ സൂപ്രണ്ട് തസ്തികയാണ് സൂപ്പർവൈസറി തലത്തിൽ ഈ കാര്യാലയത്തിൽ നിലവിലുള്ളത്. ഈ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ തന്നെ 15 ക്ലർക്കുമാർക്ക് രണ്ട്

ജൂനിയർ സൂപ്രണ്ട് തസ്തികകൾ ഈ കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്ക് നിലവിൽ ആവശ്യമാണെന്ന് കാണാം. പുതുതായി നിർദേശിക്കുന്ന 4 തസ്തികകൾ കൂടി അനുവദിക്കുന്ന പക്ഷം ആകെ ക്ലർക്കുമാരുടെ എണ്ണം 19 ആകുന്ന അവസ്ഥ സംജാതമാകും. 19 ക്ലർക്ക് തസ്തികകൾക്കാനുപാതികമായി 3 ജൂനിയർ സൂപ്രണ്ട് തസ്തികകൾ ഈ കാര്യാലയത്തിൽ അനിവാര്യമാണെന്നും എന്നാൽ സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നീ വിഭാഗങ്ങളിൽ ഓരോ സ്ഥിരം തസ്തികകൾ നിലവിലുള്ള സാഹചര്യത്തിൽ ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക കൂടി പുതുതായി സൃഷ്ടിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ **19 ക്ലർക്ക് തസ്തികകൾക്കായി നിലവിലുള്ള ഒരു സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകൾക്ക് പുറമേ ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക കൂടി പുതുതായി സൃഷ്ടിക്കണമെന്ന് പഠനസംഘം ശിപാർശ ചെയ്യുന്നു.**

**4.18** പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിയാത്ത പക്ഷം, മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ ആകെ എണ്ണവും വിന്യാസവും 16.09.1985-ലെ സ.ഉ (അച്ചടി) 515/85/ധന നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതും അവയിൽ നിന്നും ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക മഞ്ചേരി മെഡിക്കൽ കോളേജിൽ പുനർവിന്യസിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കേണ്ടതുമാണ്.

## ഓഫീസ് അറ്റൻഡന്റ്

**4.19** മഞ്ചേരി മെഡിക്കൽ കോളേജിൽ നാല് ഓഫീസ് അറ്റൻഡന്റ് തസ്തികകളാണ് ഔട്ട്സോഴ്സ് ചെയ്ത വിഭാഗത്തിൽ നിലവിലുള്ളത്. 710/- രൂപ ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ഇവരെ വിവിധ ജോലികൾക്ക് വിന്യസിച്ച് വരുന്നതായി പഠനസംഘത്തിന് ബോധ്യപ്പെട്ടു.

**4.20** പ്രിൻസിപ്പൽ ഓഫീസിൽ ജോലിചെയ്തു വരുന്ന ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാരൻ സെക്ഷൻ ക്ലർക്കിനെ സഹായിക്കുന്നതിന് പുറമേ MBBS, PG, BSc Nursing എന്നീ പരീക്ഷകളുടെ ഡ്യൂട്ടിയും പോസ്റ്റ് ഓഫീസ്, താലൂക്ക് ഓഫീസ്,

ട്രഷറി, മുനിസിപ്പാലിറ്റി, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സർക്കുലർ നേരിട്ടെത്തിക്കാനും അഡ്മിഷൻ, കോളേജ് ഇലക്ഷൻ, കോളേജ് ഭൂമിയുടെ സർവ്വേ നടത്തുമ്പോൾ സഹായിക്കൽ, PWD, സിവിൽ സ്റ്റേഷൻ, വില്ലേജ്, കോടതി, വിവിധ ബാങ്കുകൾ എന്നിവിടങ്ങളിൽ ആവശ്യങ്ങൾക്കായി പോകുക, HDS, മറ്റ് മീറ്റിംഗുകൾ എന്നിവ കോൺഫറൻസ് ഹാളിൽ വച്ച് നടത്തുമ്പോൾ ആവശ്യമായ സഹായം ലഭ്യമാക്കുക, ഫോട്ടോകോപ്പി എടുക്കുക, ഓഫീസിനാവശ്യമായ സ്റ്റേഷനറി വാങ്ങിക്കുകയെന്ന ചുമതലകൾ നിർവ്വഹിക്കുന്നുണ്ട്.

**4.21** D1, E1 സെക്ഷനുകളിലെ ഫയലുകൾ ക്രമീകരിച്ച് സൂക്ഷിക്കുന്നതിനും ട്രൈബൽ ബില്ലുകൾ ക്രമീകരിച്ച് പാസ് ഓർഡർ സീൽ വെക്കുന്നതിനുമായും സെക്ഷൻ ക്ലർക്കിന് ആവശ്യമായ സഹായങ്ങൾക്കുമായി നിയമിതയായ ഒരു ഓഫീസ് അറ്റൻഡന്റ് ലോക്കൽ ഡെസ്പാച്ച് വിതരണം, എക്സാം ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് ക്ലർക്കുമാരെ സഹായിക്കൽ എന്നീ ചുമതലകളും നിർവ്വഹിക്കുന്നതായി കാണാൻ കഴിഞ്ഞു.

**4.22** ഓഫീസിലെത്തുന്ന ദൈനംദിന തപാലുകൾ സ്കാൻ ചെയ്ത് ഇ-ഓഫീസ് മുഖേന തപാൽ നമ്പർ ജനറേറ്റ് ചെയ്ത് സെക്ഷനുകൾക്ക് സമയബന്ധിതമായി കൈമാറുക, തപാലിന്റെ അസ്സൽ പകർപ്പ് നേരിട്ട് സെക്ഷനുകളിൽ എത്തിക്കുക എന്നീ ചുമതല മറ്റൊരു ഓഫീസ് അറ്റൻഡന്റ് നിർവ്വഹിക്കുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ഓഫീസിൽ നേരിട്ടെത്തിയ 11606 തപാലുകൾ, ഇൻട്രാ ഓഫീസ് മുഖേന ലഭ്യമായ 82 തപാലുകൾ, ഇന്റർ ഓഫീസ് മുഖേന ലഭ്യമായ 28 തപാലുകൾ എന്നിങ്ങനെ ആകെ 11716 തപാലുകൾ ഈ ജീവനക്കാരൻ കൈകാര്യം ചെയ്തതായി കാണുന്നു. നേരിട്ടെത്തിയ 11606 തപാലുകളിൽ 4969 എണ്ണം ലോക്കൽ ഡെലിവറിയായും 1785 എണ്ണം പോസ്റ്റ് മുഖേനയും 4850 എണ്ണം ഇ-മെയിൽ മുഖാന്തിരവും ലഭ്യമായവയാണ്.

**4.23** 2013-മുതൽ ജോലി ചെയ്തുവരുന്ന ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിലുൾപ്പെട്ട മറ്റൊരു ജീവനക്കാരി 2014-മുതൽ പത്തോളജി വിഭാഗത്തിൽ സേവന മനുഷ്ഠിക്കുന്നതായി കാണുന്നു. എല്ലാ ഒ.പി-കളിൽ നിന്നും വാർഡുകളിൽ നിന്നും

വരുന്ന സാമ്പിളുകൾ ശേഖരിക്കുക, സാമ്പിളിനൊപ്പം രോഗിയുടെ പേര്, വയസ്, ഫോൺ നമ്പർ, ഇൻപേഷ്യന്റ്/ഔട്ട്പേഷ്യന്റ് നമ്പർ, ഉൾപ്പെട്ടിട്ടുള്ള സ്കീമിന്റെ പേര്, സാമ്പിൾ നമ്പർ രേഖപ്പെടുത്തൽ, സാമ്പിളുകളുടെ റിസൾട്ട് ലഭ്യമാക്കൽ, AK, JSSK, KASP, RBSK, ട്രൈബൽ എന്നീ വിഭാഗത്തിലുൾപ്പെട്ട രോഗികളുടെ പ്രതിമാസകണക്കുകൾ മൈക്രോബയോളജി, പത്തോളജി വിഭാഗങ്ങൾക്ക് കൈമാറുക എന്നീ ചുമതലകൾ ഈ ജീവനക്കാരി ഒറ്റയ്ക്കാണ് ചെയ്തുവരുന്നത്. 2024-ൽ പത്തോളജി വിഭാഗത്തിൽ 8359 രോഗികളും മൈക്രോബയോളജി വിഭാഗത്തിൽ 12442 രോഗികളും വന്നതായി മനസ്സിലാക്കുന്നു. ഇവരിൽ നിന്നും 4458 ബയോപ്സി സാമ്പിളുകൾ, 1498 FNAC സാമ്പിളുകൾ, 2019 CS സാമ്പിളുകൾ, 384 C സാമ്പിളുകൾ എന്നിവയെടുത്തതായി കാണുന്നു. പത്തോളജി വിഭാഗത്തിൽ 3039 യൂറിൻ സാമ്പിളുകൾ, 1462 ബ്ലഡ് സാമ്പിളുകൾ, 295 സ്റ്റൂൾ സാമ്പിളുകൾ, 1615 PUS സാമ്പിളുകൾ, 1553 സ്പൂട്ടം സാമ്പിളുകൾ, 3640 NTEP സാമ്പിളുകൾ, 40 TS സാമ്പിളുകൾ, 86 AFC സാമ്പിളുകൾ, 92 CSF സാമ്പിളുകൾ, 192 മൈക്കോളജി സാമ്പിളുകൾ, 308 Bactech സാമ്പിളുകൾ, 120 CBNAT സാമ്പിളുകൾ എന്നിവ ശേഖരിക്കുകയും റിസൾട്ട് നൽകിയതായും കാണുന്നു. ഇത്രയും സാമ്പിളുകൾ മൈക്രോബയോളജി വിഭാഗത്തിലും ലഭ്യമാകുകയും റിസൾട്ടുകൾ യഥാസമയം നൽകുകയും ചെയ്തിട്ടുണ്ട്.

**4.24** ഇപ്രകാരം വിവിധ വിഭാഗങ്ങളിലായി ചുമതലകൾ നിർവ്വഹിക്കുന്ന നാല് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാരും അവരവരിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ കൃത്യമായി ചെയ്യുന്നുണ്ടെന്നും ഈ തസ്തികകൾ ബന്ധപ്പെട്ട വിഭാഗത്തിന്റെ പ്രവർത്തനത്തിന് വളരെയധികം അനിവാര്യം തന്നെയാണെന്നും പഠനസംഘത്തിന് ബോധ്യപ്പെട്ടു. ഇവ സ്ഥിരം തസ്തികകളാക്കി നിലനിർത്തേണ്ടത് അനിവാര്യമാണെന്ന് ശിപാർശ ചെയ്യുന്നു.

**ലൈബ്രറി അസിസ്റ്റന്റ്**

**4.25** മെഡിക്കൽ കോളേജ് ലൈബ്രറിയിൽ ലൈബ്രറി അസിസ്റ്റന്റ് തസ്തികയിൽ ഔട്ട്സോഴ്സ് ചെയ്ത ഒരു ജീവനക്കാരൻ ജോലി ചെയ്യുന്നുണ്ട്. രണ്ട്

ഷിഫ്റ്റിലായി പ്രവർത്തിക്കുന്ന ഈ ലൈബ്രറിയിൽ ലൈബ്രറി അസിസ്റ്റന്റ് തസ്തികയ്ക്ക് പുറമേ ഒരു അറ്റൻഡർ തസ്തിക കൂടി നിലവിലുണ്ട്. ലൈബ്രറിയുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിന് ഒരേ സമയം രണ്ട് അറ്റൻഡർമാരുടെ സേവനം അനിവാര്യമാകയാൽ പവർ ലോൺട്രി അറ്റൻഡന്റ് തസ്തികയിലെ ഔട്ട്സോഴ്സ് ചെയ്ത കാറ്റഗറിയിലുള്ള ഒരു ജീവനക്കാരനും ഇപ്പോൾ അറ്റൻഡർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

**4.26** പ്രവർത്തനസമയത്തിന് മുൻപ് തന്നെ ലൈബ്രറി തുറന്ന് വായനക്കാർക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യുക, ലൈബ്രറിക്കുള്ളിൽ വായുസഞ്ചാരവും പ്രകാശവും ഉറപ്പാക്കുന്നതിനായി ഫാനുകളും ലൈറ്റുകളും പ്രവർത്തിപ്പിക്കുക, ദിനപത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ എന്നിവ സീൽ ചെയ്ത് സ്റ്റിക്കർ പതിപ്പിച്ച് ടാഗ് ചെയ്ത് വയ്ക്കുക, ലൈബ്രറിയിൽ എത്തുന്നവരുടെ പേരുവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുക, വായനക്കാരുടെ വിലപിടിപ്പുള്ള വസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള പ്രോപ്പർട്ടി കൗണ്ടറിന്റെ ചുമതല, ഉപയോഗിച്ച പുസ്തകങ്ങളെ സെക്ഷൻ, വകുപ്പ് എന്ന ക്രമത്തിൽ അടുക്കി വയ്ക്കുക, റീഡിംഗ് റൂമിലേയും ബുക്ക് ബാങ്കിലേയും ജേർണൽ സെക്ഷനിലേയും വായനക്കാർക്ക് പുസ്തകങ്ങളും ജേർണലുകളും എടുത്ത് നൽകുക, വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടക്കുന്ന സമയത്തെ സേവനം, ഉപയോഗശൂന്യമായ പുസ്തകങ്ങൾ കണ്ടെത്തി ബൈൻഡിംഗ് സെക്ഷനിലേയ്ക്ക് മാറ്റുക, ലൈബ്രറി ഷെൽഫുകളും പുസ്തകങ്ങളും പൊടിതട്ടി വൃത്തിയായി സൂക്ഷിക്കുക, പ്രിന്റ്ഔട്ടായ പുസ്തകങ്ങൾ ലൈബ്രേറിയന്റെ സഹായത്തോടെ കണ്ടെത്തി ആർക്കൈവ്സ് സെക്ഷനിലേയ്ക്ക് മാറ്റുക, ലേണിംഗ് റിസോഴ്സ് സെന്ററിൽ വായനക്കാർക്കാവശ്യമായ സഹായങ്ങൾ ചെയ്യുക, പ്രിന്റിംഗിനും ഫോട്ടോകോപ്പി, സ്കാനിംഗ് എന്നീ കാര്യങ്ങൾക്കും ഇ-ജേർണൽ, ഇ-ബുക്ക്സ്, സ്റ്റാറ്റിസ്റ്റിക്കൽ പാക്കേജ് ഫോർ സോഷ്യൽ സയൻസ് (SPSS) തുടങ്ങിയ വകുപ്പുതല സോഫ്റ്റ്‌വെയറുകളുടെ എൻട്രി നടത്തുന്നതിനുമുള്ള സഹായം, ഫർണിച്ചറുകൾ യഥാസമയത്ത് ക്രമീകരിച്ച് ലൈബ്രറി അടച്ചുപോകുക എന്നീ ചുമതലകൾ അറ്റൻഡറുടെ സഹായത്തോടെ ലൈബ്രറി അസിസ്റ്റന്റ് നിർവ്വഹിച്ചു വരുന്നതായി കാണുന്നു.

**4.27** രാവിലെ 9 മണിമുതൽ വൈകുന്നേരം 8 മണിവരെ പ്രവർത്തിക്കുന്ന ഈ ലൈബ്രറിയിൽ 12000 ബുക്കുകളും ലേണിംഗ് റിസോഴ്സസ് സെന്ററിൽ (LRC) 25 കമ്പ്യൂട്ടറുകളും നിലവിലുണ്ട്. 220 സീറ്റിംഗ് കപ്പാസിറ്റിയും 1600 ചതുരശ്ര മീറ്റർ ഏരിയയുമുള്ള ഈ ലൈബ്രറിയിൽ ലൈബ്രറി ഓട്ടോമേഷൻ സോഫ്റ്റ്‌വെയറായ 'Koha' ഉപയോഗപ്പെടുത്തുന്നുണ്ട്. 80-നും 100-നുമിടയിൽ വിദ്യാർത്ഥികളും ഫാക്കൽറ്റികളും ദിവസേന ഈ ലൈബ്രറി പ്രയോജനപ്പെടുത്തുന്നുണ്ട്. NMC മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ 2025-26-ലെ ആന്വൽ പ്ലാൻ അടിസ്ഥാനമാക്കി 12 ലക്ഷം രൂപ പുസ്തകം വാങ്ങുന്നതിനായും 8 ലക്ഷം രൂപ ജേർണലുകൾ പ്രസിദ്ധീകരിക്കുന്നതിനായും 12.08.2025-ലെ സ.ഉ (സാധാ)-2268/2025/ആകുവ ഉത്തരവ് മുഖേന ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ലൈബ്രറിയുടെ പ്രവർത്തനങ്ങൾ വിശകലനം നടത്തിയതിനെത്തുടർന്ന് ലൈബ്രറിയുടെ സുഗമമായ നടത്തിപ്പിന് 'ലൈബ്രറി അസിസ്റ്റന്റ്' അനിവാര്യമായ തസ്തികകയാണെന്ന വസ്തുത ബോധ്യപ്പെടുകയുണ്ടായി.

## ധോബി & പവർലോൺട്രി അറ്റൻഡന്റ്

**4.28** മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഓപ്പറേഷൻ തീയറ്ററുകൾ, വാർഡുകൾ, ലേബർ റൂം എന്നിവിടങ്ങളിലുപയോഗിക്കുന്ന ഡ്രെസ്സുകൾ, ബെഡ് ഷീറ്റുകൾ, ടേബിൾ ഷീറ്റുകൾ, ട്രോളി ഷീറ്റുകൾ, ചെറിയ ടവ്വലുകൾ തുടങ്ങിയവ കഴുകി വൃത്തിയാക്കി ഉണക്കി ഉപയോഗയോഗ്യമാക്കുന്ന ചുമതല നിർവ്വഹിക്കുന്ന ജീവനക്കാരാണ് ഈ വിഭാഗത്തിലുള്ളത്. ധോബി കാറ്റഗറിയിൽ ഔട്ട്സോഴ്സ് ചെയ്ത അഞ്ച് ജീവനക്കാർ നിലവിലുണ്ടെങ്കിലും രണ്ട് ജീവനക്കാർ മാത്രമാണ് രാവിലെ 7.30 മുതൽ 1.30 വരേയും ഉച്ചയ്ക്ക് 12 മണിമുതൽ 7 മണി വരെയുമുള്ള രണ്ട് ഷിഫ്റ്റുകളിലായി ജോലി ചെയ്യുന്നത്. മറ്റ് മൂന്ന് പേരും ഓഫീസ് അറ്റൻഡന്റ് കം ഡ്രൈവർ, ക്ലീനർ, അനാട്ടമി വിഭാഗത്തിലെ ജോലികൾ എന്നിവയാണ് ചെയ്യുന്നതെന്ന് കാണുന്നു. ഏകദേശം അഞ്ഞൂറിൽപ്പരം തുണികൾ ദിവസേന ഈ ജീവനക്കാർ വാഷ് ചെയ്യുന്നുണ്ട്.

ഇവരുടെ ദിവസവേതനം 710/-രൂപയാണ്. പവർ ലോൺട്രി അറ്റൻഡന്റ് വിഭാഗത്തിലും ഔട്ട്സോഴ്സ് ചെയ്ത 5 തസ്തികകൾ നിലവിലുണ്ട്. ഇവരിൽ നാല് പേർ ലോൺട്രിയിലും ഒരു ജീവനക്കാരൻ ലൈബ്രറി അസിസ്റ്റന്റായുമാണ് ജോലി ചെയ്യുന്നതെന്ന് കാണുന്നു. പ്രതിവർഷം 1,44,000-ൽ കൂടുതൽ ഷീറ്റുകളും 36000-ൽ അധികം ഗൗണുകളും 2400 പില്ലോ കവറുകളും 1200 ടവ്വലുകളും ലോൺട്രി മുഖേന വാഷ് ചെയ്ത് നൽകുന്നുണ്ട്.

**4.29** പഴയ ഓപ്പറേഷൻ തിയേറ്ററുകളിലെ രണ്ട് സാധാരണ വാഷിംഗ് മെഷിനുകളിലായാണ് ധോബി വിഭാഗത്തിലെ ജീവനക്കാർ രക്തം പുരണ്ട തുണികൾ വാഷ് ചെയ്യുന്നത്. ലോൺട്രിയിലെ തുണികൾ പിഴിയുന്ന മെഷീൻ (ഹൈഡ്രോ എക്സ്ട്രാക്ടർ) കേടായത് കാരണം നിലവിലെ മെഷീനിൽ നിന്നും ഓരോ തുണിയും എടുത്ത് പിഴിഞ്ഞ് വിരിച്ച് വെള്ളം വലിഞ്ഞ ശേഷം മാത്രമാണ് ഉണക്കാനുള്ള മെഷീനിലേയ്ക്ക് (ടംബിൾ ഡ്രൈയർ) കൊണ്ടുപോകുന്നത്. പുതുതായി ഇൻസ്റ്റാൾ ചെയ്ത ടംബിൾ ഡ്രൈയർ മുഖേന ഒരു സമയം 100 ഷീറ്റുകൾ അലക്കാൻ കഴിയുന്നുണ്ട്. ഹൈഡ്രോ എക്സ്ട്രാക്ടർ കേടായത് കാരണം ഈ ജീവനക്കാരുടെ ജോലിഭാരം വളരെയധികം വർദ്ധിച്ചതായി കാണുന്നു. പഠനസംഘത്തിന്റെ പരിശോധനാ സമയത്തും ഹൈഡ്രോ എക്സ്ട്രാക്ടർ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

**4.30** മെഡിക്കൽ കോളേജിലെ സെൻട്രൽ സ്റ്റെറൈൽ സപ്ലൈ (CSSD) വകുപ്പിൽ നിലവിലുള്ള രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ ധോബി തസ്തികയിലെ 2 ജീവനക്കാരെ CSSD വകുപ്പിലേയ്ക്ക് ഇടയ്ക്ക് മാറ്റി നിയമിക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ തന്നെ ധോബി, പവർലോൺട്രി അറ്റൻഡർ എന്നീ ജീവനക്കാരുടെ ജോലിഭാരം വർദ്ധിക്കുന്നതായി കാണുന്നു. രോഗീപരിചരണത്തിൽ ആശുപത്രിയിലുപയോഗിക്കുന്ന തുണികൾ, ഷീറ്റുകൾ, ടവലുകൾ എന്നിവ വൃത്തിയായും അണുവിമുക്തമായും സൂക്ഷിക്കേണ്ടതിനാൽ 5 ധോബി തസ്തികകളും 5 പവർലോൺട്രി തസ്തികകളും തികച്ചും അനിവാര്യമായവയാണ്.

**4.31** മെഡിക്കൽ കോളേജിലെ ലോൺട്രി വിഭാഗം പഠനസംഘം സന്ദർശിച്ചു. മറ്റ് സർക്കാർ മെഡിക്കൽ കോളേജിലും സ്വകാര്യ ആശുപത്രികളിലും നിലവിലുള്ള ലോൺട്രി യൂണിറ്റുകളുമായി താരതമ്യം ചെയ്താൽ വളരെ പഴയ മോഡലിലുള്ള വാഷിംഗ് മെഷീനുകളും മോശം അവസ്ഥയിലുള്ള കെട്ടിടവുമാണ് ഈ ആശുപത്രിയിൽ നിലവിലുള്ളതെന്ന് നേരിട്ട് ബോധ്യപ്പെട്ടു. രണ്ട് വാഷിംഗ് മെഷീനുകളും ഹൈഡ്രോ എക്സ്ട്രാക്റ്ററും (ഇപ്പോൾ പ്രവർത്തിക്കുന്നില്ല) ഒരേ മുറിയിലാണ് സജ്ജീകരിച്ചിരിക്കുന്നത്. ഇത് കൂടാതെ തുണികൾ ഉണക്കുന്നതിനായുള്ള ഒരു മുറിയും ജിവനക്കാർക്കായുമുള്ള ഒരു മുറിയും ഉൾപ്പെടെ ചെറിയൊരു ഏരിയയിൽ പ്രവർത്തിക്കുന്ന ലോൺട്രിക്ക് തൊട്ടുചേർന്നാണ് ഉപയോഗശൂന്യമായ വെള്ളം താഴുന്നതിനുള്ള പിറ്റും എടുത്തിട്ടുള്ളത്. അണുബാധ, മറ്റെന്തെങ്കിലും ഇൻഫെക്ഷനുകൾ എന്നിവ ഉണ്ടാകാതെ സൂക്ഷിക്കേണ്ട ഉണങ്ങിയ തുണികൾ വാഷിംഗ് മെഷീൻ സജ്ജീകരിക്കുന്ന മുറിയിൽ കേവലം ഒരു മേശപ്പുറത്ത് ബെഡ്ഷീറ്റ് മാത്രമിട്ട് മൂടി സൂക്ഷിക്കുന്നതായും കാണപ്പെട്ടു. രോഗീപരിചരണത്തിൽ സ്റ്റെറിലൈസ് ചെയ്ത തുണികൾക്കും ബെഡ്ഷീറ്റുകൾക്കുമുള്ള പ്രാധാന്യം മനസ്സിലാക്കാതെ ഇത്തരത്തിൽ ലോൺട്രി പ്രവർത്തിപ്പിക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉടലെടുക്കുന്നതിന് ഹേതുവാകുമെന്ന് വിലയിരുത്തുന്നു. ഭാവിയിലേയ്ക്ക് കൂടി ഉതകും വിധത്തിൽ മതിയായ **സ്ഥലസൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം നിർമ്മിക്കണമെന്നും ലോൺട്രിക്കായി പുതിയ രണ്ടോ മൂന്നോ വാഷിംഗ് എക്സ്ട്രാക്റ്ററുകൾ, ഡ്രൈയിംഗിനായി 2 ടംബിൾ ഡ്രൈയറുകൾ, മറ്റ് നൂതനമായ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുത്തി ലോൺട്രി വിഭാഗം ആധുനികവൽക്കരിക്കുന്നതിനുള്ള അടിയന്തര നടപടി ഭരണവകുപ്പ് സ്വീകരിക്കണമെന്ന് പഠനസംഘം ശിപാർശ ചെയ്യുന്നു.** പ്രവർത്തനപരിധിയിൽ വരുന്ന വിഷയമല്ലെങ്കിൽപോലും പഠനസംഘം നേരിൽ ബോധ്യപ്പെട്ട വിഷയമെന്ന നിലയിൽ ലോൺട്രി ആധുനികവത്കരിക്കുന്ന വിഷയം മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടേയും ഭരണവകുപ്പിന്റേയും സജീവ പരിഗണനയ്ക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഡ്രൈവർ

**4.32** മെഡിക്കൽ കോളേജിൽ ഡ്രൈവർ തസ്തികയിൽ ഔട്ട്സോഴ്സ് ചെയ്ത ഒരു ഡ്രൈവർ മാത്രമാണ് ജോലിചെയ്തു വരുന്നത്. മൂന്ന് വാഹനങ്ങൾ നിലവിലുള്ള ഈ കാര്യാലയത്തിൽ ഒരേ ഒരു ഡ്രൈവർ തസ്തിക മാത്രമാണ് നിലവിലുള്ളതെന്നതിനാൽ ഈ ജീവനക്കാരന്റെ ജോലിഭാരം വളരെയധികം കൂടുതലാണെന്നത് നിസ്തർക്കമായ കാര്യമാണ്. കളക്ട്രേറ്റ്, തൃശ്ശൂർ ആസ്ഥാനമായ കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് (KUHS) എന്നീ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രിൻസിപ്പലിന്റെ ഔദ്യോഗികയാത്രകൾ, പരീക്ഷയ്ക്കുള്ള എക്സാമിനർമാരെ എത്തിക്കുന്ന ജോലി, NMC-യുടേയും KUHS-ന്റേയും ഇൻസ്പെക്ഷൻ സമയത്തെ ജോലികൾ, പ്രൈമറി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള സ്റ്റുഡന്റ് വിസിറ്റിനും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പ്രൈമറി ഹെൽത്ത് സെന്റർ വിസിറ്റിനും ഫാമിലി അഡോപ്ഷൻ പ്രോഗ്രാം (FAP) എന്നിവയ്ക്കുമുപയോഗിക്കുന്ന കോളേജ് ബസ്, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഫാക്കൽറ്റികൾ നടത്തുന്ന FAP വിസിറ്റ്, ട്രൈബൽ വിസിറ്റ് എന്നിവയ്ക്കുപയോഗിക്കുന്ന ഓമ്നി വാൻ, ഓഫീസ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന ബൊലേറോ ജീപ്പ് എന്നിവ ഒരു ഡ്രൈവർ മാത്രം വിശ്രമമില്ലാതെ കൈകാര്യം ചെയ്യുന്നത് അനഭിലഷണീയമായ കാര്യമാണ്. നഴ്സിംഗ് കോളേജിലെ ഡ്രൈവറുടെ സേവനം കൂടി അവശ്യസന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. രാത്രികാലങ്ങളിൽ അധികസമയം വർക്ക് ചെയ്യേണ്ടിവരുന്നുണ്ടെങ്കിലും നിലവിലെ പ്രതിദിന വേതനമായ 770/- രൂപയല്ലാതെ മറ്റൊരു അധികവേതനവും ഡ്രൈവർ തസ്തികയിലെ ജീവനക്കാരന് നൽകാനും കഴിയുന്നില്ല. ഇക്കാരണം കൊണ്ടുതന്നെ ഡ്രൈവർ തസ്തികകൾ കൂടുതലുണ്ടാകേണ്ടത് **ഈ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കും പ്രയോജനപ്പെടും എന്നതിനാൽ നിലവിലുള്ള ഔട്ട്സോഴ്സ് ചെയ്ത ഒരു ഡ്രൈവർ തസ്തിക സ്ഥിരം തസ്തികയാക്കി മാറ്റണമെന്നും കൂടാതെ ഒരു സ്ഥിരം ഡ്രൈവർ തസ്തിക കൂടി പുതുതായി സൃഷ്ടിക്കേണ്ടതുണ്ടെന്നും പഠനസംഘം ശിപാർശ ചെയ്യുന്നു.**

## റേഡിയോഗ്രാഫർ

**4.33** റേഡിയോഗ്രാഫർ തസ്തികയിലും ഔട്ട്സോഴ്സ് ചെയ്ത ഒരു ജീവനക്കാരി പ്രതിദിനം 900/- രൂപ വേതനത്തിൽ ഈ മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നുണ്ട്. എക്സ്-റേ മെഷീൻ കൂടാതെ ഡെന്റൽ എക്സ്-റേ, മാമ്മോഗ്രാം, ഡിജിറ്റൽ എക്സ്-റേ, പോർട്ടബിൾ ബെഡ് സൈഡ് എക്സ്-റേ, C-arm, സി.റ്റി.സ്കാൻ തുടങ്ങിയ മെഷീനുകളിലും ഈ ജീവനക്കാരി ജോലിയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. മോർണിംഗ്, ഈവനിംഗ്, നൈറ്റ് തുടങ്ങി 3 ഷിഫ്റ്റുകളിലായി ജോലി ചെയ്യുന്ന ഈ ജീവനക്കാരിക്ക് മാസത്തിൽ 6 നൈറ്റ് ഡ്യൂട്ടി ഷിഫ്റ്റുകൾ എടുക്കേണ്ടതായി വരുന്നുണ്ട്. ഈവനിംഗ്, നൈറ്റ് ഷിഫ്റ്റുകളിൽ കൗണ്ടർ, റിസപ്ഷൻ എന്നീ ഡ്യൂട്ടികളും ചെയ്യാറുണ്ട്. ഒരു ഷിഫ്റ്റ് ടൈമിൽ ഏകദേശം 100 കേസുകളെങ്കിലും ഈ ജീവനക്കാരി കൈകാര്യം ചെയ്യുന്നുണ്ട്. രണ്ട് സ്ഥിരം റേഡിയോഗ്രാഫർ തസ്തികകൾ മാത്രം നിലവിലുള്ള ഈ ആശുപത്രിയിൽ ഔട്ട്സോഴ്സ് ചെയ്ത റേഡിയോഗ്രാഫർ തസ്തികയുടെ സേവനവും അനിവാര്യം തന്നെയാണ്.

## ലാബ് ടെക്നീഷ്യൻ & ലാബ് അസിസ്റ്റന്റ്

**4.34** മഞ്ചേരി മെഡിക്കൽ കോളേജിൽ ഔട്ട്സോഴ്സ് ചെയ്ത 7 ലാബ് ടെക്നീഷ്യൻ തസ്തികകളും 5 ലാബ് അസിസ്റ്റന്റ് തസ്തികകളും നിലവിലുണ്ട്. ലാബ് ടെക്നീഷ്യൻ വിഭാഗത്തിൽ അനുവദിച്ച 7 തസ്തികകളിൽ ഒരു ഔട്ട്സോഴ്സ് ചെയ്ത തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഫിസിയോളജി, ഫോറൻസിക് മെഡിസിൻ എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തികകളും പത്തോളജി, മൈക്രോബയോളജി എന്നീ വിഭാഗങ്ങളിൽ 2 തസ്തികകളുമായാണ് പ്രസ്തുത 6 തസ്തികകളെ വിന്യസിച്ചിട്ടുള്ളത്. ലാബ് ടെക്നീഷ്യന് 900/- രൂപയും ലാബ് അസിസ്റ്റന്റിന് 770/- രൂപയുമാണ് പ്രതിദിനവേതനമായി നിലവിൽ നൽകി വരുന്നത്.

**4.35** വിദ്യാർത്ഥികളെ പ്രാക്ടിക്കൽ സെഷനുകളിൽ സഹായിക്കുക, ക്ലിനിക്കൽ പരിശോധനയ്ക്കാവശ്യമായ ഉപകരണങ്ങൾ സൂക്ഷിക്കുക, റിസർച്ച് ലാബുകളിലെ ECG മെഷീൻ, എർഗോഗ്രാഫ്, ഡിജിറ്റൽ സ്പൈറോമീറ്റർ, ബിപി അപ്പാരറ്റസ്, ഡബിൾ

വാൾഡ് സ്പൈറോമീറ്റർ എന്നിവയുടെ മെയിന്റനൻസ്, തിയറി പരീക്ഷകളുടെ നടത്തിപ്പിന് സഹായിക്കുക, ഫോറൻസിക് മെഡിസിൻ വിഭാഗത്തിലെ മ്യൂസിയത്തിലേയും റിസർച്ച് ലാബിലേയും പോസ്റ്റ്മോർട്ടം പരിശോധനകളുടെ പഠനാവശ്യത്തിനുമുള്ള സ്പെസിമനുകൾ മൗണ്ട് ചെയ്യുക, മൗണ്ട് ചെയ്ത സ്പെസിമനുകൾ മ്യൂസിയത്തിൽ അറേഞ്ച് ചെയ്തു വയ്ക്കുക, മെഡിക്കൽ (എംബിബിഎസ്) വിദ്യാർഥികളുടെ പഠനസംബന്ധമായ അറ്റൻഡൻസ് രജിസ്റ്ററുകളുടെ മെയിന്റനൻസ്, മോർച്ചറി ടെക്നീഷ്യന്റെ അഭാവത്തിൽ പോസ്റ്റ്മോർട്ടം പരിശോധനകളിൽ ഡോക്ടറുടെ സഹായിയായി പ്രവർത്തിക്കുക, കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ, മെഷീനറി, ഫർണിച്ചർ, ലൈബ്രറി തുടങ്ങിയവയുടെ സ്റ്റോക്കുകൾ പരിശോധിക്കുകയും ആവശ്യമുള്ളവ സ്റ്റോക്കിൽ നിന്നെത്തിക്കുകയും സ്റ്റോക്ക് എൻട്രി ഡോക്യുമെന്റേഷൻ നടത്തുകയെന്നതും ഈ തസ്തികയുടെ ചുമതലയാണ്.

**4.36** പത്തോളജി വിഭാഗത്തിലെ രണ്ട് ജീവനക്കാർ 2024-ൽ ഹിസ്റ്റോപത്തോളജിയുടെ 4458 സാമ്പിളുകളും 2025 സെപ്റ്റംബർ വരെ 1250 സാമ്പിളുകളും എടുത്തിട്ടുണ്ട്. കൂടാതെ 01.04.2024 മുതൽ 31.03.25 വരെ 14,322 സാമ്പിളുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിന്റെ നാലിരട്ടിയോളം സ്ലൈഡുകളും (57288) പ്രോസസ് ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും 1440 സാമ്പിളുകൾ സമാഹരിച്ചതായും കാണുന്നു.

**4.37** മൈക്രോബയോളജി വിഭാഗത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 3289 യൂറിൻ സാമ്പിളുകളും 1648 ബ്ലഡ് സാമ്പിളുകളും 1648 സ്വാബ് സാമ്പിളുകളുമുൾപ്പെടെ 10,363 സാമ്പിളുകളും 241 ബാക്ടീരിയ സാമ്പിളുകളും പരിശോധിച്ചിട്ടുണ്ട്.

**4.38** ഈ മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുള്ള 8 സ്ഥിരം ലാബ് ടെക്നീഷ്യൻ തസ്തികകളിലെ ജീവനക്കാരും 5 ഔട്ട്സോഴ്സ് ചെയ്ത ജീവനക്കാരും പൂർണ്ണതോതിൽ പ്രവർത്തിച്ചാൽ മാത്രമേ ലാബുകളുടെ പ്രവർത്തനം സുഗമമായി നടക്കുകയുള്ളൂ. ഔട്ട്സോഴ്സ് ചെയ്ത വിഭാഗത്തിലുൾപ്പെട്ട 5 ലാബ് അസിസ്റ്റന്റ്

തസ്തികകളെ മൈക്രോബയോളജി, ബയോകെമിസ്ട്രി, ഫാർമക്കോളജി വിഭാഗത്തിൽ ഓരോന്നു വീതവും പത്തോളജി വിഭാഗത്തിൽ രണ്ട് വീതവും വിന്യസിച്ചിട്ടുണ്ട്. ലബോറട്ടറികളുമായി ബന്ധപ്പെട്ട് ഇത്രയധികം ജോലികൾ നിലവിലുള്ള സാഹചര്യത്തിൽ ഔട്ട്സോഴ്സ് ചെയ്ത ലാബ് ടെക്നീഷ്യൻ, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളുടെ പ്രവർത്തനങ്ങൾ ലാബിന്റെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്.

## ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ

**4.39** മഞ്ചേരി മെഡിക്കൽ കോളേജിൽ 24 മണിക്കൂറും (24 X 7) പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കാണ് നിലവിലുള്ളത്. കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റുകളും ഇതോടൊപ്പം നിലവിലുണ്ട്. മലപ്പുറം, പൊന്നാനി, വണ്ടൂർ, തിരൂരങ്ങാടി തുടങ്ങിയ നാല് സ്റ്റോറേജ് സെന്ററുകൾക്കും മലപ്പുറം ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികൾക്കും സ്വകാര്യ ആശുപത്രികൾക്കും ഈ ബ്ലഡ് ബാങ്കിൽ നിന്ന് രക്തവും, ബ്ലഡ് കമ്പോണന്റും ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ട്.

**4.40** ബ്ലഡ് ബാങ്കിൽ ഔട്ട്സോഴ്സ് ചെയ്ത രണ്ട് ബ്ലഡ് ബാങ്ക് ടെക്നീഷ്യന്മാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവർക്ക് പ്രതിദിനം 900/- രൂപയാണ് വേതനമായി നൽകി വരുന്നത്. പൂർണ്ണമായും സ്റ്റെറൈൽ മാർഗ്ഗങ്ങളിലൂടെ സുരക്ഷിതമായി ബ്ലഡ് കളക്ഷൻ നടത്തുകയും അവയുടെ ടെസ്റ്റുകൾ സമയപരിധിക്കുള്ളിൽ നടത്തി കൃത്യമായി സ്റ്റോക്ക് ചെയ്യുകയും ആശുപത്രികൾക്കും ആവശ്യക്കാർക്കും നിശ്ചിത ഗ്രൂപ്പ് ബ്ലഡ്/ ബ്ലഡ് കംപോണന്റ്സ് വിതരണം ചെയ്യുക എന്നതുമാണ് ഈ തസ്തികയിലെ ജീവനക്കാരുടെ ചുമതല. സെൻട്രലൈസ്ഡ് ബ്ലഡ് സെന്റർ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായ 'ഇ-രക്തകോശ്' എന്ന പോർട്ടലിൽ സ്റ്റോക്ക് ഡീറ്റെയിൽസ് അപ്ഡേറ്റ് ചെയ്യുന്ന പ്രധാന ചുമതലയും ഈ ജീവനക്കാർക്കുണ്ട്. ആഴ്ച തോറും രണ്ടോ മൂന്നോ ഔട്ട്ഡോർ ബ്ലഡ് ഡൊണേഷൻ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ബ്ലഡ് കൾച്ചർ, ടെസ്റ്റിംഗ്, ബ്ലഡ് ബാഗ് ഇന്റഗ്രിറ്റി ചെക്കുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ക്വാളിറ്റി കൺട്രോൾ ചെക്കിംഗ് എല്ലാ മാസവും കൃത്യമായി ചെയ്യുന്നുണ്ട്.

**4.41** 2024-25 കാലയളവിൽ 4700 രക്തദാതാക്കളിൽ നിന്നും ഈ ബ്ലഡ് ബാങ്ക് മുഖേന രക്തം സ്വീകരിച്ചതായി കാണുന്നു. 7050 ബ്ലഡ് ഗ്രൂപ്പിംഗുകളും 3930 ക്രോസ് മാച്ചിംഗുകളും 4,700 HIV, Hbs Ag, സിഫിലിസ്, മലേറിയ ടെസ്റ്റുകളും, 19 റിയാക്ഷൻ ഇൻവെസ്റ്റിഗേഷനുകളും ഈ ബ്ലഡ് ബാങ്ക് മുഖേന നടത്തിയിട്ടുണ്ട്.

**4.42** ബ്ലഡ് ബാങ്കിൽ നിലവിൽ ആരോഗ്യ വകുപ്പിൽ നിന്നുള്ള ഒരു സ്ഥിരം ജീവനക്കാരനും ഔട്ട്സോഴ്സ് ചെയ്ത രണ്ട് ബ്ലഡ് ബാങ്ക് ടെക്നീഷ്യന്മാരും ജോലി ചെയ്യുന്നുണ്ട്. പകൽസമയത്തെ രണ്ട് ഷിഫ്റ്റുകളും നൈറ്റ് ഷിഫ്റ്റുകളുമായി ആഴ്ചയിൽ ഏഴ് ദിവസവും ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നത് ഔട്ട്സോഴ്സ് വിഭാഗത്തിലുൾപ്പെടുന്ന രണ്ട് ബ്ലഡ് ബാങ്ക് ടെക്നീഷ്യന്മാരെയും കൂടി ഉൾപ്പെടുത്തിയാണ്. കൂടാതെ ജില്ലയിലെ നാല് സ്റ്റോറേജ് സെന്ററുകൾക്കും സർക്കാർ/ സ്വകാര്യ ആശുപത്രികൾക്കും ആവശ്യാനുസരണം രക്തം വിതരണം ചെയ്യുന്നതിനും ബ്ലഡ് ബാങ്കിൽ ടെക്നീഷ്യൻ തസ്തികകൾ അനിവാര്യമാണ്. ഇക്കാരണങ്ങൾ പരിഗണിച്ച് നിലവിൽ രണ്ട് ഔട്ട്സോഴ്സ് ചെയ്ത ബ്ലഡ് ബാങ്ക് ടെക്നീഷ്യൻമാരുടെയും തസ്തിക ബ്ലഡ് ബാങ്കിന്റെ തടസ്സമില്ലാത്ത പ്രവർത്തനത്തിന് അനിവാര്യമാണെന്ന് പഠനസംഘം വിലയിരുത്തുന്നു.

## <u>ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ</u>

**4.43** മഞ്ചേരി മെഡിക്കൽ കോളേജിൽ ഔട്ട്സോഴ്സ് ചെയ്ത കാറ്റഗറിയിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഒരു ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകൾ നിലവിലുണ്ട്. മെഡിക്കൽ കോളേജിലെ ബയോമെഡിക്കൽ വിഭാഗത്തിലാണ് ഈ രണ്ട് തസ്തികകൾ നിലവിലുള്ളത്. ബയോമെഡിക്കൽ എഞ്ചിനീയറിംഗിൽ ബി.ടെക് ബിരുദവും 500 ബെഡുകളുള്ള ആശുപത്രിയിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയവുമാണ് ഈ തസ്തികയ്ക്ക് വേണ്ട അടിസ്ഥാന യോഗ്യത.

**4.44** മെഡിക്കൽ ഉപകരണങ്ങളുടെ ക്വാളിറ്റി പരിശോധന, സാങ്കേതിക പരിശോധന, ഇൻവെസ്റ്റിഗേഷൻ എന്നിവ നിർവഹിക്കുന്നത് ഈ ജീവനക്കാരാണ്.

ഗുണമേന്മയുള്ള ഉപകരണങ്ങളുടെ പർച്ചേസ് നടത്തുന്നതും പ്രവർത്തനരഹിതമായ ഉപകരണങ്ങളിൽ റിപ്പയർ ചെയ്യാൻ സാധിക്കുന്നവ അപ്പപ്പോൾ തന്നെ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും അല്ലാത്തവ അതത് കമ്പനിയുടെ സർവീസ് എഞ്ചിനീയർമാരെ അറിയിച്ച് റിപ്പയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും ബയോമെഡിക്കൽ വിഭാഗത്തിന് കീഴിലുള്ള ഈ ജീവനക്കാരാണ്. ഉപകരണങ്ങളുടെ CAMC (Comprehensive Annual Maintenane Contract), AMC എന്നിവയെടുക്കുന്നതിനും അവ യഥാസമയം പുതുക്കുന്നതിനുള്ള നടപടികളും ഈ ജീവനക്കാർ സ്വീകരിക്കുന്നുണ്ട്.

**4.45** മെഡിക്കൽ കോളേജിലെ എല്ലാ വിഭാഗങ്ങളിലും നിലവിലുള്ള മെഡിക്കൽ ഉപകരണങ്ങളുമായി ബന്ധപ്പെട്ട വാറന്റി, പർച്ചേസ് വിശദാംശങ്ങൾ, CAMC, AMC പ്രവർത്തനക്ഷമത എന്നിവയെല്ലാം കൃത്യമായി അറിയുന്നതിനും വിശകലനം ചെയ്യുന്നതിനുമായി ബയോമെഡിക്കൽ വിഭാഗത്തിൽ 'Inventory Software' നിലവിലുണ്ട്. ഈ സോഫ്റ്റ്‌വെയറിൽ നിലവിലുള്ള എല്ലാ ഉപകരണങ്ങളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഭാരിച്ച ഈ ചുമതലയും നിലവിൽ ഔട്ട്സോഴ്സ് ചെയ്ത വിഭാഗത്തിലുൾപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ താത്കാലിക ജീവനക്കാരാണ് നിർവഹിക്കുന്നത്. ഇപ്പോൾ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ജീവനക്കാരന് പ്രതിമാസം 20,000/- രൂപ കൺസോളിഡേറ്റഡ് ശമ്പളമാണ് ഇപ്പോൾ നൽകിവരുന്നത്.

**4.46** ബയോമെഡിക്കൽ വിഭാഗത്തിൽ കംപ്ലെയിന്റുകൾ രേഖപ്പെടുത്തുന്നതിനായി Daily Complaint Register, റിപ്പയറിംഗിനായി എത്തുന്ന ഉപകരണങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന Incoming Repair Register, സർവീസിനായി കമ്പനികൾക്ക് കൈമാറുന്ന ഉപകരണങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഔട്ട്ഗോയിങ് രജിസ്റ്റർ, പുതുതായി സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ഇൻസ്റ്റലേഷൻ രജിസ്റ്റർ, റിപ്പയറിന് ശേഷം മടക്കി

നൽകുന്ന ഉപകരണങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ഇഷ്യൂ രജിസ്റ്റർ എന്നിവ ഈ ജീവനക്കാർ സൂക്ഷിക്കുന്നുണ്ട്. എഞ്ചിനീയർ തസ്തികയിലെ ഉദ്യോഗസ്ഥരാണ് ഇത്തരം രജിസ്റ്ററുകളുടെ കസ്റ്റോഡിയൻ. 2024-25 കാലയളവിൽ 4380 പരാതികൾ ബയോമെഡിക്കൽ വിഭാഗത്തിൽ എത്തിയിട്ടുണ്ട്. ഇവ കൃത്യമായി പരിശോധിക്കുകയും ഇക്കാര്യം ഡെയിലി കംപ്ലെയ്ന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി കാണുന്നു. കൂടാതെ 840 മെഡിക്കൽ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ഇൻവെന്ററി സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും അത് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

**4.47** മെഡിക്കൽ ഉപകരണങ്ങളുടേയും സ്പെയർ, ആക്സസറീസ് എന്നിവയുടേയും പർച്ചേസ്, CAMC എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ഫയൽ വർക്കുകളുടേയും പ്രഭവസ്ഥാനം ബയോമെഡിക്കൽ വിഭാഗമാണ്. ബി-ടെക് യോഗ്യതയും പ്രവൃത്തി പരിചയമുള്ള ഉദ്യോഗാർത്ഥികളെ ഈ തസ്തികയിലെ ഒഴിവുകളിൽ നിയമിച്ച് ഉപകരണ ലഭ്യത ഉറപ്പുവരുത്തേണ്ടതും രോഗീപരിചരണത്തിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിച്ച് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സുഗമമാക്കേണ്ടതും അത്യന്താപേക്ഷിതമാണെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.48** മഞ്ചേരി ഒഴികെ മറ്റ് മെഡിക്കൽ കോളേജുകളിൽ ഒന്നും തന്നെ ഈ രണ്ട് തസ്തികകളും നിലവിലില്ല എന്ന് DME റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 'ബയോമെഡിക്കൽ എഞ്ചിനീയർ' എന്ന തസ്തികയാണ് മറ്റു മെഡിക്കൽ കോളേജുകളിൽ നിലവിലുള്ളത്. **ഈ സാഹചര്യത്തിൽ ഈ വിഭാഗത്തിൽ സ്ഥിരം തസ്തിക സൃഷ്ടിക്കുന്ന അവസരത്തിൽ അവയെ 'ബയോമെഡിക്കൽ എഞ്ചിനീയർ ഗ്രേഡ് I, ഗ്രേഡ് II' എന്ന് പുനർനാമകരണം ചെയ്യണമെന്ന് പഠനസംഘം നിർദേശിക്കുന്നു.**

**4.49** കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച് 2014-16 കാലയളവിൽ കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി തയ്യാറാക്കിയ അഞ്ചാമത് റിപ്പോർട്ടിലെ 20, 21 എന്നീ നമ്പർ ശിപാർശകളിന്മേൽ അടിയന്തര നടപടി സ്വീകരിച്ച് ഒരാഴ്ചക്കകം റിപ്പോർട്ട്

സമർപ്പിക്കാൻ ആരോഗ്യ കുടുംബക്ഷേമ (കെ) വകുപ്പിൽ നിന്ന് 22.12.2023-ൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നതായി കാണുന്നു. ബയോമെക്കാനിക്കൽ ഉപകരണങ്ങൾ ധാരാളം വാങ്ങുന്നുണ്ടെങ്കിലും മെയിന്റനൻസിനുള്ള സംവിധാനമില്ലായെന്നതും കാലിബ്രേഷൻ ചെയ്യാത്തതിനാൽ റീഡിംഗിൽ തെറ്റ് സംഭവിക്കുന്നുണ്ടെന്നും ബോധ്യപ്പെട്ട സമിതി എല്ലാ സംവിധാനങ്ങളും ആവശ്യമായ സ്റ്റാഫും ഉൾപ്പെട്ട ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വകുപ്പ് എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കണമെന്നും ചികിത്സാ ഉപകരണങ്ങൾക്ക് മൂന്ന് വർഷത്തെ ഗ്യാരന്റിയും ഏഴ് വർഷത്തെ AMC വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ വയ്ക്കണമെന്നും ശിപാർശ ചെയ്തതായി കാണുന്നു. കൂടാതെ, കേടായ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിലെ കാലതാമസവും സ്വകാര്യ മേഖലയെ സഹായിക്കുന്നതിനായി സ്കാനിംഗ് മെഷീനുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ചില സന്ദർഭങ്ങളിൽ കേടാകുന്നതായും മനസ്സിലാക്കിയ സമിതി റിപ്പയറിംഗ് നടപടിക്രമങ്ങൾ ലഘൂകരിക്കാനും ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്താനും ശിപാർശ ചെയ്യുകയുണ്ടായി.

**4.50** നിയമസഭാ സമിതിയുടെ ശിപാർശകളുടെ കൂടി അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി **എല്ലാ മെഡിക്കൽ കോളേജുകളിലും അനുവദിക്കുന്ന അതേ സ്റ്റാഫ് പാറ്റേണിൽ മഞ്ചേരി മെഡിക്കൽ കോളേജിലും 'ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വകുപ്പ്' രൂപീകരിക്കണമെന്നും ഈ വിഭാഗത്തിൽ സ്ഥിരം തസ്തിക സൃഷ്ടിക്കുന്ന അവസരത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകളെ 'ബയോമെഡിക്കൽ എഞ്ചിനീയർ ഗ്രേഡ് I, ഗ്രേഡ് II' എന്ന് പുനർനാമകരണം ചെയ്യണമെന്നും പഠനസംഘം ശിപാർശ ചെയ്യുന്നു.**

## <u>സോഷ്യൽ വർക്കർ</u>

**4.51** സോഷ്യൽ വർക്കർ തസ്തികയിൽ പ്രതിദിനം 1060/- രൂപ വേതനം നിശ്ചയിച്ച് ഒരു ഔട്ട്സോഴ്സ് ചെയ്ത തസ്തിക അനുവദിച്ചിട്ടുണ്ട്. ഒഴിഞ്ഞു കിടന്ന ഈ

തസ്തികയിൽ 2026 മാർച്ചിൽ നിയമനം നടത്തിയതായി കാണുന്നു. പൊതുജനങ്ങളിൽ ആരോഗ്യ അവബോധം സൃഷ്ടിക്കുകയെന്ന പ്രാഥമിക ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി അനുവദിച്ച ഈ തസ്തിക തിരുവനന്തപുരം (2), കൊല്ലം (1), മഞ്ചേരി (1) എന്നീ മെഡിക്കൽ കോളേജുകളിൽ മാത്രമേ നിലവിലുള്ളൂ. മഞ്ചേരിയിൽ ഔട്ട്സോഴ്സ് ചെയ്ത തസ്തികയായും മറ്റ് മെഡിക്കൽ കോളേജുകളിൽ ബൈട്രാൻസ്ഫർ മുഖേന നികത്തുന്ന സ്ഥിരം തസ്തികയായുമാണ് 'സോഷ്യൽ വർക്കർ' തസ്തിക നിലവിലുള്ളത്. മറ്റ് രണ്ട് പ്രധാന മെഡിക്കൽ കോളേജുകളിലും സോഷ്യൽ വർക്കർ തസ്തിക നിലവിലുള്ള സാഹചര്യത്തിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിലുള്ള ഈ തസ്തിക നിലനിർത്തണമെന്ന് നിർദ്ദേശിക്കുന്നു.

## <u>കാർപെന്റർ</u>

**4.52** മെഡിക്കൽ കോളേജിൽ അനിവാര്യമായ കാർപെന്ററി ജോലികൾ കൈകാര്യം ചെയ്യുന്നതിനായി ഔട്ട്സോഴ്സ് ചെയ്ത വിഭാഗത്തിൽ പ്രതിദിനം 770/- രൂപ വേതനം നിശ്ചയിച്ച് ഒരു 'കാർപെന്റർ' തസ്തിക വിഭാഗത്തിൽ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്.

**4.53** മഞ്ചേരി കൂടാതെ കോട്ടയം, കൊല്ലം, കോഴിക്കോട്, തിരുവനന്തപുരം എന്നീ മെഡിക്കൽ കോളേജുകളിൽ കാർപെന്ററുടെ ഓരോ സ്ഥിരം തസ്തിക നിലവിലുള്ളതായി DME കൈമാറിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ടുള്ള നിയമന രീതിയാണ് ഈ തസ്തികയ്ക്ക് പ്രസ്തുത ജില്ലകളിൽ നടപ്പാക്കി വരുന്നത്.

**4.54** കാർപെന്ററി വർക്കുകൾ അനിവാര്യമായ സന്ദർഭങ്ങളിൽ പുറത്തുനിന്ന് ജോലിക്കാരെ യഥാസമയം ലഭ്യമാകാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. കൂടാതെ ഇത്തരം ജീവനക്കാർക്ക് വേതനം കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ കട്ടപ്പമേറിയതാണ്. ഈ തസ്തിക നിലനിർത്തുന്നത് ഉചിതമാകുമെന്ന് പഠനസംഘം കരുതുന്നു. എല്ലാ ദിവസവും ഇത്തരം റിപ്പയർ വർക്കുകളുണ്ടാകാനുള്ള സാധ്യതയില്ലായെന്ന വസ്തുത കൂടി കണക്കിലെടുത്ത് കാർപെൻട്രി ജോലി

നിലവിലില്ലാത്ത ദിവസങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ ഈ തസ്തികയിലെ ജീവനക്കാരന്റെ സേവനം പ്രയോജനപ്പെടുത്തണമെന്നും ശിപാർശ ചെയ്യുന്നു.

## ഔട്ട്സോഴ്സ് ചെയ്ത തസ്തികകൾ - പഠനസംഘത്തിന്റെ കണ്ടെത്തൽ

**4.55** 28.07.2017-ലെ സ.ഉ (അച്ചടി) 56/2017/ധന നമ്പർ ഉത്തരവ് പ്രകാരം കരാർ നിയമനങ്ങൾ രണ്ട് വർഷ കാലാവധിക്ക് ശേഷം സർക്കാർ അനുമതിയോടെ മാത്രമേ പുതുക്കിനൽകാവൂ എന്ന് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമിതരാകുന്ന ഔട്ട്സോഴ്സ് ചെയ്ത ജീവനക്കാർക്ക് 179 ദിവസങ്ങൾക്ക് ശേഷം ഒന്നോ രണ്ടോ ദിവസത്തെ ഇടവേള (സർവ്വീസ് ബ്രേക്ക്) നൽകിയശേഷം വീണ്ടും നിയമനം നൽകുന്ന രീതിയാണ് ഈ കാര്യാലയത്തിൽ പിന്തുടർന്ന് വരുന്നത്. ഈ തസ്തികകൾ അനിവാര്യമാണെന്ന പഠനസംഘത്തിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ **ഔട്ട്സോഴ്സ് ചെയ്ത തസ്തികകൾ സ്ഥിരം തസ്തികകളാക്കണമെന്നും ഇവയിൽ PSC മുഖേന നിയമനം അടിയന്തരമായി നടത്തണമെന്നും പഠനസംഘം ശിപാർശ ചെയ്യുന്നു.**

**4.56** ഔട്ട്സോഴ്സ് ചെയ്ത തസ്തികകളിൽ 2013 മുതൽ നിയമിതരായവരിൽ 179 ദിവസത്തിനകം വിടുതൽ വാങ്ങിയ ശേഷം പുനർനിയമനം നൽകി ഇപ്പോഴും തുടരുന്നതായ 13 ജീവനക്കാർ നിലവിലുണ്ട്. കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ 2013-ൽ നിയമിതനായ ഒരു ജീവനക്കാരനും ഇപ്രകാരം പുനർനിയമനം നേടി അനാട്ടമി വിഭാഗത്തിൽ നിലവിലുള്ളതായി കാണുന്നു.

**4.57** ഇത്തരത്തിൽ കരാർ/ദിവസവേതനം നടത്തുന്ന വേളകളിലും സേവനകാലാവധി ദീർഘിപ്പിച്ച് നൽകുന്ന വേളകളിലും പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് ധനകാര്യ (വ്യയം-സി) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 19.04.2025 -ലെ സ.ഉ (അച്ചടി) 54/2025/ധന നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2 (6) പ്രകാരം നിയമനം നടത്തുന്ന വേളയിലും സേവന കാലാവധി ദീർഘിപ്പിച്ച് നൽകുന്ന വേളയിലും താൽക്കാലികാടിസ്ഥാനത്തിൽ നിയമനം

നൽകുന്ന വ്യക്തിയുടെ പക്കൽ നിന്നും 'സ്ഥിരനിയമന വാദം ഉന്നയിക്കില്ല' എന്ന സത്യവാങ്മൂലം ബന്ധപ്പെട്ട നിയമനാധികാരി വാങ്ങിയിരിക്കേണ്ടതാണെന്നും നിയമനം ലഭിക്കുന്ന വ്യക്തിയുമായി ഏർപ്പെടുന്ന കരാറിൽ 'ഈ തസ്തികയിലോ/ വകുപ്പിലോ/സ്ഥാപനത്തിലോ ഇതുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വകുപ്പിലോ/ സ്ഥാപനങ്ങളിലോ/തസ്തികകളിലോ സ്ഥിരപ്പെടുത്തുന്നതിന് യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല' എന്ന നിബന്ധന ഉൾപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**4.58** മഞ്ചേരി മെഡിക്കൽ കോളേജിൽ ദിവസവേതനാടിസ്ഥാനത്തിലും ഔട്ട്സോഴ്സ് ചെയ്ത തസ്തികകളിലും പുനർനിയമനം നൽകി ഇപ്പോഴും തുടരുന്ന ജീവനക്കാരുടെ കാര്യത്തിൽ മേൽ പ്രസ്താവിച്ച ഉത്തരവിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. **ദിവസവേതന ജീവനക്കാർക്ക് പുനർനിയമം നൽകുന്ന പക്ഷം 19.04.2025 - ലെ സ.ഉ. (അച്ചടി) 54/2025/ധന നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്ന കാര്യം ഓഫീസ് മേധാവി (മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ) കർശനമായി ഉറപ്പു വരുത്തേണ്ടതാണ്.**

**<u>സംഗ്രഹം</u>**

**4.59** മഞ്ചേരി മെഡിക്കൽ കോളേജിൽ ഔട്ട്സോഴ്സ് ചെയ്ത തസ്തികകളിൽ ജോലിചെയ്യുന്ന 40 ജീവനക്കാരുടെ പ്രവർത്തനം പ്രവൃത്തിപഠനസംഘം അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ തസ്തികകളിലെ ജീവനക്കാരെ കൂടി വിനിയോഗിച്ചാണ് സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതെന്നും ഈ തസ്തികകൾ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ബോധ്യപ്പെട്ടതിനാലും സംസ്ഥാനത്തെ മറ്റ് മെഡിക്കൽ കോളേജുകളിൽ ഈ തസ്തികകളിൽ സ്ഥിരം തസ്തികകൾ നിലവിലുള്ളതിനാലും **മഞ്ചേരി മെഡിക്കൽ കോളേജിലെ ഔട്ട്സോഴ്സ് ചെയ്ത 40 തസ്തികകളും സ്ഥിരം തസ്തികകളാക്കി മാറ്റേണ്ടതും ഇവയിൽ PSC മുഖേന നിയമനം നടത്തേണ്ടതാണെന്നും പഠനസംഘം ശിപാർശ ചെയ്യുന്നു.**

**4.60** ജോലിഭാര പരിശോധനയിൽ കണ്ടെത്തിയ പ്രകാരം **നിലവിലുള്ള തസ്തികകൾക്ക് പുറമേ മിനിസ്റ്റീരിയൽ വിഭാഗത്തിനായി ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക, 4 ക്ലർക്ക് തസ്തികകൾ എന്നിവയും ഒരു ഡ്രൈവർ ഗ്രേഡ് II തസ്തികയും ഉൾപ്പെടെ 6 തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.**

**4.61 ദിവസവേതന ജീവനക്കാർക്ക് പുനർനിയമനം നൽകുന്ന പക്ഷം 28.07.2017-ലെ സ.ഉ (അച്ചടി) 56/2017/ധനം, 19.04.2025 - ലെ സ.ഉ. (അച്ചടി) 54/2025/ധനം എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഓഫീസ് മേധാവി (മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ) കർശനമായി ഉറപ്പ് വരുത്തേണ്ടതാണ്.**

# അധ്യായം - 5

# വിവിധ വകുപ്പുതലവന്മാർ സമർപ്പിച്ച പ്രൊപ്പോസലുകൾ

**5.1** മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിലുള്ള 40 ഔട്ട്സോഴ്സ് ചെയ്ത തസ്തികകളുടെ അനിവാര്യത സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാനാണ് പ്രവൃത്തി പഠനസംഘത്തെ ചുമതലപ്പെടുത്തിയത്. എന്നാൽ മെഡിക്കൽ കോളേജ് സന്ദർശിച്ച ആദ്യദിനം തന്നെ എല്ലാ വിഭാഗങ്ങളുടേയും മേധാവികൾ നേരിട്ട് തന്നെ പഠനസംഘത്തിന് മുൻപാകെ എത്തുകയും അവരവരുടെ വകുപ്പിലെ ജീവനക്കാരുടെ ദൗർലഭ്യവും വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അവതരിപ്പിക്കുകയും ഈ വിഷയം പഠന റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കണമെന്നും ശക്തമായി ആവശ്യപ്പെടുകയുണ്ടായി. മെഡിക്കൽ കോളേജിന്റെ ആവശ്യങ്ങൾ സമഗ്രമായി പഠനം നടത്തി റിപ്പോർട്ട് നല്കാനുള്ള ചുമതല ഇപ്പോൾ ഈ വകുപ്പിന് നല്കിയിട്ടില്ലായെന്നും ഓരോ വകുപ്പുമായും ബന്ധപ്പെട്ട പ്രൊപ്പോസലുകൾ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കൈമാറാനും കൂടിയാലോചനകൾ നടത്തി ഏറ്റവും അത്യാവശ്യമെന്ന് തോന്നുന്ന തസ്തികകൾ മാത്രം ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തിരം ഭരണവകുപ്പിന് തുടർനടപടി സ്വീകരിക്കുന്നതിനായി കൈമാറാനും പഠനസംഘം നിർദ്ദേശിച്ചിരുന്നു. എന്നാൽ എല്ലാ വകുപ്പ് തലവന്മാരുമായും ചർച്ച നടത്തി മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിന് ഏറ്റവും അനിവാര്യമെന്ന് ബോധ്യപ്പെട്ട 45 വിഭാഗങ്ങളിലെ 180 തസ്തികകൾ സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ പഠനസംഘത്തിന് പിന്നീട് പ്രൊപ്പോസൽ കൈമാറുകയും പഠനറിപ്പോർട്ടിൽ ഈ വിഷയംകൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

**5.2** മികച്ച രോഗീ പരിചരണം ഉറപ്പാക്കുന്നതിന് അവശ്യം വേണ്ടുന്ന തസ്തികകൾ അത്യാന്താപേക്ഷിതമാണെന്നതിനാൽ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രിൻസിപ്പൽ കൈമാറിയ പുതുക്കിയ പ്രൊപ്പോസലിന്റെ സംക്ഷിപ്തം ഭരണവകുപ്പിന്റെ അറിവിലേയ്ക്കും തുടർനടപടികൾക്കുമായി ഇതോടൊപ്പം ചേർക്കുന്നു. മെഡിക്കൽ കോളേജുകൾ അംഗീകൃത നിലവാരത്തിൽ പ്രർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി

ആവശ്യമായ സാങ്കേതിക തസ്തികകൾ ഉണ്ടായിരിക്കണമെന്ന് നാഷണൽ മെഡിക്കൽ കമ്മീഷന്റെ (NMC) നിർദ്ദേശങ്ങൾ കൂടി നിലവിലുള്ള സാഹചര്യത്തിൽ ഈ പ്രൊപ്പോസലിന് വേണ്ട പരിഗണന ഭരണവകുപ്പ് നല്കേണ്ടതാണെന്നും പഠനസംഘം വിലയിരുത്തുന്നു.

## പ്രൊപ്പോസലിന്റെ സംക്ഷിപ്തം

**5.3** പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1. അനസ്തേഷ്യാ ടെക്നീഷ്യൻ :

**5.4** അനസ്തേഷ്യ വിഭാഗത്തിന് കീഴിൽ പത്ത് ഓപ്പറേഷൻ തീയേറ്ററുകളിലായി ആറ് വിഭാഗങ്ങൾ ചേർന്ന് പ്രതിദിനം ഏകദേശം 20 പ്രധാന ശസ്ത്രക്രിയകൾ, 25 ചെറിയ ശസ്ത്രക്രിയകൾ, 10 അടിയന്തിര ശസ്ത്രക്രിയകൾ എന്നിവ നടത്തുന്നുണ്ട്. നിലവിൽ ഈ വിഭാഗത്തിൽ നാല് അനസ്തേഷ്യാ ടെക്നീഷ്യന്മാർ മാത്രമാണ് നിലവിലുള്ളതെന്നതിനാൽ എല്ലാ ഓപ്പറേഷൻ തീയേറ്ററുകൾക്കും ഇവരുടെ സേവനം പൂർണ്ണമായി നല്കാൻ കഴിയാത്ത സാഹചര്യമാണ്. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി (HDS) മുഖേന കരാറടിസ്ഥാനത്തിലുള്ള ജീവനക്കാരെക്കൂടി നിയമിച്ചാണ് പ്രവർത്തനം സുഗമമാക്കുന്നത്. എന്നാൽ ജോലി സ്ഥിരതയില്ലാത്തതിനാൽ മെച്ചപ്പെട്ട ജോലി ലഭിക്കുന്നതോടെ അവർ ജോലി വിട്ടു പോകുകയോ അവധി എടുക്കുകയോ ചെയ്യുകയും പുതിയ കരാർ ജീവനക്കാരെ എടുക്കേണ്ട സാഹചര്യമുണ്ടാകുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യങ്ങൾ പരിഹരിച്ച് പ്രതിദിനം സർജറി നടത്തുന്ന ആറ് യൂണിറ്റുകൾക്ക് ഓരോ തസ്തിക വീതമെന്ന ക്രമത്തിൽ 6 അനസ്തേഷ്യാ ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ ശിപാർശ ചെയ്തിട്ടുണ്ട്.

### 2. റസ്പിറേറ്ററി ടെക്നീഷ്യൻ ഗ്രേഡ് - II

**5.5** മെഡിക്കൽ കോളേജിലെ പൾമണറി മെഡിസിൻ, ഇന്റൻസീവ് കെയർ യൂണിറ്റുകൾ (ICU), എമർജൻസി മെഡിസിൻ വകുപ്പുകളിൽ ശ്വസന ബുദ്ധിമുട്ടുകൾ,

വിട്ടുമാറാത്ത ശ്വാസകോശ രോഗങ്ങൾ, മറ്റ് ഗുരുതര രോഗങ്ങൾ എന്നിവയുള്ള രോഗികളുടെ പരിചരണത്തിനുപയോഗിക്കുന്ന വെന്റിലേറ്റർ, ഓക്സിജൻ ഡെലിവറി സിസ്റ്റം, നെബുലൈസറുകൾ, മറ്റ് ശ്വസന പരിചരണ ഉപകരണങ്ങൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും നിരീക്ഷിക്കുന്നതിനും റസ്പിറേറ്ററി ടെക്നീഷ്യന്മാരുടെ ആവശ്യകതയുണ്ട്. ഇത്തരം യോഗ്യതയുള്ള ജീവനക്കാരുടെ അഭാവം മെഡിക്കൽ, നഴ്സിംഗ് സ്റ്റാഫുകളുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നുണ്ട്.

**5.6** പൾമണറി, എമർജൻസി മെഡിസിൻ വകുപ്പുകളിലേയും എല്ലാ ICU-കളിലേയും ഉപകരണ സജ്ജീകരണം, കാലിബ്രേഷൻ, അറ്റകുറ്റപ്പണികൾ, ട്രബിൾ ഷൂട്ടിംഗ് എന്നിവയ്ക്കായി രണ്ട് റസ്പിറേറ്ററി ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കേണ്ടതാണെന്ന പ്രിൻസിപ്പലിന്റെ ആവശ്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3. തീയറ്റർ മെക്കാനിക്ക് ഗ്രേഡ് - II

**5.7** ഓപ്പറേഷൻ തീയേറ്ററുകളുടെ സുഗമവും സുരക്ഷിതവുമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. ശസ്ത്രക്രിയക്കിടെ ഉപയോഗിക്കുന്ന സക്ഷൻ യൂണിറ്റുകൾ, അനസ്തേഷ്യാ മെഷീനുകൾ, സ്റ്റെറിലൈസറുകൾ, ലൈറ്റുകൾ, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിപാലനം, പ്രവർത്തനം, ട്രബിൾ ഷൂട്ടിംഗ് എന്നിവയ്ക്കായി ഒരു മെഡിക്കൽ കോളേജിൽ അവശ്യം വേണ്ടുന്ന തസ്തികയാണ് തീയറ്റർ മെക്കാനിക്ക്. എല്ലാ ഉപകരണങ്ങളും കാലിബ്രേറ്റ് ചെയ്യപ്പെടാനും അണുവിമുക്തമാക്കുന്നതിനും ഓരോ നടപടിക്രമത്തിന് മുൻപും ശേഷവും ഒപ്റ്റിമൽ ആയി പ്രവർത്തിക്കാനും തീയറ്ററുകളിലെ സാങ്കേതിക മേൽനോട്ടത്തിനും ബയോമെഡിക്കൽ ഉപകരണ മാനേജ്മെന്റ് മാനദണ്ഡങ്ങൾ പാലിക്കാനും ഈ തസ്തികകളുടെ രൂപീകരണത്തോടെ കഴിയുമെന്ന് വിലയിരുത്തുന്നു.

**5.8** നിലവിൽ ഒരു സ്ഥിരം തീയറ്റർ മെക്കാനിക്ക് തസ്തിക മാത്രമേ ഈ സ്ഥാപനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ളൂ. ഈ തസ്തികയ്ക്ക് പുറമേ 2 തീയറ്റർ മെക്കാനിക്ക് ഗ്രേഡ് - II തസ്തികകൾ കൂടി സൃഷ്ടിക്കാൻ പ്രിൻസിപ്പൽ ശിപാർശ ചെയ്തിട്ടുണ്ട്.

## 4. മോർച്ചറി ടെക്നീഷ്യൻ

**5.9** മോർച്ചറിയിലെത്തിക്കുന്ന മൃതദേഹങ്ങൾ കൈകാര്യം ചെയ്യുന്നതിനും മെഡിക്കോ-ലീഗൽ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ശരിയായ സംരക്ഷണം നൽകുന്നതിനും വ്യവസ്ഥാപിതമായ റെക്കോർഡ് സൂക്ഷിക്കൽ, ഫോറൻസിക്, പോസ്റ്റ്മോർട്ടം അന്വേഷണങ്ങൾ സുഗമമാക്കൽ എന്നിവയ്ക്കായി മോർച്ചറി ടെക്നീഷ്യന്റെ സേവനം അത്യന്താപേക്ഷിതമാണ്. മൃതദേഹങ്ങളുടെ റെഫ്രിജറേഷൻ, പോസ്റ്റ്മോർട്ടം നടപടിക്രമങ്ങളിൽ സഹായിക്കൽ, മോർച്ചറി ഉപകരണങ്ങളുടെ പരിപാലനം എന്നിവയും ഈ തസ്തികയുടെ ചുമതലകളാണ്.

**5.10** നിലവിൽ മോർച്ചറി ടെക്നീഷ്യൻ ഗ്രേഡ് - II കാറ്റഗറിയിൽ ഒരു സ്ഥിരം തസ്തിക മെഡിക്കൽ കോളേജിൽ നിലവിലുണ്ട്. ഈ തസ്തികയിൽ ഒരു ദിവസവേതന ജീവനക്കാരൻ ഇപ്പോൾ ജോലിചെയ്യുന്നുണ്ട്. ജീവനക്കാരുടെ അഭാവം കാരണം ധോബി വിഭാഗത്തിൽ ഔട്ട്സോഴ്സ് കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതനായ ഒരു ജീവനക്കാരനും അനാട്ടമി വിഭാഗത്തിൽ ജോലിചെയ്യുന്നതായി കാണുന്നു. നിലവിലുള്ള തസ്തികയ്ക്ക് പുറമേ ഒരു മോർച്ചറി ടെക്നീഷ്യൻ തസ്തിക കൂടി പുതുതായി സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ ശിപാർശ നൽകിയിട്ടുണ്ട്.

## 5. സ്പീച്ച് പതോളജിസ്റ്റ് & ഓഡിയോളജിസ്റ്റ്

**5.11** കേൾവിക്കുറവ്, സംസാര കാലതാമസം, ശബ്ദവൈകല്യങ്ങൾ, പിളർപ്പ് അണ്ണാക്ക്, ശസ്ത്രക്രിയാനന്തര പുനരധിവാസ ആവശ്യങ്ങൾ തുടങ്ങിയ ധാരാളം അവസ്ഥകൾ പതിവായി മെഡിക്കൽ കോളേജിലെ ENT വിഭാഗം കൈകാര്യം ചെയ്യുന്നുണ്ട്. തുടർചികിത്സയുടെ ഭാഗമായി സ്പീച്ച് പത്തോളജിസ്റ്റിന്റേയും ഓഡിയോളജിസ്റ്റിന്റേയും വൈദഗ്ദ്യത്തിൽ വരുന്ന പ്രത്യേകതരം വിലയിരുത്തലുകളും ചികിത്സാ ഇടപെടലുകളും ആവശ്യമാണ്. സംസാരം, ഭാഷ, വിഴുങ്ങൽ വൈകല്യങ്ങൾ എന്നിവ വിലയിരുത്തുന്നതിനും ചികിത്സിക്കുന്നതിനും സ്പീച്ച് പത്തോളജിസ്റ്റ് തസ്തികയും ശ്രവണ വൈകല്യങ്ങൾ വിലയിരുത്തി രോഗനിർണയ പരിശോധനകൾ

നടത്തുന്നതിനും ശ്രവണ സഹായികൾ നിർദ്ദേശിക്കുന്നതിനും ഓഡിറ്ററി പുനരധിവാസം നൽകുന്നതിനും ഓഡിയോളജിസ്റ്റ് തസ്തികയും അനിവാര്യമാണ്.

**5.12** നിലവിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ ഈ രണ്ട് തസ്തികകളും നിലവിലില്ലാത്തതിനാൽ രോഗീ പരിചരണത്തിന്റെ വ്യാപ്തി പരിമിതപ്പെടുന്ന അവസ്ഥയാണ്. തുടർചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളിലേയ്ക്കും മറ്റ് ബാഹ്യ സൗകര്യങ്ങളിലേയ്ക്കും റഫർ ചെയ്യേണ്ട അവസ്ഥയാണ്. ENT വിഭാഗത്തിൽ സ്പീച്ച് പത്തോളജിസ്റ്റ്, ഓഡിയോളജിസ്റ്റ് എന്നിവയുടെ ഓരോ തസ്തികകൾ സൃഷ്ടിക്കണമെന്ന പ്രിൻസിപ്പലിന്റെ ശിപാർശ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. തസ്തികകൾ സൃഷ്ടിക്കുന്നത് മൂലം ENT വകുപ്പിൽ സംയോജിത രോഗീ കേന്ദ്രീകൃത സേവനങ്ങൾ ഓൺസൈറ്റിൽ തന്നെ നല്കാനും ക്ലിനിക്കൽ ഫലങ്ങൾ മെച്ചപ്പെടുത്താനും കഴിയും.

## <u>6. മ്യൂസിയം ക്യൂറേറ്റർ</u>

**5.13** മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റി, ഗവേഷകർ എന്നിവർക്കും അനിവാര്യമായ വിദ്യാഭ്യാസ-ഗവേഷണ വിഭവമായി പ്രവർത്തിക്കുന്ന മെഡിക്കൽ മ്യൂസിയത്തിൽ വിവിധ വിഷയങ്ങളിൽ പ്രായോഗിക പരിജ്ഞാനം ലഭ്യമാക്കുന്നതിനാവശ്യമായ ശരീരഘടനാ മാതൃകകൾ, മോഡലുകൾ, രോഗശാന്തി സാമ്പിളുകൾ, ചാർട്ടുകൾ, മറ്റ് അധ്യാപന സഹായികൾ എന്നിവ സൂക്ഷിക്കുന്നുണ്ട്. ഈ ശേഖരണങ്ങൾക്ക് അപചയമോ നഷ്ടമോ ഇല്ലാതെ സംരക്ഷിക്കുന്നതിനും അക്കാദമിക് ആവശ്യങ്ങൾക്കായി പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും ഗവേഷണ പദ്ധതികളിൽ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കുമാവശ്യമായ സഹായം പ്രദാനം ചെയ്യുന്നതിനും ഡോക്യുമെന്റേഷനുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ഈ തസ്തിക ആവശ്യമാണ്. നിലവിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ 'മ്യൂസിയം ക്യൂറേറ്റർ' തസ്തിക നിലവിലില്ല. മെഡിക്കൽ മ്യൂസിയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി 'മ്യൂസിയം ക്യൂറേറ്റർ' കാറ്റഗറിയിൽ ഒരു തസ്തിക സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ ശിപാർശ ചെയ്തിട്ടുണ്ട്.

## 7. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്

**5.14** വിഷാദം, ഉത്കണ്ഠാ വൈകല്യങ്ങൾ, മനോരോഗം, പെരുമാറ്റ വൈകല്യം, ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുള്ള വൈകല്യങ്ങൾ തുടങ്ങിയ മാനസികാരോഗ്യ അവസ്ഥകൾ മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം കൈകാര്യം ചെയ്യുന്നുണ്ട്. ഇവയ്ക്ക് ചികിത്സയ്ക്കൊപ്പം മാനസിക വിലയിരുത്തൽ, തെറാപ്പി, പുനരധിവാസം എന്നിവ അനിവാര്യമാണ്. രോഗികൾക്കും കുടുംബാംഗങ്ങൾക്കും കൗൺസിലിംഗ് ഉൾപ്പെടെയുള്ള ചികിത്സാരീതികൾ നല്കാനും വൈകല്യങ്ങൾ ഭേദപ്പെടുത്തുന്നതിനുതകും വിധത്തിലുള്ള ചികിത്സകൾ നടപ്പിലാക്കാനും പരിശീലനം ലഭിച്ച 'ക്ലിനിക്കൽ സൈക്കോളജിസ്റ്റ്' തസ്തികയിലെ ജീവനക്കാർ അത്യന്താപേക്ഷിതമാണ്. സൈക്യാട്രി വിഭാഗത്തിൽ വർദ്ധിച്ചു വരുന്ന കേസുകളുടെ എണ്ണം കൂടി പരിഗണിച്ച് നിലവിലുള്ള ഒരു സ്ഥിരം തസ്തികയ്ക്ക് പുറമേ, 2 'ക്ലിനിക്കൽ സൈക്കോളജിസ്റ്റ്' തസ്തികകൾ കൂടി സൃഷ്ടിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

## 8. റേഡിയോഗ്രാഫർ ഗ്രേഡ് - II & റേഡിയേഷൻ ഫിസിസിസ്റ്റ്

**5.15** രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും എക്സ്-റേ, എം.ആർ.ഐ., സി.ടി. സ്കാൻ, അൾട്രാ സൗണ്ട് പരിശോധനകൾ തുടങ്ങിയ ഡയഗ്നോസ്റ്റിക് ഇമേജിംഗ് സേവനങ്ങൾക്കുള്ള വർദ്ധിച്ചു വരുന്ന ആവശ്യകതയും കണക്കിലെടുക്കുമ്പോൾ മഞ്ചേരി മെഡിക്കൽ കോളേജിൽ 24 മണിക്കൂറും റേഡിയോളജി വിഭാഗം പ്രവർത്തിക്കേണ്ടതായ സാഹചര്യം നിലവിലുണ്ട്. റേഡിയോഗ്രാഫർ ഗ്രേഡ്-II വിഭാഗത്തിൽ രണ്ട് സ്ഥിരം തസ്തികകളും ഔട്ട് സോഴ്സ് ചെയ്ത കാറ്റഗറിയിലെ ഒരു റേഡിയോഗ്രാഫറുമാണ് ഇപ്പോൾ റേഡിയോളജി വിഭാഗത്തിൽ ജോലി ചെയ്യുന്നത്. ഈ മൂന്ന് ജീവനക്കാരെ വെച്ച് ഈ വിഭാഗം 24 മണിക്കൂറും കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയില്ല എന്നത് നിസ്തർക്കമാണ്. കൂടാതെ അറ്റോമിക് എനർജി റഗുലേറ്ററി ബോർഡ് (AERB)-യുടെ റേഡിയേഷൻ സേഫ്റ്റി സുരക്ഷാ മാനദണ്ഡങ്ങൾക്കനുസൃതമായി എക്സ്പോഷർ കുറയ്ക്കാനും റേഡിയേഷൻ ഡോസുകൾ നിരീക്ഷിക്കാനും ഒപ്റ്റിമൈസ് ചെയ്യാനും ഉപകരണങ്ങൾ കാലിബ്രേറ്റ്

ചെയ്യുവാനും, 1962-ലെ അറ്റോമിക് എനർജി ആക്ട് പ്രകാരം മെഡിക്കൽ ഡയഗ്നോസ്റ്റിക് ഉപകരണങ്ങളുടെ ലൈസൻസിംഗിനായി eLORA (e-Licensing of Radiatin Application) പ്ലാറ്റ്ഫോമിലൂടെ രജിസ്ട്രേഷൻ നടത്താനും റേഡിയേഷൻ ഫിസിസിസ്റ്റ് തസ്തികയും അനിവാര്യമാണ്.

**5.16** 24 മണിക്കൂറും തുറന്നു പ്രവർത്തിപ്പിക്കുന്നതിനായുള്ള മൂന്ന് ഷിഫ്റ്റുകളിലായി ജോലി ചെയ്യുന്നതിന് നിലവിലുള്ള തസ്തികകൾക്ക് പുറമേ 8 റേഡിയോഗ്രാഫർ ഗ്രേഡ്-II, ഒരു റേഡിയേഷൻ ഫിസിസിസ്റ്റ് എന്നീ തസ്തികകൾ കൂടി പുതുതായി സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ ശിപാർശ ചെയ്തിട്ടുണ്ട്.

## 9. ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II

**5.17** വർദ്ധിച്ചു വരുന്ന ലബോറട്ടറി ആവശ്യങ്ങൾ നിറവേറ്റുന്നതിനും 24 മണിക്കൂറും ലാബിന്റെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനും മൂന്ന് ഷിഫ്റ്റുകളിലായി ലാബ് പ്രവർത്തിക്കേണ്ടതുണ്ട്. ഇപ്പോൾ 8 സ്ഥിരം ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് - II തസ്തികകളും ഔട്ട്സോഴ്സ് ചെയ്ത കാറ്റഗറിയിലുള്ള 7 ദിവസവേതന ജീവനക്കാരേയും ഉപയോഗിച്ചാണ് ലാബ് പ്രവർത്തിപ്പിച്ചു വരുന്നത്. പുതിയ വകുപ്പുകളുടെ രൂപീകരണം, ക്ലിനിക്കൽ ഡയഗ്നോസ്റ്റിക് സേവനങ്ങളുടെ വിപുലീകരണം, ലാബ് സൗകര്യങ്ങൾ ഉപയോഗിക്കുന്ന രോഗികളുടെ വർദ്ധനവ് എന്നിവ കണക്കിലെടുക്കുമ്പോൾ തടസ്സമില്ലാതെ ലാബ് പ്രവർത്തിപ്പിക്കാൻ നിലവിലെ മനുഷ്യശേഷി പര്യാപ്തമല്ല. ഈ സാഹചര്യങ്ങൾ കണക്കിലെടുത്തും താത്കാലിക ജീവനക്കാരെ ആശ്രയിക്കുന്നത് പരമാവധി കുറയ്ക്കുന്നതിനുമായി നിലവിലുള്ള സ്ഥിരം തസ്തികകൾക്ക് പുറമേ 10 ലാബ് ടെക്നീഷ്യൻ ഗ്രേഡ്- II തസ്തികകൾ കൂടി പുതുതായി സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

## 10. ജൂനിയർ ലാബ് അസിസ്റ്റന്റ്

**5.18** മെഡിക്കൽ കോളേജിലെ വിവിധ വകുപ്പുകളിലെ ലബോറട്ടറികളുടെ കാര്യക്ഷമമായ പ്രവർത്തനം, പരിപാലനം, അക്കാദമിക് നിലവാരം എന്നിവ

ഉറപ്പാക്കുന്നതിനായി ജൂനിയർ ലാബ് അസിസ്റ്റന്റ് (JLA) തസ്തികകൾ ആവശ്യമാണ്. നിലവിൽ ഔട്ട്സോഴ്സ് ചെയ്ത കാറ്റഗറിയിലുള്ള 5 ലാബ് അസിസ്റ്റന്റ് തസ്തികകളുടെ സേവനം മാത്രമാണുള്ളത്. ഇത്രയും തസ്തികകൾ വളരെ പരിമിതമാണെന്നത് വസ്തുതയാണ്. ലബോറട്ടറി സാമഗ്രികൾ തയ്യാറാക്കൽ, ഉപകരണങ്ങളും രാസവസ്തുക്കളും പരിപാലിക്കൽ, പരീക്ഷണങ്ങൾക്ക് സഹായം നൽകൽ, ബയോളജിക്കൽ സാമ്പിളുകൾ കൈകാര്യം ചെയ്യൽ, ബയോസേഫ്റ്റി നിബന്ധനകളുടേയും മാലിന്യ നിർമ്മാർജ്ജന മാർഗ്ഗനിർദ്ദേശങ്ങളുടേയും പരിപാലനം, അധ്യയന ഗവേഷണ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മതിയായ സാങ്കേതിക പിന്തുണ നല്കൽ എന്നിവ ഉറപ്പുവരുത്തുന്നതിനായി 6 ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തികൾ പുതുതായി സൃഷ്ടിക്കാൻ പ്രിൻസിപ്പൽ ശിപാർശ ചെയ്തിട്ടുണ്ട്.

## 11.. ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്)

**5.19** ജീവനക്കാരുടെ അപര്യാപ്തത മൂലം വർദ്ധിച്ച് വരുന്ന ഡയാലിസിസ് സേവന ആവശ്യങ്ങൾ നിറവേറ്റാൻ മെഡിക്കൽ കോളേജിൽ പുതുതായി ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന് കഴിയാത്ത അവസ്ഥയാണ്. ലാബ് അസിസ്റ്റന്റ് തസ്തികയിലെ നിലവിലുള്ള രണ്ട് സ്ഥിരം ജീവനക്കാരെ വച്ച് ഡയാലിസിസ് യൂണിറ്റ് സുഗമമായി പ്രവർത്തിക്കാൻ ബുദ്ധിമുട്ടുന്നുണ്ട്. നിരവധി മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന ഡയാലിസിസ് പ്രക്രിയയ്ക്കിടയിൽ മെഷീനുകൾ അണുവിമുക്തമാക്കുകയും സുരക്ഷിതമായി നിരീക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. നിലവിലുള്ള രണ്ട് ജീവനക്കാരെ കൊണ്ട് മാത്രം ഡയാലിസിസ് യൂണിറ്റ് കാര്യക്ഷമമായി നടത്താൻ കഴിയാത്ത സാഹചര്യമാണ്. ഈ വസ്തുതകൾ കണക്കിലെടുത്ത് 10 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ കൂടി അധികമായി സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ പ്രൊപ്പോസലിൽ ശിപാർശ ചെയ്തിട്ടുണ്ട്.

## 12. ഡയറ്റീഷ്യൻ

**5.20** ഗൈനക്കോളജി വകുപ്പിൽ ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും പോഷകാഹാര കൗൺസിലിംഗ് നൽകുന്നതിനും ഗർഭകാല പ്രമേഹം, വിളർച്ച,

പൊണ്ണത്തടി, പോഷകാഹാരക്കുറവ് തുടങ്ങിയ അവസ്ഥകൾ കൈകാര്യം ചെയ്യുന്നതിനും ഡയറ്റീഷ്യൻ തസ്തിക ആവശ്യമാണ്. ശിശുക്കളിലും കുട്ടികളിലും കൗമാരക്കാരിലും പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പീഡിയാട്രിക്സ് വകുപ്പിലും ഈ തസ്തിക അനിവാര്യമാണ്. നിലവിൽ മഞ്ചേരി മെഡിക്കൽ കോളേിൽ ഡയറ്റീഷ്യൻ തസ്തിക നിലവിലില്ല. ഈ സാഹചര്യം കണക്കിലെടുത്ത് ഗൈനക്കോളജി, പീഡിയാട്രിക്സ് വകുപ്പുകളിലെ പോഷകാഹാര മാനേജ്മെന്റിനായി 2 സ്ഥിരം ഡയറ്റീഷ്യൻ ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

## 13. EEG ടെക്നീഷ്യൻ ഗ്രേഡ് - II (ന്യൂറോ ടെക്നീഷ്യൻ)

**5.21** ന്യൂറോ മെഡിസിൻ വിഭാഗത്തിൽ നാഡീവ്യവസ്ഥ സംബന്ധമായ രോഗങ്ങളുടെ ഡയഗ്നോസ്റ്റിക് ചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി EEG (Electro Encephalogram) ഉൾപ്പെടെയുള്ള ന്യൂറോ-ഫിസിയോളജിക്കൽ പരിശോധനകൾ നിലവിലുണ്ട്. EEG മെഷീനുകൾ, മറ്റ് ന്യൂറോ ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ എന്നിവ ഓപ്പറേറ്റ് ചെയ്യാനും പരിപാലിക്കാനും കാലിബ്രേറ്റ് ചെയ്യുവാനും പ്രത്യേക പരിശീലനം ലഭ്യമായ EEG ടെക്നീഷ്യന്മാരുടെ സേവനം അനിവാര്യമാണ്. എന്നാൽ മഞ്ചേരി മെഡിക്കൽ കോളേജിൽ HDS മുഖേനയുള്ള ഒരു ന്യൂറോ ടെക്നീഷ്യൻ തസ്തികയല്ലാതെ സ്ഥിരം തസ്തികകൾ ഈ വിഭാഗത്തിൽ നിലവിലില്ല. ഈ സാഹചര്യം പരിഗണിച്ച് ന്യൂറോ മെഡിസിൻ വിഭാഗത്തിലും ഫിസിക്കൽ മെഡിസിൻ വിഭാഗത്തിലുമായി 2 EEG ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

## 14. ഡെന്റൽ മെക്കാനിക്ക് & ഡെന്റൽ ഹൈജീനിസ്റ്റ്

**5.22** ഓറൽ & മാക്സിലോ ഫേഷ്യൽ സർജറി (OMFS) വിഭാഗത്തിൽ സങ്കീർണ്ണ ശസ്ത്രക്രിയകളും പുനരധിവാസ പരിചരണവും നല്കുന്നുണ്ട്. ശസ്ത്രക്രിയയ്ക്ക് മുമ്പുള്ള ഓറൽ ക്ലീനിംഗ്, സ്കെയിലിംഗ്, ഡെന്റൽ പ്ലാക്ക് നീക്കം ചെയ്യൽ എന്നീ നടപടിക്രമങ്ങൾക്ക് രോഗികളെ തയ്യാറാക്കുന്നതിനും ശസ്ത്രക്രിയാനന്തര ഓറൽ കെയർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഓർത്തോഡോണ്ടിക് ചികിത്സകളിൽ

സഹായിക്കുന്നതിനും ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികകൾ ആവശ്യമാണ്. ഓരോ രോഗികളുടേയും ആവശ്യങ്ങൾക്കനുസരിച്ച് ഡെന്റൽ പ്രോസ്തസിസുകൾ, പല്ലുകൾ, സർജിക്കൽ സ്പ്ലിന്റുകൾ, മാക്സിലോഫേഷ്യൽ ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും നന്നാക്കുന്നതിനും പരിപാലിക്കുന്നതിനും ശസ്ത്രക്രിയാ സംഘത്തെ പിന്തുണയ്ക്കുന്നതിനും ഡെന്റൽ മെക്കാനിക്ക് തസ്തികകളും OMFS വകുപ്പിൽ അനിവാര്യമാണ്. നിലവിൽ ഈ മെഡിക്കൽ കോളേജിൽ ഡെന്റൽ മെക്കാനിക്, ഡെന്റൽ ഹൈജീനിസ്റ്റ് എന്നിവയുടെ ഓരോ സ്ഥിരം തസ്തികകൾ മാത്രമേ നിലവിലുള്ളു. ഈ വസ്തുതകൾ കണക്കിലെടുത്ത് OMFS വകുപ്പിലേയ്ക്കായി ഒരു ഡെന്റൽ മെക്കാനിക്ക് ഗ്രേഡ്- II, ഒരു ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ്- II എന്നീ തസ്തികകൾ സൃഷ്ടിക്കണമെന്ന് പ്രൊപ്പോസലിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

## 15. പ്ലാസ്റ്റർ ടെക്നീഷ്യൻ

**5.23** ഓർത്തോപീഡിക് വിഭാഗത്തിൽ കാസ്റ്റുകൾ, സ്പ്ലിന്റുകൾ എന്നിവ പ്രയോഗിക്കുന്നതിനും ക്രമീകരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും പ്രത്യേക പരിശീലനം ലഭിച്ച ഒരു പ്ലാസ്റ്റർ ടെക്നീഷ്യന്റെ സേവനം അനിവാര്യമാണെന്ന് പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ഈ മെഡിക്കൽ കോളേജിൽ പ്ലാസ്റ്റർ ടെക്നീഷ്യൻ തസ്തിക നിലവിലില്ല. ഓർത്തോപീഡിക് സർജന്മാരുടെ ജോലിഭാരം കുറയ്ക്കാനും രോഗീഫലം മെച്ചപ്പെടുത്താനും ശരിയായ കാസ്റ്റിംഗ് ടെക്നിക്കുകൾ ഉപയോഗപ്പെടുത്താനുമായി ഓർത്തോപീഡിക് വിഭാഗത്തിൽ 2 പ്ലാസ്റ്റർ ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## 16. ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് - II

**5.24** ഒഫ്ത്താൽമോളജി വിഭാഗത്തിൽ നേത്രപരിചരണ സേവനങ്ങൾ നല്കുന്നതിനും റിഫ്രാക്ടീവ് പിശകുകൾ കണ്ടെത്തുന്നതിനും നേത്രപരിചരണം, കാഴ്ച പരിശോധന, നേത്ര വൈകല്യങ്ങൾ എന്നിവ കണ്ടെത്തുന്നതിനും ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ അനിവാര്യമാണ്. ഈ തസ്തികകൾ നേത്രരോഗ വിദഗ്ധരുടെ ഭാരം ഗണ്യമായി കുറയ്ക്കുമെന്ന് മാത്രമല്ല ഔട്ട്പേഷ്യന്റ് സേവനങ്ങൾ

കാര്യക്ഷമമാക്കുന്നതിനും ശസ്ത്രക്രിയയ്ക്ക് മുൻപും ശേഷവുമുള്ള വിലയിരുത്തലുകളിൽ സഹായിക്കുന്നതിനും നേത്രാരോഗ്യ അവബോധത്തിനായുള്ള കമ്മ്യൂണിറ്റി ഔട്ട്റീച്ച് പ്രോഗ്രാമുകളെ പിന്തുണയ്ക്കാനും സഹായിക്കുന്നു. പീഡിയാട്രിക് വിഷൻ സ്കാനിംഗ്, ആംബ്ലിയോപിയ അല്ലെങ്കിൽ സ്ട്രാബിസ്മസ് എന്നീ അവസ്ഥകൾ നേരത്തെ കണ്ടെത്തുന്നതിനും, പ്രായാധിക്യമുള്ളവരുടെ കാഴ്ചവൈകല്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഈ തസ്തികകൾ പ്രയോജനകരമാകും. നിലവിൽ ഒരു സീനിയർ ഗ്രേഡ് ഒപ്റ്റോമെട്രിസ്റ്റ് തസ്തികയും മൂന്ന് ഒപ്റ്റോമെട്രിസ്റ്റ് തസ്തികകളും മാത്രമാണ് ഈ മെഡിക്കൽ കോളേജിൽ നിലവിലുള്ളത്. ഇത്തരം വസ്തുതകളുടെ അടിസ്ഥാനത്തിൽ മഞ്ചേരി മെഡിക്കൽ കോളേജിലെ ഒഫ്താൽമോളജി വിഭാഗത്തിലെ വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണം പരിഗണിച്ച് നിലവിലുള്ള തസ്തികകൾക്ക് പുറമേ 7 ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് - II തസ്തികകൾ കൂടി അധികമായി സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## 17. ഹെൽത്ത് എഡ്യൂക്കേറ്റർ

**5.25** പീഡിയാട്രിക്സ് വകുപ്പിൽ കുട്ടികളുടെ പോഷകാഹാരം, ശുചിത്വം, രോഗപ്രതിരോധ മരുന്ന് ഷെഡ്യൂളുകൾ, വളർച്ച, വികസന നാഴികക്കല്ലുകൾ, ബാല്യകാല രോഗങ്ങളുടെ മുന്നറിയിപ്പ്, മാനേജ്മെന്റ് എന്നിവയെക്കുറിച്ച് മാതാപിതാക്കളേയും പരിചാരകരേയും ബോധവൽക്കരിക്കുന്നതിന് ഹെൽത്ത് ഹെഡ്യൂക്കേറ്റർ തസ്തികകൾ ആവശ്യമാണ്. ഇപ്പോൾ ഒരു സ്ഥിരം തസ്തിക ഈ വിഭാഗത്തിൽ നിലവിലുണ്ട്. ശിശുരോഗ വിദഗ്ധരുടെ തിരക്കിനിടയിൽ പ്രതിരോധ വിദ്യാഭ്യാസവും അവബോധ പരിപാടികളും വ്യവസ്ഥാപിതമായി നടപ്പാക്കാനും ആരോഗ്യ സംരക്ഷണ ആവശ്യങ്ങളുള്ള കുട്ടികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗ് നല്കുന്നതിനും ഈ തസ്തികയിലെ ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമാണ്. ഇത്തരം വസ്തുതകൾ പരിഗണിച്ചും പീഡിയാട്രിക്സ് വിഭാഗത്തിലെ രോഗികളുടെ എണ്ണത്തിലെ വർദ്ധനവ് കണക്കിലെടുത്തും നിലവിലുള്ള ഒരു തസ്തികയ്ക്ക് പുറമേ ഒരു ഹെൽത്ത് എഡ്യൂക്കേറ്റർ തസ്തിക കൂടി അധികമായി സൃഷ്ടിക്കാൻ പ്രിൻസിപ്പൽ ശിപാർശ ചെയ്തിട്ടുണ്ട്.

## 18. സോഷ്യൽ വർക്കർ

**5.26** സൈക്യാട്രി, ഗൈനക്കോളജി, പീഡിയാട്രിക്സ് വിഭാഗങ്ങളിൽ അനിവാര്യമായ തസ്തികയാണ് സോഷ്യൽ വർക്കറുടേത്. സോഷ്യൽ വർക്കറുടെ ഒരു സ്ഥിരം തസ്തിക മഞ്ചേരി മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുണ്ട്. ഈ തസ്തികയിൽ ഔട്ട്സോഴ്സ് ചെയ്ത ജീവനക്കാരൻ ജോലി ചെയ്യുന്നുണ്ട്. സൈക്യാട്രി രോഗികൾ നേരിടുന്ന സാമൂഹിക ഒറ്റപ്പെടലുകൾ, ചികിത്സാ വെല്ലുവിളികൾ എന്നിവയുമായി ബന്ധപ്പെട്ട് രോഗികൾക്കും കുടുംബാംഗങ്ങൾക്കാവശ്യമായ കൗൺസിലിംഗ്, കമ്മ്യൂണിറ്റി ലിങ്കേജ് എന്നിവയ്ക്ക് ഒരു സാമൂഹിക പ്രവർത്തകന്റെ സേവനം ആവശ്യമാണ്. ഗൈനക്കോളജി വിഭാഗത്തിൽ രോഗികൾക്കുണ്ടാകുന്ന മാനസിക സമ്മർദ്ദം, സാമ്പത്തിക പരിമിതികൾ, ലിംഗാധിഷ്ഠിത തടസ്സങ്ങൾ, സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, കുടുംബാസൂത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അറിവ് പകർന്നു നൽകൽ എന്നീ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും പീഡിയാട്രിക്സ് വിഭാഗത്തിൽ കുട്ടികളുടെ അസുഖം മൂലം രക്ഷിതാക്കൾക്കുണ്ടാകുന്ന സമ്മർദ്ദം, ആശയക്കുഴപ്പങ്ങൾ, പുനരധിവാസ കേന്ദ്രങ്ങളെക്കുറിച്ചും അസുഖത്തിന്റെ തീവ്രതയേയും ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം നടത്തുന്നതിനും സോഷ്യൽ വർക്കർ തസ്തിക അത്യന്താപേക്ഷിതമാണ്. ഈ വസ്തുതകൾ കണക്കിലെടുത്ത് നിലവിലുള്ള തസ്തികയ്ക്ക് പുറമേ സൈക്യാട്രി, പീഡിയാട്രിക്സ്, ഗൈനക്കോളജി വിഭാഗങ്ങൾക്കായി ഒരു സോഷ്യൽ വർക്കർ തസ്തിക കൂടി അധികമായി അനുവദിക്കണമെന്ന് പ്രിൻസിപ്പൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## 19. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II

**5.27** വലിയൊരു പൊതുജനാരോഗ്യ പ്രശ്നമായി തുടരുന്ന കുഷ്ഠരോഗത്തിന്റെ നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഡെർമറ്റോളജി വിഭാഗത്തിലെ വിദഗ്ധർക്കും മറ്റ് ക്ലിനിക്കൽ ഡോക്ടർമാർക്കും ഫീൽഡ്തല നിരീക്ഷണമുൾപ്പെടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിലവിലുണ്ട്. ഫീൽഡ് തലത്തിൽ സജീവ കേസ് കണ്ടെത്തൽ, ഇത്തരം വ്യക്തികളുടെ സ്ക്രീനിംഗ്, സ്കിൻ/ക്ലിനിക്കൽ സ്ക്രീനിംഗ്

ക്യാമ്പുകളുടെ ഏകോപനം, MDT (Multi Drug Therapy) ആരംഭിച്ച രോഗികൾ ചികിത്സ പൂർണ്ണമാക്കുന്നുവെന്ന് ഉറപ്പാക്കൽ, നാഡീ ഫംഗ്ഷൻ തകരാറുകളുടേയും മറ്റനുബന്ധ പ്രശ്നങ്ങളുടേയും നിരീക്ഷണം തുടങ്ങി National Leprocy Eradication Programme (NLEP)-യുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്നതിനും രോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി ഡെർമറ്റോളജി വിഭാഗത്തിൽ ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തിക അനുവദിക്കണമെന്ന് പ്രിൻസിപ്പൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## 20. കോബ്ലർ & റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ

**5.28** ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (PMR) വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വ്യക്തിഗത വൈകല്യങ്ങൾ പരിഗണിച്ച് ഓർത്തോപീഡിക് ഫുട്വെയറുകളും പ്രോസ്തെറ്റിക്-ഓർത്തോട്ടിക് ഉപകരണങ്ങളിലെ ലെതർ ഘടകങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഈ വിഭാഗത്തിൽ ഒരു കോബ്ലർ തസ്തികയും ഇത്തരം സഹായ ഉപകരണങ്ങളുടെ ഫിറ്റിംഗ്, പരിപാലനം എന്നിവ നിർവഹിച്ച് രോഗികളുടെ ചലനശേഷിയും സ്വയംപര്യാപ്തതയും വീണ്ടെടുക്കാൻ രണ്ട് റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികകളും ആവശ്യമാണെന്ന് പ്രിൻസിപ്പൽ ശിപാർശ ചെയ്തിട്ടുണ്ട്.

## 21. സയന്റിഫിക് അസിസ്റ്റന്റ്

**5.29** PMR വിഭാഗത്തിലെ കോർഡിനേഷൻ വ്യായാമങ്ങൾ, ശക്തി പരിശീലനം, ദൈനംദിന പ്രവർത്തന പരിശീലനം എന്നിവയുൾപ്പെടെയുള്ള വിവിധ തെറാപ്പി ഇടപെടലുകൾ നടത്തുന്നതിനായി 3 ഒക്കുപ്പേഷണൽ തെറാപ്പി സയന്റിഫിക് അസിസ്റ്റന്റ്, 4 ഫിസിയോതെറാപ്പി സയന്റിഫിക് അസിസ്റ്റന്റ് എന്നീ തസ്തികകൾ സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## 22. സ്പീച്ച് തെറാപ്പിസ്റ്റ് & ഓഡിയോളജിസ്റ്റ്

**5.30** PMR വിഭാഗത്തിലെത്തുന്ന സംസാര വൈകല്യങ്ങളും കേൾവിത്തകരാർ പ്രശ്നങ്ങളുമുള്ള രോഗികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്പീച്ച് തെറാപ്പിസ്റ്റ്,

ഓഡിയോളജിസ്റ്റ് എന്നിവയുടെ ഓരോ തസ്തികകൾ വീതം സൃഷ്ടിക്കണമെന്ന് പ്രിൻസിപ്പൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

## 23. സ്റ്റോർ ഓഫീസർ (ടെക്നിക്കൽ)

**5.31** PMR വിഭാഗത്തിലെ വർക്ക്ഷോപ്പിനും തെറാപ്പി യൂണിറ്റുകൾക്കുമായി ആവശ്യമുള്ള വസ്തുക്കളുടേയും ഉപകരണങ്ങളുടേയും പർച്ചേസ്, സംഭരണം, പരിപാലനം എന്നിവയ്ക്കായി ഒരു സ്റ്റോർ ഓഫീസർ (ടെക്നിക്കൽ) തസ്തിക അനുവദിക്കണമെന്ന് പ്രിൻസിപ്പൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

## 24. ഇലക്ട്രീഷ്യൻ

**5.32** അക്കാദമിക് സംവിധാനങ്ങളും ആശുപത്രി പ്രവർത്തനങ്ങളും പൂർണ്ണമായും വൈദ്യുത സംവിധാനങ്ങളെ ആശ്രയിച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജിൽ തടസ്സമില്ലാതെയും സുരക്ഷിതമായും പ്രവർത്തിക്കുന്ന വൈദ്യുത സംവിധാനം അത്യന്താപേക്ഷിതമാണ്. കാമ്പസിലെ വൈദ്യുത സർക്യൂട്ടുകൾ, പവർ ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്കുകൾ, ജനറേറ്ററുകൾ, UPS സിസ്റ്റം, മെഡിക്കൽ ഉപകരണങ്ങൾ, ലൈറ്റിംഗ് സിസ്റ്റം, ലബോറട്ടറികൾ, ICU, ഓപ്പറേഷൻ തീയറ്ററുകൾ, എമർജൻസി വാർഡുകളിലെ ലൈഫ് സപ്പോർട്ട് ഉപകരണങ്ങൾ എന്നിവ തടസ്സമില്ലാതെ പ്രവർത്തിക്കാനും ഇവയുടെ പരിപാലനം, ട്രബിൾ ഷൂട്ടിംഗ്, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി രണ്ട് ഇലക്ട്രീഷ്യൻ തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## 25. പ്ലംബർ കം ഓപ്പറേറ്റർ

**5.33** പ്രധാന ആരോഗ്യ സംരക്ഷണ വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ മെഡിക്കൽ കോളേജിലെ വാർഡുകൾ, ഓപ്പറേഷൻ തിയേറ്ററുകൾ, ലബോറട്ടറികൾ ഹോസ്റ്റലുകൾ എന്നിവയ്ക്കായി തടസ്സമില്ലാത്ത ജലവിതരണം അത്യാവശ്യമാണ്. പൈപ്പ് ലൈനുകൾ, വാൽവുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, സാനിറ്ററി ഫിറ്റിംഗുകൾ, പമ്പ് ഹൗസുകൾ, വാട്ടർ ടാങ്കുകൾ എന്നിവ പരിപാലിക്കുന്നതിനും നന്നാക്കുന്നതിനും വാട്ടർ പമ്പുകൾ, മലിനീകരണ ശുദ്ധീകരണ പ്ലാന്റുകൾ (STP), മറ്റ് പ്ലംബിംഗ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിനും

നിരീക്ഷിക്കുന്നതിനുമായി ഒരു 'പ്ലംബർ കം ഓപ്പറേറ്റർ' തസ്തിക സ്ഥിരമായി അനുവദിക്കണമെന്ന് പ്രിൻസിപ്പൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

## 26. റഫ്രിജറേഷൻ മെക്കാനിക് & എയർ കണ്ടീഷനിംഗ് മെക്കാനിക്

**5.34** മെഡിക്കൽ കോളേജിലെ താപനില നിയന്ത്രിത സംവിധാനങ്ങളുടെ സുരക്ഷയും വിശ്വസ്തതയും നിലനിർത്തുന്നതിനും മരുന്നുകൾ, വാക്സിനുകൾ, രക്തം ലബോറട്ടറി ഏജന്റുകൾ, ഭക്ഷണ സാധനങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനും ഓപ്പറേഷൻ തീയറ്ററുകൾ, ഐ.സി.യു.-കൾ, ലബോറട്ടറികൾ എന്നിവയിൽ നിയന്ത്രിത അന്തരീക്ഷം നിലനിർത്തുന്നതിനായും റഫ്രിജറേഷൻ, എയർ കണ്ടീഷനിംഗ് എന്നീ യൂണിറ്റുകളെ ആശ്രയിക്കുന്നതിനാൽ മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരു റഫ്രിജറേഷൻ മെക്കാനിക്, ഒരു എയർകണ്ടീഷൻ മെക്കാനിക് എന്നീ തസ്തികകൾ സൃഷ്ടിക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ ശിപാർശ ചെയ്തിട്ടുണ്ട്.

## 27 . എമർജൻസി വിഭാഗത്തിനായുള്ള തസ്തികകൾ

**5.35** മെഡിക്കൽ കോളേജിലെ എമർജൻസി വിഭാഗം നിലവിൽ ഒരു അസിസ്റ്റന്റ് പ്രൊഫസറും രണ്ട് സീനിയർ റസിഡന്റുമാരുമായാണ് പ്രവർത്തിക്കുന്നത്. മലപ്പുറം ജില്ലയിലുടനീളമുണ്ടാകുന്ന നിരവധി അപകടങ്ങൾ, ട്രോമ, അടിയന്തിര കേസുകൾ എന്നിവയ്ക്ക് ഉടനടി ജീവൻരക്ഷാപരിചരണം നടത്തുന്ന എമർജൻസി വിഭാഗത്തിലെ നിലവിലെ മനുഷ്യവിഭവശേഷി വളരെ പരിമിതമാണ്. 24 മണിക്കൂർ അടിയന്തര മെഡിക്കൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും നിലവിലെ മനുഷ്യവിഭവശേഷി പര്യാപ്തമല്ല. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ എമർജൻസി മെഡിസിൻ വിഭാഗം 24 മണിക്കൂറും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി 20 നഴ്സിംഗ് ഓഫീസർ ഗ്രേഡ് II (സ്റ്റാഫ് നഴ്സ് ഗ്രേഡ് II) തസ്തികകളും 10 നഴ്സിംഗ് അസിസ്റ്റന്റ് തസ്തികകളും 10 ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികകളും സൃഷ്ടിക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

## 28. മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II & L.D ടൈപ്പിസ്റ്റ്

**5.36** മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന മെഡിക്കൽ റെക്കോർഡ് ലൈബ്രറിയിൽ ഒരു മെഡിക്കൽ റെക്കോർഡ് സൂപ്രണ്ടും ഒരു മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ്-II തസ്തികയും മാത്രമാണ് നിലവിലുള്ളത്. 2024 കാലയളവിൽ 8,78,780 ഔട്ട്പേഷ്യന്റുകളും (OP), 39,990 ഇൻപേഷ്യന്റുകളും (IP) ഈ മെഡിക്കൽ കോളേജിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും ഒപി, ഐപി രജിസ്ട്രേഷനിൽ വർദ്ധനവാണ് ഉണ്ടാകുന്നത്. രജിസ്ട്രേഷൻ, ഡോക്യുമെന്റേഷൻ, ഇൻഡെക്സിംഗ്, റെക്കോർഡ് മെയിന്റനൻസ്, ഡിജിറ്റൽ ഡാറ്റാ മാനേജ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട വർദ്ധിച്ച ജോലിഭാരം കൈകാര്യം ചെയ്യാൻ നിലവിലെ രണ്ട് ജീവനക്കാരെക്കൊണ്ട് മാത്രം സാധിക്കുകയില്ല. അതിനാൽ മെഡിക്കൽ റെക്കോർഡ് ലൈബ്രറി ശക്തിപ്പെടുത്തുന്നതിനും മെഡിക്കൽ രേഖകൾ കൃത്യമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നതിനുമായി നിലവിലുള്ള തസ്തികകൾക്ക് പുറമേ ഒരു മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ്-II, ഒരു ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ അനുവദിക്കണമെന്ന് പ്രിൻസിപ്പൽ ശിപാർശ ചെയ്തിട്ടുണ്ട്.

## 29. ലിഫ്റ്റ് ഓപ്പറേറ്റർ

**5.37** മെഡിക്കൽ കോളേജിൽ നിലവിലുള്ള ലിഫ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് മതിയായ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികകൾ നിലവിലില്ല. വിദ്യാർത്ഥികൾ, ജീവനക്കാർ, രോഗികൾ, സന്ദർശകർ എന്നിവരുടെ സുഗമമായ യാത്രയ്ക്കും ഹെവി മെഡിക്കൽ ഉപകരണങ്ങൾ ആവശ്യാനുസരണം മറ്റ് നിലകളിലേയ്ക്ക് മാറ്റുന്ന പ്രവൃത്തികൾക്കും എൻട്രാപ്പ്മെന്റ് പോലുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ സേവനം ആവശ്യമാണ്. ഷിഫ്റ്റ് ഡ്യൂട്ടിയടക്കം ക്രമീകരിക്കേണ്ട സാഹചര്യം നിലവിലുള്ളതിനാലും എല്ലാ ലിഫ്റ്റുകളുടേയും പ്രവർത്തനം ഉറപ്പാക്കുന്നതിലേയ്ക്കുമായി 10 ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികകൾ സൃഷ്ടിക്കണമന്ന് പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## 30. സെക്യൂരിറ്റി ഓഫീസർ, സാർജന്റ് & വാച്ച്മാൻ (സെക്യൂരിറ്റി ഗാർഡ്)

**5.38** സ്ഥാപനത്തിന്റെ സമഗ്രമായ സുരക്ഷ, ചിട്ടയായ പ്രവർത്തനം എന്നിവ ഉറപ്പാക്കുന്നതിന് സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. സുരക്ഷാ പ്രോട്ടോക്കോൾ നടപ്പിലാക്കലുൾപ്പെടെയുള്ള സുരക്ഷാ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള മേൽനോട്ടം, ആസൂത്രണം, ഏകോപനം എന്നിവയ്ക്കായി ഒരു സെക്യൂരിറ്റി ഓഫീസർ തസ്തികയും ; സുരക്ഷാ ജീവനക്കാരുടെ വിന്യാസം, ദൈനംദിന മാനേജ്മെന്റ്, ഷിഫ്റ്റ് ഡ്യൂട്ടി മാനേജ്മെന്റ് എന്നിവ ഉറപ്പാക്കുന്നതിനും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും സുരക്ഷാ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുമായി ഒരു സാർജന്റ് ഗ്രേഡ്-II തസ്തികയും 8 വാച്ച്മാൻ തസ്തികകളും സൃഷ്ടിക്കണമെന്ന് പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. DME-യ്ക്ക് കീഴിലുള്ള മറ്റെല്ലാ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലുമെല്ലാം ഇത്തരം തസ്തികകൾ നിലവിലുണ്ടെന്ന വസ്തുതയും പരിഗണിക്കപ്പെടേണ്ടതുണ്ട്.

## 31. ഹെൽത്ത് സൂപ്പർവൈസർ & ഹെൽത്ത് ഇൻസ്പെക്ടർ

**5.39** മെഡിക്കൽ കോളേജിലെ വാർഡുകളിലേയും, ലബോറട്ടറികളിലേയും പൊതുസ്ഥലങ്ങളിലേയും ശുചിത്വപരിപാലനം, മാലിന്യ സംസ്കരണം, വിവിധ വകുപ്പുകളുമായുള്ള ഏകോപനം എന്നിവ ശരിയായ രീതിയിൽ ഉറപ്പുവരുത്തുന്നതിനും ശുചിത്വ മാനദണ്ഡങ്ങൾ പരിപാലിക്കുന്നതിനും അണുബാധ സാധ്യത കുറയ്ക്കുന്നതിനും ഹൗസ് കീപ്പിംഗ് വകുപ്പ് ആരംഭിക്കുന്നതിന്റെ നടപടികൾ പുരോഗമിക്കുകയാണ്. തസ്തികകളുടെ അഭാവം തടസ്സമായി നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് ഹൗസ് കീപ്പിംഗ് വിഭാഗത്തിന് മേൽനോട്ടം വഹിക്കുന്നതിനായി ഒരു ഹെൽത്ത് സൂപ്പർവൈസർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികകൾ എന്നിവ അനുവദിക്കണമെന്ന് പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നിലവിലുള്ള 8 ഔട്ട്സോഴ്സ് ചെയ്ത സ്വീപ്പർമാരുടെ തസ്തികയ്ക്ക് പുറമേ സ്വീപ്പിംഗ് ഏരിയയുടെ അടിസ്ഥാനത്തിൽ 12 സ്ഥിരം സ്വീപ്പർ തസ്തികകൾ (ഫുൾ ടൈം സ്വീപ്പർ),

10 പാർട്ട് ടൈം സ്വീപ്പർ കാറ്റഗറി II എന്നീ തസ്തികകൾ കൂടി സൃഷ്ടിക്കണമെന്നും പ്രൊപ്പോസലിൽ ആഭ്യർത്ഥിച്ചിട്ടുണ്ട്.

## 32. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II

**5.40** സ്ഥാപനത്തിൽ ആകെ നാല് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളാണ് ഇപ്പോൾ നിലവിലുള്ളത്. രഹസ്യസ്വഭാവമുള്ള ഫയലുകളുടെ പരിപാലനം, വകുപ്പ് തലവന്മാരുടെ ഓഫീസിലെ ലെറ്റർ ഡ്രാഫ്റ്റിംഗ്, ടൈപ്പിംഗ് തുടങ്ങിയ ജോലികൾക്ക് നിലവിലെ നാല് ജീവനക്കാരുടെ സേവനം പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനപ്പെടുത്തുന്നതിനായി 6 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകൾ സൃഷ്ടിക്കാൻ പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**5.41** പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിട്ടുള്ള 180 തസ്തികകൾക്ക പുറമേ ഒരു ജൂനിയർ സൂപ്രണ്ട്, 10 ക്ലർക്ക് തസ്തികകൾ എന്നിവ കൂടി ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത തസ്തികകളുടെ ആവശ്യകത പ്രവൃത്തിപഠനസംഘം ഔട്ട്സോഴ്സ് ചെയ്ത തസ്തികകളുടെ ആവശ്യകത പരിശോധിച്ചപ്പോൾ മുൻ അധ്യായത്തിൽ പ്രത്യേകമായിത്തന്നെ പരിശോധിക്കുകയും ശിപാർശകളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ തസ്തികകൾ ഒഴിവാക്കിയ ശേഷം പ്രിൻസിപ്പൽ പ്രവൃത്തിപഠനസംഘത്തിന് കൈമാറിയ പ്രൊപ്പോസലിൽ വിവരിച്ച ആവശ്യങ്ങൾ തുടർനടപടി സ്വീകരിക്കുന്നതിനായി പ്രവൃത്തിപഠന റിപ്പോർട്ടിനൊപ്പം ഭരണവകുപ്പിനും വകുപ്പ് തലവനും സമർപ്പിക്കുന്നു.

**5.42** പുതുതായി സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട തസ്തികകളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | അനുവദനീയമായ ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | അനസ്തേഷ്യാ ടെക്നീഷ്യൻ ഗ്രേഡ് II | 6 | 26500-60700 |
| 2 | റസ്പിറേറ്ററി ടെക്നീഷ്യൻ ഗ്രേഡ് II | 2 | 27900-63700 |

| | | | |
|---|---|---|---|
| 3 | തീയറ്റർ മെക്കാനിക്ക് ഗ്രേഡ് II | 2 | 26500-60700 |
| 4 | മോർച്ചറി ടെക്നീഷ്യൻ ഗ്രേഡ് II | 1 | 31100-66800 |
| 5 | സ്പീച്ച് പത്തോളജിസ്റ്റ് | 1 | 51400-110300 |
| 6 | ഓഡിയോളജിസ്റ്റ് | 2<br>(ENT - 1, PMR - 1) | 51400-110300 |
| 7 | മ്യൂസിയം ക്യൂറേറ്റർ | 1 | 35600-75400 |
| 8 | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 2 | 55200-115300 |
| 9 | റേഡിയേഷൻ ഫിസിസിസ്റ്റ് | 1 | 51400-110300 |
| 10 | റേഡിയോഗ്രാഫർ ഗ്രേഡ് II | 8 | 35600-75400 |
| 11 | ജൂനിയർ ലാബ് അസിസ്റ്റന്റ് | 6 | 27900-63700 |
| 12 | ലാബ് അസിസ്റ്റന്റ്<br>(ഡയാലിസിസ്) | 10 | 37400-79000 |
| 13 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 10 | 35600-75400 |
| 14 | ഡയറ്റീഷ്യൻ ഗ്രേഡ് II | 2 | 39300-83000 |
| 15 | EEG ടെക്നീഷ്യൻ ഗ്രേഡ് II (ന്യൂറോ ടെക്നീഷ്യൻ) | 2<br>(ന്യൂറോ മെഡിസിൻ-1 ഫിസിക്കൽ മെഡിസിൻ -1) | 26500-60700 |
| 16 | ഡെന്റൽ മെക്കാനിക് ഗ്രേഡ് II | 1 | 35600-75400 |
| 17 | ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് II | 1 | 35600-75400 |
| 18 | പ്ലാസ്റ്റർ ടെക്നീഷ്യൻ | 2 | 23700-52600 |
| 19 | ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II | 7 | 35600-75400 |
| 20 | ഹെൽത്ത് എഡ്യൂക്കേറ്റർ | 1 | 43400-91200 |
| 21 | സോഷ്യൽ വർക്കർ | 1 | 37400-79000 |
| 22 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 3<br>(ഡെർമറ്റോളജി-1)<br>(ഹൗസ് കീപ്പിംഗ്-2) | 31100-66800 |
| 23 | കോബ്ലർ | 1 | 24400-55200 |
| 24 | റീഹാബീലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II | 2 | 27900-63700 |

| | | | |
|---|---|---|---|
| 25 | സയന്റിഫിക് അസിസ്റ്റന്റ് (ഒക്കുപ്പേഷണൽ തെറാപ്പി) | 3 | 50200-105300 |
| 26 | സയന്റിഫിക് അസിസ്റ്റന്റ് (ഫിസിയോതെറാപ്പി) | 4 | 50200-105300 |
| 27 | സ്പീച്ച് തെറാപ്പിസ്റ്റ് | 1<br>(PMR) | 21400-110300 |
| 28 | സ്റ്റോർ ഓഫീസർ | 1 | 50200-105300 |
| 29 | ഇലക്ട്രീഷ്യൻ | 2 | 27900-63700 |
| 30 | പ്ലംബർ കം ഓപ്പറേറ്റർ | 1 | 25100-57900 |
| 31 | റഫ്രിജറേഷൻ മെക്കാനിക് | 1 | 27900-63700 |
| 32 | എയർകണ്ടീഷൻ മെക്കാനിക് | 1 | 27900-63700 |
| 33 | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II | 20<br>(Emergency) | 39300-83000 |
| 34 | നഴ്സിംഗ് അസിസ്റ്റന്റ് | 10<br>(Emergency) | 24400-55200 |
| 35 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 10<br>(Emergency) | 23000-50200 |
| 36 | മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II | 1 | 27900-63700 |
| 37 | എൽ.ഡി ടൈപ്പിസ്റ്റ് | 1 | 26500-60700 |
| 38 | ലിഫ്റ്റ് ഓപ്പറേറ്റർ | 10 | 25100-57900 |
| 39 | സെക്യൂരിറ്റി ഓഫീസർ | 1 | 50200-105300 |
| 40 | സാർജന്റ് ഗ്രേഡ് II | 1 | 31100-66800 |
| 41 | വാച്ച്മാൻ | 8 | 23000-50200 |
| 42 | ഹെൽത്ത് സൂപ്പർവൈസർ | 1 | 43400-91200 |
| 43 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 6 | 27900-63700 |
| 44 | ഫുൾ ടൈം സ്വീപ്പർ | 12 | 23000-50200 |
| 45 | പാർട്ട് ടൈം സ്വീപ്പർ (കാറ്റഗറി II) | 10 | 13000-21080 |
| **ആകെ തസ്തികകൾ** | | **180** | |

**5.43** പ്രവൃത്തിപഠനത്തിനായി ചുമതലപ്പെടുത്തിയിട്ടില്ലാത്ത വിഷയമാണെങ്കിലും പഠനസംഘത്തിന് മുൻപാകെ മഞ്ചേരി മെഡിക്കൽ കോളേജിലെ വിവിധ വകുപ്പ് തലവന്മാർ നേരിട്ടെത്തി അവതരിപ്പിച്ച സ്റ്റാഫിന്റെ അപര്യാപ്തത സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. വകുപ്പ് തലവന്മാർ കൈമാറിയ റിപ്പോർട്ടുകൾ ആധാരമാക്കി ഏറ്റവും അനിവാര്യമായ തസ്തികകൾ കണ്ടെത്തിയ ശേഷം പഠനസംഘത്തിന് പ്രിൻസിപ്പൽ സമർപ്പിച്ച റിപ്പോർട്ടിന്റെ സംക്ഷിപ്തം തുടർനടപടികൾക്കായി ഭരണവകുപ്പിനും വകുപ്പ് തലവനും കൈമാറുന്നു.

# അധ്യായം - 6
# പൊതു ശിപാർശകൾ

1. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 12.10.2021 -ൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി).34/10/പി&എ.ആർ.ഡി. നമ്പർ ഉത്തരവിൽ പ്രതിപാദിച്ച മാതൃകയിൽ വിവരാവകാശ രജിസ്റ്റർ തയ്യാറാക്കി ബന്ധപ്പെട്ട സീറ്റുകളിൽ സൂക്ഷിക്കണമെന്ന കർശനനിർദ്ദേശം പ്രിൻസിപ്പൽ തലത്തിൽ നൽകേണ്ടതാണ്. **(ഖണ്ഡിക 3.22)**

2. RTI ഓൺലൈൻ പോർട്ടലിൽ ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 19.04.2024, 25.09.2024, 06.12.2024, 16.01.2025 എന്നീ തീയതികളിലെ സി.ഡി.എൻ.1/ 18/2023-പൊ.ഭ.വ. നമ്പർ സർക്കുലറുകൾ, 10.12.2025-ലെ സി.ഡി.എൻ.5/77/2025-പൊ.ഭ.വ. നമ്പർ സർക്കുലർ, 11.12.2024, 03.01.2026, 17.03.2026 എന്നീ തീയതികളിലെ സി.ഡി.എൻ 5/119/2024-പൊഭവ നമ്പർ സർക്കുലറുകൾ എന്നിവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. **(ഖണ്ഡിക 3.23)**

3. കോടതി വ്യവഹാരങ്ങൾ നിലവിലുള്ള സീറ്റുകളിൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പ് 01.12.2008ൽ പുറപ്പെടുവിച്ച 25255/MC/07/Law നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ സ്യൂട്ട് രജിസ്റ്റർ പ്രത്യേകമായി എഴുതി സൂക്ഷിക്കേണ്ടതാണ്. **(ഖണ്ഡിക 3.27)**

4. തൻപതിവേട് പരിപാലിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും പുതുക്കിയ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് വരെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 12.02.2021-ലെ റൂൾസ്-2/22/2020/ഉഭപവ നമ്പർ സർക്കുലർ പ്രകാരം ഇ-ഓഫീസ് വഴി സൃഷ്ടിക്കുന്ന ഫയലുകളുടെ 2021

ജനുവരി 1 മുതലുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പേഴ്സണൽ രജിസ്റ്റർ കർശനമായി പരിപാലിക്കേണ്ടതും മേലുദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ അവ പരിശോധിച്ച് കൃത്യത ഉറപ്പ വരുത്തേണ്ടതാണെന്നുമുള്ള നിർദ്ദേശം നൽകേണ്ടതാണ്. **(ഖണ്ഡിക 3.31)**

5. ജീവനക്കാരുടെ അറ്റൻഡൻസ് സ്പാർക്ക് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കേണ്ടതും അവധികൾ, ശമ്പളവിതരണം എന്നിവ സ്പാർക്ക് വഴി ക്രമീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 14.07.23-ലെ സ.ഉ(സാധാ) 3253/2023/പൊഭവ, 09.05.2025-ലെ സ.ഉ(സാധാ) 2021/2025/പൊഭവ നമ്പർ ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. **(ഖണ്ഡിക 3.33)**

6. മിനിസ്റ്റീരിയൽ വിഭാഗത്തിലെ എല്ലാ ജീവനക്കാർക്കും ഇ-ഓഫീസ് സംബന്ധമായ പരിശീലനം നൽകേണ്ടതാണ്. **(ഖണ്ഡിക 3.34)**

# അധ്യായം - 7

# പ്രധാന ശിപാർശകൾ

1. മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിലുള്ള 40 ഔട്ട്സോഴ്സ് ചെയ്ത തസ്തികകളും സ്ഥിരം തസ്തികകളാക്കി മാറ്റേണ്ടതും ഇവയിൽ അടിയന്തര നിയമനം PSC മുഖേന നടത്തേണ്ടതുമാണ്. **(ഖണ്ഡിക 4.55, 4.59)**

2. ജോലിഭാര പരിശോധനയിൽ കണ്ടെത്തിയ പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തിനായി ഒരു ജൂനിയർ സൂപ്രണ്ട്, 4 ക്ലർക്ക് തസ്തികകൾ എന്നിവയും ഒരു ഡ്രൈവർ തസ്തികയും ഉൾപ്പെടെ 6 തസ്തികകൾ നിലവിലുള്ള തസ്തികകൾക്ക് പുറമേ പുതുതായി സൃഷ്ടിക്കേണ്ടതാണ്. **(ഖണ്ഡിക 4.14, 4.17, 4.32, 4.60)**

3. ദിവസവേതന ജീവനക്കാർക്ക് പുനർനിയമം നൽകുന്ന പക്ഷം 28.07.2017-ലെ സ.ഉ (അച്ചടി) 56/2017/ധനം, 19.04.2025 - ലെ സ.ഉ. (അച്ചടി) 54/2025/ധനം എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഓഫീസ് മേധാവി (മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ) കർശനമായി ഉറപ്പു വരുത്തേണ്ടതാണ്. **(ഖണ്ഡിക 4.55, 4.58, 4.61)**

4. എല്ലാം മെഡിക്കൽ കോളേജുകളിലും അനുവദിക്കുന്ന സ്റ്റാഫ് പാറ്റേണിൽ മഞ്ചേരി മെഡിക്കൽ കോളേജിലും 'ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വകുപ്പ്' രൂപീകരിക്കേണ്ടതും നിലവിലുള്ള ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളെ "ബയോമെഡിക്കൽ എഞ്ചിനീയർ ഗ്രേഡ്-I, ഗ്രേഡ്-II" എന്ന് പുനർനാമകരണം ചെയ്യേണ്ടതുമാണ്. **(ഖണ്ഡിക 4.48, 4.50)**

5. ലോൺട്രിക്കായി എല്ലാ സൗകര്യങ്ങളുമുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും രണ്ടോ മൂന്നോ വാഷിംഗ് എക്സ്ട്രാക്ടറുകൾ, ഡ്രൈയിംഗിനായി 2 ടംബിൾ

ഡ്രൈയറുകൾ തുടങ്ങി നൂതനമായ ഉപകരണങ്ങൾ ഉൾപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി ഭരണവകുപ്പ് / വകുപ്പ് തലവൻ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിന് സജീവ പരിഗണന നൽകേണ്ടതാണ്. **(ഖണ്ഡിക 4.31)**

6. മെഡിക്കൽ കോളേജിന്റെ പ്രവർത്തനം, തസ്തികകളുടെ അനിവാര്യത എന്നിവ പൂർണ്ണമായും ബോധ്യപ്പെടുന്നതിനായി ഭരണവകുപ്പിലേയും മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലേയും ഉന്നത ഉദ്യോഗസ്ഥരുടെ സംയുക്ത സംഘം മഞ്ചേരി മെഡിക്കൽ കോളേജ് എത്രയും വേഗം സന്ദർശിക്കേണ്ടതാണ്. **(ഖണ്ഡിക 4.8)**

# അധ്യായം - 8

# അധിക തസ്തികകൾ സൃഷ്ടിക്കൽ - സാമ്പത്തിക ബാധ്യതയും പ്രാധാന്യവും

**8.1** ഈ പ്രവൃത്തിപഠനത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഔട്ട്സോഴ്സ് ചെയ്ത തസ്തികകളുടെ അനിവാര്യത എന്ന വിഷയവുമായി ബന്ധപ്പെട്ട ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള 14 കാറ്റഗറികളിലായുള്ള 40 ഔട്ട്സോഴ്സ് ചെയ്ത തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റണമെന്നും ഒരു ജൂനിയർ സൂപ്രണ്ട്, നാല് ക്ലർക്ക്, ഒരു ഡ്രൈവർ എന്നിവയുമുൾപ്പെടെ 6 തസ്തികകൾ പുതുതായി സൃഷ്ടിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അധികമായി ശിപാർശ ചെയ്ത തസ്തികകളുടെ വാർഷിക സാമ്പത്തിക ബാധ്യത പ്രത്യേകമായി വിശകലനം ചെയ്തിട്ടുണ്ട്. പ്രവൃത്തി പഠനത്തിന്റെ ഭാഗമായി പുതുതായി സൃഷ്ടിക്കാൻ ശിപാർശ ചെയ്തിട്ടുള്ള 6 തസ്തികകളുടെ പ്രതിവർഷ ചെലവ് ചുവടെ ചേർക്കുന്നു. അടിസ്ഥാന ശമ്പളം, 35% നിരക്കിൽ നിലവിലുള്ള ക്ഷാമബത്ത (DA), മുനിസിപ്പൽ പ്രദേശത്തിന് ബാധകമായ 6% നിരക്കിലുള്ള വീട്ടുവാടക ബത്ത (HRA) എന്നിവ ചേർത്താണ് ആകെ ശമ്പളം കണക്കാക്കിയിട്ടുള്ളത്.

| ക്രമ നം. | തസ്തിക | എണ്ണം | അടിസ്ഥാന ശമ്പളം | DA (35%) | HRA (6%) | ആകെ ശമ്പളം | പ്രതിവർഷ ചെലവ് |
|---|---|---|---|---|---|---|---|
| 1 | ജൂനിയർ സൂപ്രണ്ട് | 1 | 43400 | 15190 | 2604 | 61194 | 7,34,328 (61194X 1X12) |
| 2 | ക്ലർക്ക് | 4 | 26500 | 9275 | 1590 | 37365 | 17,93,520 (37365X4X12) |
| 3 | ഡ്രൈവർ ഗ്രേഡ് II | 1 | 25100 | 8785 | 1506 | 35391 | 4,24,692 (35391X1X12) |
| | **ആകെ** | **6** | | | | | **29,52,540** |

**8.2** പ്രവൃത്തി പഠനത്തിന്റെ ഭാഗമായി പുതുതായി ശിപാർശ ചെയ്ത ആറ് തസ്തികകൾ സൃഷ്ടിക്കാനായി 29,52,540/- രൂപ പ്രതിവർഷ ചെലവ് ഭരണവകുപ്പിന് ഉണ്ടാകും.

**ഔട്ട്സോഴ്സ് ചെയ്ത തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റുന്നതിനുള്ള പ്രതിവർഷ ചെലവ്**

**8.3** നിലവിലുള്ള 40 ഔട്ട്സോഴ്സ് ചെയ്ത തസ്തികകളിലെ 14 വിഭാഗങ്ങളിലുൾപ്പെടുന്ന ലൈബ്രറി അസിസ്റ്റന്റ്, പവർലോൺട്രി അറ്റൻഡന്റ്, ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകൾ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ നിലവിലില്ലാത്തവയാണ്. ഇവയുടെ ശമ്പളസ്കെയിലുകൾ നിലവിലില്ലാത്തതിനാൽ ലൈബ്രറി അസിസ്റ്റന്റിന് 'സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി' വകുപ്പിലെ ലൈബ്രേറിയൻ ഗ്രേഡ് IV എന്ന തസ്തികയുടെ 31100-66800 എന്ന സ്കെയിലും; സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലില്ലാത്ത ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകൾക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുള്ള ബയോമെഡിക്കൽ എഞ്ചിനീയർ, ടെക്നിക്കൽ അസിസ്റ്റന്റ് (ഇലക്ട്രോണിക്സ്) എന്നീ തസ്തികകളുടെ 51400-110300, 43400-91200 എന്നീ ശമ്പള സ്കെയിലുകളും; പവർ ലോൺട്രി അറ്റൻഡന്റ് തസ്തികയ്ക്ക് പവർ ലോൺട്രി അറ്റൻഡറുടെ 23700-52600 എന്ന ശമ്പളസ്കെയിലും അടിസ്ഥാനമാക്കിയാണ് വാർഷിക ചെലവ് കണക്കാക്കിയിട്ടുള്ളത്.

**8.4** നിലവിലുള്ള 40 ഔട്ട്സോഴ്സ് ചെയ്ത തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റുമ്പോൾ ഉണ്ടാകുന്ന വാർഷിക ചെലവ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | എണ്ണം | അടിസ്ഥാന ശമ്പളം | DA 35% | HRA 6% | ആകെ ശമ്പളം | പ്രതിവർഷ ചെലവ് (രൂപയിൽ) |
|---|---|---|---|---|---|---|---|
| 1. | ക്ലർക്ക് | 5 | 26500 | 9275 | 1590 | 37365 | 22,41,900 (37365x5x12) |

| | | | | | | | |
|---|---|---|---|---|---|---|---|
| 2. | ഓഫീസ് അറ്റൻഡന്റ് | 4 | 23000 | 8050 | 1380 | 32430 | 15,56,640 (32430x4x12) |
| 3. | ലൈബ്രറി അസിസ്റ്റന്റ് | 1 | 31100 | 10885 | 1866 | 43851 | 5,26,212 (43851x1x12) |
| 4. | ധോബി | 5 | 23000 | 8050 | 1380 | 32430 | 19,45,800 (32430x5x12) |
| 5. | ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II | 7 | 35600 | 12460 | 2136 | 50196 | 42,16,464 (50196x7x12) |
| 6. | ലാബ് അസിസ്റ്റന്റ് | 5 | 24400 | 8540 | 1464 | 34404 | 20,64,240 (34404x5x12) |
| 7. | ഡ്രൈവർ ഗ്രേഡ് - II | 1 | 25100 | 8785 | 1506 | 35391 | 4,24,692 (35391x1x12) |
| 8. | റേഡിയോഗ്രാഫർ ഗ്രേഡ് - II | 1 | 35600 | 12460 | 2136 | 50196 | 6,02,352 (50196x1x12) |
| 9. | പവർ ലോൺട്രി അറ്റൻഡന്റ് | 5 | 23700 | 8295 | 1422 | 33417 | 20,05,020 (33417x5x12) |
| 10. | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 2 | 35600 | 12460 | 2136 | 50196 | 12,04,704 (50196x2x12) |
| 11. | ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 51400 | 17990 | 3084 | 72474 | 8,69,688 (72474x1x12) |
| 12. | ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 43400 | 15190 | 2604 | 61194 | 7,34,328 (61194x1x12) |
| 13. | സോഷ്യൽ വർക്കർ | 1 | 37400 | 13090 | 2244 | 52734 | 6,32,808 (52734x1x12) |
| 14. | കാർപെന്റർ | 1 | 25100 | 8785 | 1506 | 35391 | 4,24,692 (35391x1x12) |
| **ആകെ - 40 തസ്തികകൾ** | | | | | | | **1,94,49,540/-** |

**8.5** ഔട്ട്സോഴ്സ് ചെയ്ത 40 തസ്തികകളിലെ ജീവനക്കാരും ദിവസവേതനാടിസ്ഥാനത്തിൽ ഇപ്പോൾ പ്രതിമാസ വേതനം കൈപ്പറ്റുന്നുണ്ട്.

18.02.2026-ലെ സ.ഉ (അച്ചടി)24/2026/ധന നമ്പർ ഉത്തരവ് പ്രകാരം ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് പുറപ്പെടുവിച്ച ഉത്തരവിൽ അവധി ദിവസമുൾപ്പെടെ മാസത്തിൽ 27-ൽ അധികം ദിവസം ഔദ്യോഗിക കൃത്യനിർവഹണം ചെയ്യേണ്ടി വരുന്ന പക്ഷം അധിക ജോലി ചെയ്ത ദിവസത്തെ ശമ്പളത്തിന് മേലധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമേ അർഹതയുള്ളൂവെന്നും ഇക്കാര്യം മേലധികാരി ഉറപ്പുവരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പുതുക്കിയ നിരക്കിലുള്ള ശമ്പള വർദ്ധനവ് 01.04.2026 മുതൽ മാത്രമേ പ്രാബല്യത്തിൽ വരുകയുള്ളൂ. നിലവിലുള്ള 40 ഔട്ട്സോഴ്സ് ചെയ്ത തസ്തികകൾക്ക് അനുവദനീയമായ പ്രതിദിനവേതനത്തിൽ പ്രതിമാസം പരമാവധി 27 ദിവസങ്ങൾ എന്ന ക്രമത്തിൽ തയ്യാറാക്കിയ പ്രതിവർഷ ശമ്പള ചെലവ് ചുവടെ ചേർക്കുന്നു

| ക്രമ നം. | തസ്തിക | എണ്ണം | പ്രതിദിന ശമ്പളം | പ്രതിമാസ ശമ്പളം (ശമ്പളം X 27 ദിവസം) | പ്രതിവർഷ ശമ്പളം ചെലവ് (പ്രതിമാസ ശമ്പളം X 12 - രൂപയിൽ) |
|---|---|---|---|---|---|
| 1 | ക്ലർക്ക് | 5 | 800/- | 21600/- | 12,96,000/- (21600 X 5 X 12) |
| 2 | ഓഫീസ് അറ്റൻഡന്റ് | 4 | 710/- | 19170/- | 9,20,160 (19170 X 4 X 12) |
| 3 | ലൈബ്രറി അറ്റൻഡന്റ് | 1 | 710/- | 19170/- | 2,30,040 (19170 X 1 X 12) |
| 4 | ധോബി | 5 | 710/- | 19170/- | 11,50,200 (19170 X 5 X 12) |
| 5 | ലാബ് ടെക്നീഷ്യൻ | 7 | 900/- | 24300/- | 20,41,200 (24300 X 7 X 12) |
| 6 | ലാബ് അസിസ്റ്റന്റ് | 5 | 770/- | 20790/- | 12,47,400 (20790 X 5 X 12) |
| 7 | ഡ്രൈവർ | 1 | 770/- | 20790/- | 2,49,480 (20790 X 1 X 12) |
| 8 | റേഡിയോഗ്രാഫർ | 1 | 900/- | 24300/- | 2,91,600 (24300 X 1 X 12) |
| 9 | പവർലോൺട്രി | 5 | 710/- | 19170/- | 11,50,200 |

| | | | | | |
|---|---|---|---|---|---|
| | അറ്റൻഡന്റ് | | | | (19170 X 5 X 12) |
| 10 | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 2 | 900/- | 24300/- | 5,83,200 (24300 X 2 X12) |
| 11 | ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ | 1 | Vacant | - | - |
| 12 | ജൂനിയർ ടെക്നിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ | 1 | | 20,000/- (Monthly Consolidated Salary) | 2,40,000 (20000 X 1 X 12) |
| 13 | സോഷ്യൽ വർക്കർ | 1 | 1060/- | 28,620/- | 3,43,440 (28620 X 1 X 12) |
| 14 | കാർപെന്റർ | 1 | 770/- | 20790/- | 2,49,480 (20790 X 1 X 12) |
| | **ആകെ** | **40** | | | **99,92,400/-** |

**8.6** ഔട്ട്സോഴ്സ് ചെയ്ത 40 തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനായി പ്രതിവർഷം വേണ്ടിവരുന്ന 1,94,49,540/- രൂപയിൽ നിന്നും ഇത്രയും തസ്തികകൾക്ക് ദിവസവേതനാടിസ്ഥാനത്തിൽ പ്രതിവർഷം നൽകുന്ന ശമ്പള തുകയായ 99,92,400/- രൂപ കുറവ് ചെയ്ത ശേഷം ലഭിക്കുന്ന 94,57,140/- രൂപയാണ് മഞ്ചേരി മെഡിക്കൽ കോളേജിലെ ഔട്ട്സോഴ്സ് ചെയ്ത 40 തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റുന്നതിലൂടെ ഭരണവകുപ്പിന് പ്രതിവർഷം ഉണ്ടാകുന്ന അധിക ചെലവ് എന്ന് പഠനസംഘം വിലയിരുത്തുന്നു. ഈ ചെലവിനൊപ്പം പുതുതായി ശിപാർശ ചെയ്യപ്പെട്ട ആറ് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള 29,52,540/- രൂപയും ചേർക്കുമ്പോൾ ഭരണവകുപ്പിന് പ്രതിവർഷം ആകെ 1,24,09,680/- രൂപ അധിക ചെലവ് ഉണ്ടാകുമെന്ന് പഠനസംഘം വിലയിരുത്തുന്നു.

## അധിക തസ്തികളുടെ പ്രാധാന്യം

**8.7** പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാരുകൾ പ്രതിജ്ഞാബദ്ധരാണ്. ആശുപത്രികളിലെ സേവനങ്ങൾ

കൃത്യസമയത്ത് പൊതുജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നതിന് മനുഷ്യവിഭവശേഷി സുപ്രധാന ഘടകം തന്നെയാണ്. ആവശ്യമായ മനുഷ്യവിഭവ ശേഷിയില്ലാതെ ഒരു വകുപ്പിനും അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് പൂർണമായി എത്തിച്ചേരാൻ കഴിയില്ല. പൂർണ്ണമായും സേവന മേഖലയിൽ പ്രവർത്തിക്കുന്ന മഞ്ചേരി മെഡിക്കൽ കോളേജിനെ ശക്തിപ്പെടുത്തുന്നതിലൂടെ മലപ്പുറം ജില്ലയിലെയും മറ്റ് സമീപ പ്രദേശങ്ങളിലേയും സാധാരണക്കാരായ പൊതുജനങ്ങൾക്ക് മികച്ച ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ കഴിയുമെന്നും രോഗീപരിചരണം സമയബന്ധിതമായും കാര്യക്ഷമമായും ലഭ്യമാകുമെന്നും പഠനസംഘം വിലയിരുത്തുന്നു.

**8.8** ജനങ്ങളുടെ ആരോഗ്യപരിരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകേണ്ടതുള്ളതിനാൽ മഞ്ചേരി മെഡിക്കൽ കോളേജിന് മനുഷ്യവിഭവശേഷി പ്രദാനം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

**<u>റിപ്പോർട്ടിലെ ശിപാർശകൾ പൂർണമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത</u>**

**8.9** മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിലുള്ള 40 ഔട്ട്സോഴ്സ് ചെയ്ത തസ്തികകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത പഠനവിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ പ്രവൃത്തിപഠന സംഘം മെഡിക്കൽ കോളേജ് സന്ദർശിച്ച വേളയിൽ നേരിട്ട് കണ്ട് ബോധ്യപ്പെട്ട അവസ്ഥകളാണ് റിപ്പോർട്ടിൽ പ്രതിപാദിച്ചത്. ജീവനക്കാരുടെ അപര്യാപ്തത എന്ന ഗുരുതരമായ സാഹചര്യം നിലനിൽക്കുന്ന ഈ ആതുരസേവന കേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതായുണ്ട്. മറ്റു സർക്കാർ മെഡിക്കൽ കോളേജുകൾക്ക് സമാനമായി മിക്കവാറും എല്ലാ വിഭാഗങ്ങളും പ്രവർത്തിക്കുന്ന ഈ മെഡിക്കൽ കോളേജിൽ നഴ്സിംഗ് മേഖലയിലേയും മറ്റു പാരാമെഡിക്കൽ സ്റ്റാഫിന്റേയും കുറവ് നിലനിൽക്കുന്നുണ്ട്. ഇത് സർക്കാർ ആരോഗ്യകേന്ദ്രങ്ങളോട് പൊതുജനങ്ങൾക്കുള്ള മതിപ്പ് കുറയ്ക്കുന്ന തരത്തിലുള്ള പ്രതികൂല അന്തരീക്ഷം സൃഷ്ടിക്കും. നിലവിലുള്ള പരിമിതമായ മനുഷ്യവിഭവശേഷി തികച്ചും അപര്യാപ്തമെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ പഠനസംഘം ശിപാർശ ചെയ്തത്. അനിവാര്യമായ

സ്ഥലങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനും കൃത്യമായി ചുമതലകൾ നിർവഹിക്കുന്നതിന് ഉദ്യോഗസ്ഥരെ ബാധ്യസ്ഥരാക്കുന്ന തരത്തിലും കൃത്യമായ വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിലുള്ള തസ്തികകൾ സൃഷ്ടിക്കാനുള്ള ശിപാർശകളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തസ്തികകൾ സൃഷ്ടിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടാകുന്ന പക്ഷം ജൂനിയർ സൂപ്രണ്ട്, ക്ലർക്ക് തസ്തികകളിൽ പുനർവിന്യാസത്തിന്റെ സാധ്യത തേടാനും പഠനസംഘം നിർദേശിച്ചിട്ടുണ്ട്.

**8.10** അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന കാരണത്താൽ ഈ മെഡിക്കൽ കോളേജിൽ തസ്തിക സൃഷ്ടിക്കലുകളുൾപ്പെടെയുള്ള ശിപാർശകൾ അവഗണിക്കുന്നത് അനുചിതമാണെന്നും റിപ്പോർട്ടിലെ ശിപാർശകൾ പൂർണ്ണമായി നടപ്പിലാക്കുന്നതിലൂടെ മാത്രമേ ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാവുകയുള്ളൂ എന്നും പഠനസംഘം വിലയിരുത്തുന്നു.

## <u>ഉപസംഹാരം</u>

**8.11** സമ്പൂർണ്ണമായും സേവനമേഖലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന് കീഴിലെ മഞ്ചേരി മെഡിക്കൽ കോളജിന്റെ പ്രവർത്തനത്തെപ്പറ്റിയും ഔട്ട്സോഴ്സ് ചെയ്ത തസ്തികകളുടെ അനിവാര്യതയെ പറ്റിയും യാതൊരു മുൻവിധിയും കൂടാതെയാണ് ഈ പ്രവൃത്തിപഠനം ആരംഭിച്ചത്. മെഡിക്കൽ കോളേജിന്റെ പ്രവർത്തനം വിശദമായി വിശകലനം ചെയ്തും യാഥാർത്ഥ്യബോധം ഉൾക്കൊണ്ടും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനും ജനോപകാരപ്രദമാക്കാനും കഴിയുന്ന തരത്തിൽ ഏറ്റവും അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കുന്ന തരത്തിലുള്ള ശിപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്. ഏതെങ്കിലുമൊരു വിഭാഗത്തെ കേന്ദ്രീകരിക്കുന്നതിന് പകരം ഈ ആതുരാലയത്തിന്റെ പ്രവർത്തനങ്ങളും ഓരോ വിഭാഗത്തിലും വർദ്ധിച്ചുവരുന്ന പ്രാധാന്യവും ഭാവിയിലെ സാധ്യതകളും കൂടി കണക്കിലെടുത്ത് സമസ്തമേഖലകളേയും ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലാണ് ശിപാർശകൾ സമർപ്പിച്ചിട്ടുള്ളത് .

**8.12** ലോകത്തിന് തന്നെ മാതൃകയായ കേരളത്തിന്റെ ആരോഗ്യ പരിരക്ഷാരംഗം ശക്തമായി നിലനിൽക്കേണ്ടതും സാധാരണക്കാരന് കുറഞ്ഞ ചിലവിൽ മികച്ച ചികിത്സ ഉറപ്പാക്കുന്ന സർക്കാർ ആശുപത്രികൾ നമ്മുടെ കരുത്തായി നിലനിൽക്കേണ്ടതും ആതുരാലയങ്ങളിൽ ആവശ്യമായ മനുഷ്യവിഭവശേഷി ഉറപ്പുവരുത്തേണ്ടതും സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. സർക്കാർ ആശുപത്രികൾ മുഖേന മികച്ച സൗകര്യങ്ങൾ പ്രദാനം ചെയ്യാൻ കഴിയാത്ത പക്ഷം ആരോഗ്യരംഗം സ്വകാര്യ ആശുപത്രികളുടെ കൈപ്പിടിയിലാകുമെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊള്ളേണ്ടതുമുണ്ട്. ഇത്തരം സാഹചര്യങ്ങൾ കൂടി പരിഗണിച്ച് ഈ പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകളിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**8.13** മഞ്ചേരി മെഡിക്കൽ കോളജിലെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി സമർപ്പിച്ച ശിപാർശകൾ അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്ന വീക്ഷണത്തിലൂടെ മാത്രം കാണാതെ അതുണ്ടാക്കുന്ന പ്രതിഫലനം ആതുരസേവന മേഖലയുടെ പുരോഗതിക്കും അതുമൂലം നാടിനാകമാനമുണ്ടാകുന്ന ആരോഗ്യസുരക്ഷയ്ക്കും എത്രമാത്രം സഹായകരമാകുമെന്നതാണ് ചിന്തിക്കേണ്ട സുപ്രധാനമായ വസ്തുത.

**8.14** ശിപാർശകൾ നടപ്പിൽ വരുന്നതോടെ മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പതിന്മടങ്ങ് മെച്ചപ്പെടുമെന്ന പ്രതീക്ഷയോടെ ഈ പഠനറിപ്പോർട്ട് സജീവ പരിഗണനയ്ക്കും ക്രിയാത്മകമായ തുടർനടപടിക്കുമായി സമർപ്പിക്കുന്നു.

## കൃതജ്ഞത

മഞ്ചേരി മെഡിക്കൽ കോളേജിൽ പ്രവൃത്തിപഠനം വിജയകരമായി പൂർത്തിയാക്കുന്നതിന് പൂർണ്ണസഹകരണം നൽകിയ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ ഉദ്യോഗസ്ഥർക്കും പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജിലെ എല്ലാ ജീവനക്കാർക്കും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനുള്ള അകമഴിഞ്ഞ നന്ദി അറിയിക്കുന്നു.

ഡോ. രാജൻ നാംദേവ് ഖോബ്രഗഡെ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

തിരുവനന്തപുരം
16.05.2026

# അനുബന്ധ സൂചിക

| ക്രമ നം. | ഉത്തരവ് നമ്പർ | ഉത്തരവ് തീയതി |
|---|---|---|
| 1 | സ.ഉ (സാധാ) 3068/2011/ആകുവ | 25.08.2011 |
| 2 | സ.ഉ (കൈ) 98/2012/ആകുവ | 24.03.2012 |
| 3 | സ.ഉ (കൈ) 166/2012/ആകുവ | 02.06.2012 |
| 4 | സ.ഉ (കൈ) 30/2013/ആകുവ | 02.02.2013 |
| 5 | പ്രൊസീഡിംഗ്സ് നം.<br>ഇ 3/30296/2011/DME | 30.07.2013 |
| 6 | സ.ഉ (കൈ) 441/2013/ആകുവ | 15.11.2013 |
| 7 | സ.ഉ (കൈ) 487/2013/ആകുവ | 17.12.2013 |
| 8 | സ.ഉ (സാധാ) 1999/2014/ആകുവ | 17.06.2014 |
| 9 | സ.ഉ (കൈ) 81/2019/ആകുവ | 15.06.2019 |
| 10 | സ.ഉ (കൈ) 34/2022/ആകുവ | 11.02.2022 |
| 11 | സ.ഉ (കൈ) 303/2023/ആകുവ | 06.11.2023 |

അനുബന്ധം I

GOVERNMENT OF KERALA

**Abstract**

Health & Family Welfare Department– Medical Education Service – Academic-Establishment of new Medical Colleges under Government Sector — Special Officer for the Project – Appointed - Orders Issued.

**HEALTH & FAMILY WELFARE (S) DEPARTMENT**

**GO(Rt)No. 3068/2011/H&FWD Dated, Thiruvananthapuram, 25.08.2011**

**ORDER**

Government have decided to establish four new Medical Colleges in Government sector. The nature, location and financing of these Medical Colleges have to be tied up for establishing the same. Hence Government have decided to appoint Dr.P.G.R.Pillai, Professor of Surgery (Rtd) as the Special Officer for setting up of the Four new Medical Colleges. The remuneration and other expenses of the Special Officer shall be met from the budget allocation for setting up the Medical Colleges, provided for this year's budget.

Orders regarding the tenure of the Special Officer and other terms and conditions of the appointment will be issued separately.

By Order of the Governor

**Elphege Tajan.I**
Under Secretary to Government

To

The Director of Medical Education, Thiruvananthapuram
Dr.P.G.R.Pillai, Professor of Surgery (Rtd), Doctors' Gardens, Kottayam -8
The Director of Health Services, Thiruvananthapuram
The Director of Insurance Medical Services, Thiruvananthapuram
All Principals, Government Medical Colleges in the State
Stock File /Office Copy

Forwarded/By Order

Section Officer

അനുബന്ധം II

GOVERNMENT OF KERALA

Abstract

Health & Family Welfare Department - Medical Education Services - Establishment of new Medical Colleges under Government Sector - Administrative Sanction accorded - Orders issued.

HEALTH & FAMILY WELFARE (S) DEPARTMENT

GO(MS) No.98/2012/H&FWD Dated, Thiruvananthapuram 24-03-2012

Read:- (1) GO(Rt)No.3068/2011/H&FWD dated 25.08.2011
(2) GO(Rt)No.351/2011/H&FWD dated 01.02.2012

ORDER

Government have appointed a Special Officer for setting up of the new Medical Colleges under Government Sector vide Government Order read as 1st paper above.

Government are pleased to accord Administrative Sanction for the establishment of the four new Medical Colleges under Government sector at Kozhencherry in Pathanamthitta District, at Idukki in Idukki District, at Manjeri in Malappuram District and at Badiyadukka in Kasargod District.

By Order of the Governor
Rajeev Sadanandan
Principal Secretary to Government

To

The Director of Medical Education, Thiruvananthapuram.
Dr.P.G.R.Pillai, Special Officer for Setting up of Medical Colleges, 'SURAMA', Doctors' Gardens, Gandhi Nagar.P.O, Kottayam- 686008
The Director of Health Services, Thiruvananthapuram
The State Mission Director,NRHM, Thiruvananthapuram
The Chief Engineer, PWD, Thiruvananthapuram
The District Collector, Pathanamthitta/Idukki/Malappuram/Kasargod
The MD, Kerala Medical Services Corporation Ltd, Thiruvananthapuram
The Accountant General (A&E/Audit), Kerala, Thiruvananthapuram
The Director,I&PRD, Thiruvananthapuram
The General Admistration (SC) Department
The Finance Department
The Revenue Department
The Food and Civil Supplies Department
The Health & Family Welfare (P) Department
The Planning & Economic Affairs Department
Stock File/Office Copy

Forwarded/By Order,

Section Officer

Inward-6
Copy

അനുബന്ധം III

GOVERNMENT OF KERALA

Abstract

Health & Family Welfare Department – Medical Education Services – Establishment of new Medical Colleges under Government Sector – Further measures specified – Orders issued.

HEALTH & FAMILY WELFARE (S) DEPARTMENT

GO(MS) No. 166 /2012/H&FWD Dated, Thiruvananthapuram, 02.06.2012

Read:- (1) GO(Rt)No.3068/2011/H&FWD dated 25.08.2011
(2) GO(Rt)No.351/2011/H&FWD dated 01.02.2012
(3) GO(MS)No.98/2012/H&FWD dated 24.03.2012

ORDER

Government have accorded sanction for the establishment of the four new Medical Colleges under Government sector at Kozhencherry Taluk in Pathanamthitta District, at Idukki in Idukki District, at Manjeri in Malappuram District and at Badiyadukka in Kasargod District, vide Government Order read as 3rd paper above. The Special Officer appointed for the establishment of Medical Colleges has submitted the interim report for the project. Government have examined the report of the Special Officer and are pleased to order as follows.

1. The Revenue Department will transfer 60 acres of land at Badiyadukka in Kasargod District to Health & Family Welfare Department for establishing a Medical College. The Special Officer will take follow up action in consultation with the Revenue Department.
2. The Plantation Corporation of Kerala Ltd will take action to contribute Rs.50 Crores towards the establishment of Medical College at Kasargod
3. The Project management for establishment of new Medical College at Kozhencherry Taluk, Pathanamthitta is entrusted with M/s HLL. The Special Officer will take further action in this regard.
4. The District Collector, Malappuram will take necessary action for the acquisition/negotiated purchase of 6 acres of adjacent land to District Hospital, Manjeri and transfer the same to Health & Family Welfare department
5. The District Panchayat, Idukki will transfer the District Hospital, Idukki and 40 acres of land with buildings located there for the establishment of new Medical College at Idukki.
6. The Director of Medical Education shall furnish proposals for the creation of necessary posts of faculty and other staff required for 1st year project

7. The control of administration of the proposed Medical Colleges shall be vested with the Director of Medical Education as in the case of the other Medical Colleges and a committee led by the District Collector with local M.P, MLA, District Panchayat President, District Medical Officer, Executive Engineer PWD, Finance Officer of the Collectorate as members and Principal of the College/Special Officer as convener shall be set up for project development, implementation, monitoring and other future developments.
8. New hospitals with 300 beds each shall be constructed for the proposed Medical colleges in Idukki, Kasargod and Pathanamthitta districts. The Special Officers for the construction of new hospitals will be appointed later.

By Order of the Governor
**Rajeev Sadanandan**
Principal Secretary to Government

The Director of Medical Education, Thiruvananthapuram.
Dr.P.G.R.Pillai, Special Officer for Setting up of Medical Colleges, 'SURAMA', Doctors' Gardens, Gandhi Nagar.P.O, Kottayam- 686008
The Director of Health Services, Thiruvananthapuram
The State Mission Director,NRHM, Thiruvananthapuram
The Chief Engineer, PWD, Thiruvananthapuram
The District Collector, Pathanamthitta/Idukki/Malappuram/Kasargod
The Secretary, District Panchayath, Pathanamthitta/Idukki/Malappuram/Kasargod
The District Medical Officer (Health), Pathanamthitta/Idukki/Malappuram/Kasargod
The MD, Kerala Medical Services Corporation Ltd, Thiruvananthapuram
The Accountant General (A&E/Audit), Kerala, Thiruvananthapuram
The Company Secretary, The Plantation Corporation of Kerala Ltd, Kottayam-686004
The Director, I & PRD, Thiruvananthapuram
The General Administration (SC) Department
The Finance Department
The Revenue Department
The Food and Civil Supplies Department
The Agriculture Department
The Local Self Government Department
The Public Works Department
The Planning & Economic Affairs Department
The Health & Family Welfare (P) Department
Stock File/Office Copy

Forwarded/By Order,

Section Officer

SONM C, GNR
INWARD
No 249.
Date: 2-2-2013

**GOVERNMENT OF KERALA**

**Abstract**

Health & Family Welfare Department – Medical Education Services- Setting up of new Medical College at Manjeri, Malappuram – Creation of posts - Sanctioned - Orders issued.

**HEALTH & FAMILY WELFARE (S) DEPARTMENT**

**GO (MS) No. 30/2013/H&FWD Dated, Thiruvananthapuram, 02.02.2013**

Read:-(1) GO(Rt)No.3068/2011/H&FWD dated 25.08.2011
(2) GO(MS)No.98/2012/H&FWD dated 24.03.2012
(3) GO(MS)No.166/2012/H&FWD dated 02.06.2012
(4) Letter No.F4/12538/12/DME dated 28.05.2012 from the Director of Medical Education, Thiruvananthapuram
(5) Letter No.16/2012/SONMC dated 10.12.2012 from the Special Officer for setting up of new Medical colleges

**ORDER**

Government have accorded sanction for the establishment of four new Medical Colleges under Government sector including one at Manjeri in Malappuram District, vide Government Order read as 2nd paper above. The Director of Medical Education and the Special Officer for setting up of new Medical colleges have furnished proposals for creation of posts for the new Medical College at Manjeri, as per the letters read as 4th and 5th papers above. Government have examined the case in detail and are pleased to create the following posts in Government Medical College, Manjeri, Malappuram.

| Sl. No | Name of Post | No. of Posts |
|---|---|---|
| 1 | Principal | 1 |
| 2 | Vice Principal | 1 |
| 3 | Professor | 5 |
| 4 | Associate Professor | 14 |
| 5 | Assistant Professor | 17 |
| 6 | Tutor/Demonstrator | 17 |
| 7 | Senior Resident | 12 |
| 8 | Junior Resident | 16 |

| | | |
|---|---|---|
| 9 | Store Keeper | 4 |
| 10 | Technician Gr.II | 5 |
| 11 | ECG Technician Gr.II | 1 |
| 12 | Attendant | 2 |
| 13 | Anaesthesia Technician Gr.II | 1 |
| 14 | UD Clerk | 2 |
| 15 | Security Assistant Gr.I | 1 |
| 16 | CA to Principal Gr.I | 1 |
| 17 | Peon/Attender Gr.II | 2 |
| 18 | Librarian Gr.II | 1 |
| 19 | Librarian Gr.III | 2 |
| 20 | Library Attender Gr.IV | 1 |
| 21 | Data Entry Operator | 2 |
| | **Total** | **108** |

The sweeper posts in the Medical College shall be filled up through out sourcing.

By Order of the Governor
**RAJEEV SADANANDAN**
Principal Secretary to Government

To

The Director of Medical Education, Thiruvananthapuram
The Director of Health Services, Thiruvananthapuram
Dr.P.G.R.Pillai, Special Officer for Setting up of Medical Colleges, `SURAMA', Doctors' Gardens, Gandhi Nagar.P.O, Kottayam- 686008
The Principal Accountant General (Audit),Kerala, Thiruvananthapuram
The Accountant General (A&E),Kerala,Thiruvananthapuram
The Finance Department (vide U.O.No.106866/H&L-B1/12/Fin dated 30.01.2013)
The Planning and Economic Affairs Department
The Health & Family Welfare (K, P) Departments
Stock File/Office Copy

Forwarded/By Order,

Section Officer

അനുബന്ധം V

Proceedings of the Director of Medical Education, Thiruvananthapuram

DME – Estt – Shifting of one Artist post from Medical College, Thiruvananthapuram to Medical College, Manjeri, Malappuram on administrative grounds - orders issued.

Read:- G.O(MS) No 30/2013/H&FWD dt 02.02.2013.

Order No.E3/30296/2011/DME Dated:30.07.2013

As per the G.O read above, Government had accorded sanction for the creation of 108 posts under various categories in the new Government Medical College at Manjeri, Malappuram. Among the 108 new posts created, the post of Artist was not included inadvertently.

The post of Artist is highly essential for the starting of MBBS Course. The Medical Council of India has already issued Letter of Permission for starting the MBBS course and the admission process is being carried out for 2013 itself.

In this context it is observed that there are two posts of Artist in Government Medical College, Thiruvananthapuram and one post is vacant since 19.01.2013. Two posts of Artist are not essentially required for the functioning of a Medical College. Since appointment for the Post of Artist is State wise appointment, shifting of post to another District is permissible.

Considering the above facts, one post of Artist in Government Medical College, Thiruvananthapuram is temporarily shifted to the new Government Medical College at Manjeri, Malappuram on administrative reasons, subject to ratification by Government.

Sd /-
Dr.V.Geetha
Director of Medical Education

To

1. The Principal Secretary to Government, Health & Family Welfare Department, Thiruvananthapuram (with covering letter).

Copy to:-

1. The Principal, Government Medical College, Thiruvananthapuram / Malappuram.
2. Records/SF/OC

Forwarded /By Order

അനുബന്ധം VI

255/13

Govt. Medical College, Manjeri

GOVERNMENT OF KERALA
ABSTRACT

Health and Family Welfare Department-Medical Education Service-Creation of a post of Administrative Officer in Govt. Medical College, Manjeri and filling up by deputation from the cadre of Joint Secretary from the Administrative Secretariat - Sanction accorded-Orders Issued

HEALTH AND FAMILY WELFARE (K) DEPARTMENT

GO(Ms)No.441/2013/H&FWD Dated, Thiruvananthapuram: 15/11/2013

Read:- Letter No.F4/12538/12/DME dated:09/07/2013 from the Director of Medical Education, Thiruvananthapuram.

ORDER

The Director of Medical Education, as per letter read above has forwarded a proposal for creation of a post of Administrative Officer in new Government Medical College, Manjeri and has remarked that the post may be filled up by deputation from the Administrative Secretariat from the cadre of Joint Secretary.

2. Government have examined the matter in detail and are pleased to accord sanction for the creation of a post of Administrative Officer in new Government Medical College, Manjeri. This post will be filled up by deputation from the Administrative Secretariat from the cadre of Joint Secretary.

3. The expenditure will be met from the head of account "2210-05-105-32-01 Non-Plan".

(By Order of the Governor)
Dr.K.Ellangovan
Secretary

To

The Director of Medical Education, Thiruvananthapuram
The Principal, Government Medical College, Manjeri.
Dr.P.G.R.Pillai, Special Officer for new Medical College, Govt. Medical College, Kottayam
The Director of Treasuries, Thiruvananthapuram
The Principal Accountant General (Audit), Kerala, Thiruvananthapuram
The Accountant General (A&E), Kerala, Thiruvananthapuram
The General Administration (SC) Department [vide item no.4465 dated 13.11.2013]
The General Administration (Special B) Department
The Finance Department [vide U.O.No.69795/H&L-B1/13/Fin dated: 13.09.2013]
The Health and Family Welfare (S) Dept.
Stock File/Office Copy.

Forwarded/By Order,

Section Officer.

17/12/13

അനുബന്ധം VII

**GOVERNMENT OF KERALA**

**Abstract**

Health & Family Welfare Department – Medical Education Services – Government Medical College, Manjeri, Malappuram – Creation of posts – Sanctioned – Orders issued.

**HEALTH & FAMILY WELFARE (S) DEPARTMENT**

**GO(MS) No. 487/2013/H&FWD Dated, Thiruvananthapuram, 17.12.2013**

Read:-(1) GO(MS)No.30/2013/H&FWD dated 02.02.2013
(2) Letter No.F4/12538/2012/DME dated 09.07.2013 and 17.07.2013 from the Director of Medical Education, Thiruvananthapuram
(3) Letter No.P2/25166/2013/DME dated 07.09.2013 and 19.10.2013 from the Director of Medical Education, Thiruvananthapuram

**ORDER**

The Director of Medical Education has furnished proposals for creation of posts for the new Government Medical College at Manjeri, Malappuram as per the letters read as 3rd and 4th papers above. Government have examined the case in detail and are pleased to create the following posts in Government Medical College, Manjeri, Malappuram.

| Sl. No | Name of Post | No. of Posts created | No. of posts to be outsourced |
|---|---|---|---|
| 1 | Professor | 10 | --- |
| 2 | Associate Professor | 2 | --- |
| 3 | Assistant Professor | 19 | --- |
| 4 | Tutor/Demonstrator | 7 | --- |
| 5 | Senior Resident/ Junior Resident | 44 | --- |
| 6 | Accounts Officer | 1 | --- |
| 7 | Lab Technician | 3 | 7 |
| 8 | Clerk | 2 | 5 |
| 9 | Lab Assistant | --- | 5 |
| 10 | Confidential Assistant | 2 | --- |
| 11 | Office Attendant | --- | 4 |
| 12 | Driver | --- | 1 |
| 13 | Social Worker | --- | 1 |

| | | | |
|---|---|---|---|
| 14 | Radiographer | 2 | 1 |
| 15 | Dental Mechanic | 1 | --- |
| 16 | Medical Records Librarian | 1 | --- |
| 17 | Library Assistant | --- | 1 |
| 18 | Dhobi | --- | 5 |
| 19 | Power Laundry Attendant | --- | 5 |
| 20 | Blood Bank Technician | --- | 2 |
| 21 | Technical Assistant Engineer | 1 | 1 |
| 22 | Junior Technical Assistant Engineer | 1 | 1 |
| 23 | Carpenter | --- | 1 |
| 24 | Mortuary Technician | 1 | --- |
| 25 | Health Educator | 1 | --- |
| 26 | Theatre Technician | 3 | --- |
| 27 | Scientific Assistant (Physiotherapist) | 1 | --- |
| 28 | Rehabilitation Technician (Orthotics) | 1 | --- |
| 29 | Rehabilitation Technician (Prosthetics) | 1 | --- |
| 30 | CSR Technician | 2 | --- |
| 31 | Veterinary Officer | These posts shall be attached to the nearby Veterinary hospital | |
| 32 | Animal Keeper | | |
| 33 | Assistant Professor (Blood Bank) | 1 | --- |
| | Total | 107 | 40 |

The Scale of Pay for the above posts will be as applicable in Medical Education Services.

By Order of the Governor
**Dr.K.ELLANGOVAN**
Secretary to Government

To

The Director of Medical Education, Thiruvananthapuram
The Director of Health Services, Thiruvananthapuram
The Principal, Government Medical College, Manjeri, Malappuram
Dr.P.G.R.Pillai, Special Officer for new Medical Colleges, Govt.Medical College, Kottayam

The Principal Accountant General (Audit/A&E), Kerala, Thiruvananthapuram
The Finance Department (vide U.O.No.96216/H&L-B1/13/Fin dated 10.12.2013)
The General Administration (SC) Department
The Planning and Economic Affairs Department
The Health & Family Welfare (B, K, P) Departments
Stock File/Office Copy

Forwarded/By Order,

Section Officer

അനുബന്ധം VIII

**GOVERNMENT OF KERALA**

**Abstract**

Health & Family Welfare Department – Medical Education Services – Government Medical College Hospital, Manjeri- Arrangements for smooth functioning - Further measures - Specified - Orders Issued

**HEALTH & FAMILY WELFARE (S) DEPARTMENT**

**GO(Rt) No. 1999/2014/H&FWD Dated, Thiruvananthapuram, 17.06.2014**

Read:- 1. GO(Rt)No.350/2014/H&FWD dated 30.01.2014
2. GO(Rt)No.885/2014/H&FWD dated 13.03.2014
3. GO(Rt)No.1545/2014/H&FWD dated 15.05.2014

**ORDER**

As per the Government Order read above, Government have issued orders to attach the General Hospital, Manjeri including the staff and equipments of the hospital with Government Medical College, Manjeri for the purposes of medical education. Also guidelines for the conduct of O.P at General Hospital, Manjeri were issued as per the Government Order read as 2nd and 3rd papers above.

2. As the process of admitting students to MBBS course at Government Medical College, Manjeri in the 2nd year is in progress Government are now pleased to issue the following guidelines for the smooth functioning of the Government Medical College Hospital, Manjeri.

i) The General Hospital, Manjeri will henceforth be known as Government Medical College Hospital, Manjeri

ii) All doctors from the Director of Health Services presently working in the General Hospital will continue to work in this hospital under deemed deputation status. Those with Post Graduate Degree/ Diploma qualification will be re-designated as Assistant Professors and Senior Residents respectively. The Assistant Surgeons will be re-designated as Junior Residents. They will be given the option of non-practicing allowance as in the case of Government Medical College Hospitals.

iii) The Principal and the Superintendents will work out composite units in all specialties, consisting of staff from the Medical College Hospitals and Director of Health Services stream so as to function as a Unit. However, doctors with more than 15 years service in the Health Services stream will function as a separate unit. Such of those doctors who are not willing to work under this composite unit are liable to be transferred out in view of the stipulations of the Medical Council of India.

iv) The Director of Health Services will obtain the willingness for deputation from those doctors with PG Degree/PG Diploma working in the General Hospital, Manjeri on working arrangement, to be deputed to Manjeri Medical College. The Director of Health Services will further obtain details from doctors having PG Degree having lien in Government Medical College, Manjeri and who are deputed to elsewhere and forward the same to Government for necessary action, posting them back to Manjeri.

v) All the staff posted from Medical Education Services and Health Services shall use all the assets of the hospitals including the Diagnostic and tools equally without anyone have priority over the other. The Superintendent will lay down the guidelines on how to use these assets.

vi) The present Superintendent of General Hospital will be the Superintendent (Administration) and Director of Medical Education will post a Superintendent with Post Graduate qualification as Superintendent (Medical). The Principal, Government Medical College, Manjeri will have the over all control of the hospital for the purpose of running the Medical College. The Superintendent (Administration) will be given an allowance of Rs.2000/- per month as applicable to the Deputy Superintendents of Government Medical Colleges in Medical Education Services.

vii) The Director of Medical Education will immediately post paramedical staff and Pharmacists against the posts created within one week. The paramedical staff will work with other staff in the College and shall be deployed by the Principal and the Superintendent and accommodate the requirements of the Medical Council of India. The Director of Medical Education will furnish proposals for creating posts of Nurses and necessary staff as required for 500 beds.

viii) For the purposes of co ordination, a Co- ordination Committee consisting of Principal, Superintendent (Medical), Superintendent (Administration) and one representative from each of the streams shall be formed to lay down guidelines to sort out day to day operations and other services in the hospitals.

ix) The Principal will take urgent steps to post Senior Residents/Junior Residents/ Tutors and Demonstrators without any further delay.

By Order of the Governor
**Dr.K.Ellangovan,**
*Secretary to Government*

To

The Director of Medical Education, Thiruvananthapuram.
The Director of Health Services, Thiruvananthapuram
The Principal, Government Medical College, Manjeri, Malappuram-676 121
Dr.P.G.R.Pillai, Special Officer, New Medical Colleges, Govt. Medical College, Kottayam
The District Medical Officer (Health),Malappuram.
The Superintendent, General Hospital, Manjeri, Malappuram
The Health & Family Welfare (A, M) Departments
Stock File/Office Copy

Forwarded/By Order,

Section Officer

4294 20/6/19

"ഭരണഭാഷ- മാതൃഭാഷ"

അനുബന്ധം IX

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -മെഡിക്കൽ വിദ്യാഭ്യാസം - സർക്കാർ മെഡിക്കൽ കോളേജ് മഞ്ചേരി - 12 അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്

**G.O.(Ms)No.81/2019/H&FWD** തീയതി,തിരുവനന്തപുരം, 15/06/2019

പരാമർശം:- മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 15/10/2018 തീയതിയിലെ എൻ.സി /16253/2016/ഡി.എം.ഇ നമ്പർ കത്ത്.

ഉത്തരവ്

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡ പ്രകാരം ആവശ്യമുള്ളതുമായ വിവിധ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡ പ്രകാരം ആവശ്യമുള്ളതുമായ 12 അനദ്ധ്യാപക തസ്തികകൾ ചുവടെ പറയും പ്രകാരം സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനദ്ധ്യാപക തസ്തികകൾ

| ക്രമ നം | തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | ആകെ തസ്തികകൾ |
|---|---|---|---|
| 1 | സീനിയർ സൂപ്രണ്ട് | 36600-79200 | 1 |
| 2 | ജൂനിയർ സൂപ്രണ്ട് | 30700-65400 | 1 |

| | | | |
|---|---|---|---|
| 3 | ക്ലാർക്ക് | 19000-43600 | 6 |
| 4 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 20000-45800 | 1 |
| 5 | മെഡിക്കൽ റെക്കോർഡ് സൂപ്രണ്ട് | 35700-75600 | 1 |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 27800-59400 | 1 |
| 7 | തീയേറ്റർ മെക്കാനിക് ഗ്രേഡ് II | 19000-43600 | 1 |
| | ആകെ | | 12 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJAN NAMDEV KHOBRAGADE**

**PRINCIPAL SECRETARY**

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) ,കേരള , തിരുവനന്തപുരം

ആരോഗ്യവും കുടുംബക്ഷേമവും ( കെ / സി ) വകുപ്പിന്

ധനകാര്യ വകുപ്പ് (നം.209773/ എച്ച്& എൽ-ബി/112/2016/ധന തീയതി 27/03/2018 പ്രകാരം )

പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നമ്പർ 3082 തീയതി 12.06.2019 )

ഇൻഫർമേഷൻ ഓഫീസർ ,വെബ് &ന്യൂ മീഡിയ ,ഐ & പി. ആർ .ഡി വകുപ്പ്

സെക്രട്ടേറിയറ്റ്, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി(S3/16/2016-ആരോഗ്യം)

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by Praveenkumar R

Date: 2019.06.15 15:10:50 IST

Reason: Approved

സെക്ഷൻ ഓഫീസർ

# അനുബന്ധം X

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) വിഭാഗത്തിൽ അധിക തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്

സ.ഉ.(കൈ) നം.34/2022/H&FWD തീയതി,തിരുവനന്തപുരം, 11-02-2022

പരാമർശം:- 24.02.2021-ലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പി2/101789/2019/മെ.വി.വ. നമ്പർ കത്ത്.

ഉത്തരവ്

പരാമർശത്തിലെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ മെഡിക്കൽ കോളേജുകൾക്കായി താഴെപ്പറയും പ്രകാരം 37,400-79,000 രൂപ ശമ്പള സ്കെയിലിൽ 24 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | തസ്തികകളുടെ എണ്ണം |
|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം | 2 |
| ആകെ | 24 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/കോട്ടയം/എറണാകുളം/ഇടുക്കി/തൃശ്ശൂർ/കോഴിക്കോട്/മഞ്ചേരി (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (09.02.2022-ലെ ഇനം നമ്പർ 544)
ധനകാര്യ വകുപ്പ് (29.09.2021, 01.10.2021 എന്നീ തീയതികളിലെ 1311726/എച്ച്.എൽ.റ്റി.-ബി1/102/2019/ധന നമ്പർ അനൗദ്യോഗിക കുറിപ്പുകൾ പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.
പകർപ്പ്- ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

**Signed by Anil Kumar.d**
**Date: 11-02-2022 14:23:11**

സെക്ഷൻ ഓഫീസർ

അനുബന്ധം XI

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആകുവ - മെഡിക്കൽ വിദ്യാഭ്യാസം - മഞ്ചേരി മെഡിക്കൽ കോളേജിലെ 4 സ്റ്റോർ കീപ്പർ തസ്തികകൾ abolish ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്

സ.ഉ.(കൈ) നം.303/2023/H&FWD തീയതി,തിരുവനന്തപുരം, 06-11-2023

---

പരാമർശം:-

1. 22/10/2001 ലെ സ.ഉ(പി)നം.1208/2001/ധനം
2. സ.ഉ.(എം.എസ്)നം.30/2013/ആ.കു.വ. തിയ്യതി 02/02/2013
3. 17/01/2013 ലെ 06/2013/ധനം നമ്പർ സർക്കുലർ
4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 04/02/2022, 20/10/2022, 22/05/2023 തിയ്യതികളിലെ കത്തുകൾ

## ഉത്തരവ്

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനായി മറ്റ് തസ്തികകൾക്കൊപ്പം 4 സ്റ്റോർ കീപ്പർ തസ്തികകളും പരാമർശം (2) ലെ ഉത്തരവ് പ്രകാരം സൃഷ്ടിക്കുകയുണ്ടായി. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ സൃഷ്ടിക്കപ്പെട്ട സ്റ്റോർ കീപ്പർ തസ്തികകളിൽ ഇതേവരെ നിയമനങ്ങളൊന്നും നടത്തിയിട്ടില്ലെന്നും പ്രസ്തുത മെഡിക്കൽ കോളേജിൽ അനുവദിക്കപ്പെട്ട 10 എൽ ഡി ക്ലർക്ക് തസ്തികകൾ നിലവിലുള്ള ജോലിഭാരം കണക്കിലെടുക്കുമ്പോൾ അപര്യാപ്തമായതിനാൽ നിലവിലുള്ള 4 സ്റ്റോർ കീപ്പർ തസ്തികകൾ എൽ ഡി ക്ലർക്ക് തസ്തികകളായി പുനർ നാമകരണം ചെയ്യണമെന്നും പരാമർശം (4) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (1) - ലെ ഉത്തരവിൽ ഒരു വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന എല്ലാ തസ്തികകളും abolish ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് .കൂടാതെ തസ്തികകൾ പുനർ നാമകരണം ചെയ്യപ്പെടുന്നത് ഭരണപരമായ ആവശ്യകതയും കൃത്യ നിർവ്വഹണത്തിലെ

അനിവാര്യതയും കണക്കിലെടുത്ത് ഒഴിച്ചു കൂടാനാവാത്ത സാഹചര്യത്തിൽ മാത്രമാണെന്നും കൂടാതെ പുനർനാമകരണം ചെയ്യുന്നത് തസ്തിക സൃഷ്ടിക്കുന്നതിന് തുല്യമാകുമെന്നും മറ്റ് വകുപ്പുകളും ഈ രീതി പിന്തുടരുന്നതിന് ഇടവരുത്താൻ കാരണമാകുമെന്നും പരാമർശം (3) ലെ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട് .കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലേക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണിച്ച് വരികയുമാണ് .ഈ സാഹചര്യത്തിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനായി പരാമർശം (2) ലെ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട 4 സ്റ്റോർ കീപ്പർ തസ്തികകൾ ഉടൻ പ്രാബല്യത്തിൽ abolish ചെയ്ത് ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) ,തിരുവനന്തപുരം

പ്രിൻസിപ്പൽ, മഞ്ചേരി മെഡിക്കൽ കോളേജ് (ഡി എം ഇ മുഖേന)

ധനകാര്യ വകുപ്പ് (07.05.2023- ലെ 236443-HLT-B1/29/2023-FIn പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ,സെക്രട്ടേറിയറ്റ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ






**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ -9) വകുപ്പ്**